# ജീവദീപ്തി

jeevadeepthi@gmail.com

*September 2025 Book 09 Volume 15*



അങ്കമാലി യൂദാപുരം

# വിശുദ്ധ യൂദാശ്ലീഹായുടെ തീർത്ഥാടന ദൈവാലയം



# തിരുനാൾ മഹോത്സവം

- **2025 ലെ തിരുനാൾ**

  ഒക്ടോബർ 26 മുതൽ 30 വരെ

- **ഊട്ടുതിരുനാൾ മഹോത്സവം**

  2025 ഒക്ടോബർ 30 വ്യാഴം

- **നവനാൾ 2025 ഒക്ടോബർ**

  17 മുതൽ 25 വരെ

- **ഒരുക്ക ആരാധന ദിനം**

  ഒക്ടോബർ 16 ന്

- **ജപമാല രാജ്ഞി തിരുനാൾ**

  ഒക്ടോബർ 15 ന്

എവർക്കും സുസ്വാഗതം.

ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി ( റെക്ടർ & വികാരി )
ഫാ. എബി ഫ്രാൻസിസ് ഡൂറോം ( സഹവികാരി)
ഫാ. മെർട്ടൻ ഡിസിൽവ ( പ്രീസ്റ്റ് ഇൻ ചാർജ്, താബോർ )
തിരുനാൾ പ്രസുദേന്തിമാർ



# വല്ലാർപാടത്തമ്മയുടെ തിരുച്ചിത്രം

എ ഡി 1524 ൽ  വല്ലാർപാടത്ത് നിലവിലുണ്ടായിരുന്ന പരിശുദ്ധാത്മാവിന്റെ നാമധേയത്തിലുള്ള ദേവാലയത്തിൽ പോർച്ചുഗീസ് മിഷനറിമാർ കൊണ്ടുവന്നു സ്ഥാപിച്ചതാണ്, ഇന്ന് വല്ലാർപാടം ബസിലിക്കയുടെ അൾത്താരയിൽ നാം കാണുന്ന കാരുണ്യ മാതാവിന്റെ (വല്ലാർപാടത്തമ്മയുടെ) തിരുച്ചിത്രം. 3 അടി 3 ഇഞ്ച് നീളവും 2 അടി 2 ഇഞ്ച് വീതിയുമുള്ള മരപ്പലകയിൽ എണ്ണച്ചായത്തിൽ വരച്ചുചേർത്തിട്ടുള്ളതാണ് പ്രസ്തുത ചിത്രം. പ്രധാനമായും ചുവപ്പും നീലയും വെള്ളയും ചായങ്ങളുപയോഗിച്ചാണ് ചിത്രം വരച്ചിരിക്കുന്നത്. ഇതിൽ മാതാവിന്റെ മുഴംകാൽ മുതൽ മുകളിലേക്കുള്ള ഭാഗങ്ങളാണ് ദൃശ്യമായിട്ടുള്ളത്. ഇടത് കൈതണ്ടയിൽ ഉണ്ണീശോയെ വഹിച്ചിരിക്കുന്നു. ചെറിയൊരു വെള്ള തൂവാല ഇടത് കയ്യിൽ പിടിച്ചിട്ടുണ്ട്. ഉണ്ണീശോയുടെ ഇടത് കയ്യിൽ വിശുദ്ധ ഗ്രന്ഥം കാണാം. വലത് കൈകൊണ്ട് അമ്മയെ നമുക്ക് കാണിച്ചു തരുന്നു. അമ്മയുടെ മുഖം ശാന്തഭാവത്തിലുള്ളതും കാരുണ്യം തുളുമ്പുന്നതുമാണ്. ധരിച്ചിരിക്കുന്നത് ലളിതമായ കടും ചുവപ്പ് നിറമുള്ള വസ്ത്രവും ശിരസുൾപ്പടെ മൂടുന്ന നീല മേലങ്കിയുമാണ്. നെറ്റിത്തടത്തിൽ നിന്നും അല്പം മുകളിലായി സ്വർണ്ണ നിറത്തിലുള്ള കുരിശും വലത് കൈത്തോളിന് അല്പം താഴെയായി ഒരു സ്വർണ്ണ നക്ഷത്രവും കാണാം. അമ്മയുടേയും ഉണ്ണിയുടേയും തലയ്ക്ക് ചുറ്റും സ്വർണ്ണപ്രഭയിലുള്ള പ്രകാശ കിരണങ്ങൾ നാനാഭാഗത്തേക്കും വീശിക്കൊണ്ടിരിക്കുന്നു. മാതാവിന്റെ കയ്യിലുള്ള തൂവാല, മക്കളായ നമ്മുടെ കണ്ണുനീരൊപ്പുവാനുള്ളതാണെന്ന് പറയപ്പെടുന്നെങ്കിലും ഗ്രീക്ക് ഐക്കൺ ചിത്രരചന പ്രകാരം, തൂവാല ദൈവമാതാവെന്ന നിലയിലുള്ള അവളുടെ അധി കാരത്തേ സൂചിപ്പിക്കുന്നു. അവൾ ധരിച്ചിരിക്കുന്ന ചുവപ്പ് വസ്ത്രം അമ്മയുടെ രക്തസാക്ഷിത്വത്തിന്റെ പ്രകടനവും, നീല മേലങ്കി, അവൾ നേടുവാനിരിക്കുന്ന സ്വർഗ്ഗീയ പ്രഭയുടെ സൂചകവുമാണ്. ശിരസിലുള്ള കുരിശ്, തന്റെ പുത്രനായ ഈശോയുടെ മഹത്വത്തിൽ അവൾ എത്രമാത്രം പങ്കു ചേരുന്നുവെന്നത് സാക്ഷ്യപ്പെടുത്തുന്നു. വലത് തോളിലെ സ്വർണ്ണ നക്ഷത്രം അവൾ സമുദ്രതാര മാണെന്ന് വിളിച്ചറിയിക്കുകയും ചെയ്യുന്നു.

എ ഡി 1752 ൽ നടന്ന ഒരു വലിയ അത്ഭുതത്തിന്റെ സാക്ഷ്യപ്പെടുത്തലാണ് ചിത്രത്തിന്റെ വലത് ഭാഗത്ത് കാണുന്ന അമ്മയും കുഞ്ഞും. ഹൈന്ദവയായ പള്ളി വീട്ടിൽ മിനാക്ഷിയും അവരുടെ കുഞ്ഞും മട്ടാഞ്ചേരി ക്ഷേത്രത്തിലേക്കുള്ള യാത്രാമധ്യേ വഞ്ചിയപകടത്തേ തുടർന്ന് കായലിന്റെ അഗാധതയിൽ നിന്നും മൂന്നുനാൾക്കുശേഷം അങ്ങുതകരമായി രക്ഷപ്പെട്ട ചരിത്രത്തിന്റെ ആലേഖനമാണത്. സംഭവശേഷം ഇന്ത്യൻ ചിത്രകാരന്മാരാൽ വരച്ചു ചേർക്കപ്പെട്ടതാണത്. അതു കൊണ്ടു തന്നെ ഒരു ഇൻഡോ-പോർച്ചുഗൽ സംയുക്ത ചിത്രകലാ സംസ്ക്കാരത്തിന്റെ  ശേഷിപ്പുമാണ് ഈ തിരുച്ചിത്രം.

# ജീവദീപ്തി
JEEVADEEPTHI


September 2025 Vol 15 Book 09



**രക്ഷാധികാരി**
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

**സഹരക്ഷാധികാരി**
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

**മാനേജിംഗ് എഡിറ്റർ**
ഫാ. യേശുദാസ് പഴമ്പിള്ളി

**പത്രാധിപർ**
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

**സഹപത്രാധിപർ**
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

**സർക്കുലേഷൻ മാനേജർമാർ**
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

**രൂപകല്പന**
ടാബി ജോർജ്ജ്

**ടൈപ്പ് സെറ്റ്**
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

**ഓഫീസ് മാനേജർ**
മാനുവൽ പൊടുത്തോർ


**പത്രാധിപസമിതി**
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



06




04


## മതസ്വാതന്ത്ര്യത്തിന് താഴിട്ടുപൂട്ടരുതേ...

മതേതരത്വവും മതസ്വാതന്ത്ര്യവും ഒരു രാജ്യത്തിന്റെ ആത്മാവാണെന്ന് ഇന്ത്യ വിശ്വസിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 'ആർട്ടിക്കിൾ 25' ഓരോ പൗരനും



## വല്ലാർപാടം മരിയൻ തീർത്ഥാടനം

പ്രത്യാശയുടെ ഈ വർഷത്തിലെ വല്ലാർപാടം മരിയൻ തീർത്ഥാടനം 2025 സെപ്തംബർ 14-ാം തീയതി



08

## അഭയംതേടി അമ്മയ്ക്കരികിലേക്ക്...

പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ബസിലിക്കാ വികാരിയും റെക്ടറുമായി 2021 മുതൽ 2024 വരെ മൂന്നുവർഷം അവിടെ





## വിമോചക നാഥ

മതബോധനം തിരുസഭയുടെ ജീവിതത്തി ലും ദൗത്യത്തിലും സുപ്രധാന പങ്ക് വഹിക്കുന്നു. മാമ്മോ

12


കാർലോ അക്യൂറ്റിസ്........................................ 14
മനസ്സ് മാറ്റിയ വിശുദ്ധൻ........................................17
അരുളിന്റെ കനിവിൽ........................................21
ഹൃദയസ്പർശിയായ സംഭവങ്ങൾ........................................24
ഒരു ക്ഷമയുടെ കഥ........................................26
കയ്പുനീരിന്റെ ദാസൻ........................................28
തിരുവോണം........................................30
സംഗീതോപാസകൻ........................................32
മറിയത്തിന്റെ ജനനം........................................35
വളർന്നു വലുതാകുവാൻ........................................36
വാർത്തകൾ........................................39
ബൈബിൾ വിചിന്തനം........................................43
പിൻമൊഴി........................................44

എഡിറ്റോറിയൽ



ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

# മതസ്വാതന്ത്ര്യത്തിന് താഴിട്ടുപൂട്ടരുതേ...



മതേതരത്വവും മതസ്വാതന്ത്ര്യവും ഒരു രാജ്യത്തിന്റെ ആത്മാവാണെന്ന് ഇന്ത്യ വിശ്വസിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 'ആർട്ടിക്കിൾ 25' ഓരോ പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അത് ആചരിക്കാനുള്ള മൗലികാവകാശം ഉറപ്പുനൽകുന്നു. ഒരു ജനാധിപത്യ രാജ്യത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഒന്നാണിത്. എന്നാൽ, സമീപകാലങ്ങളിൽ ഈ ഭരണഘടനാ തത്വങ്ങൾക്ക് വലിയ വെല്ലുവിളികൾ നേരിടുന്നു എന്ന യാഥാർത്ഥ്യം രാജ്യത്തെ വേദനിപ്പിക്കുന്ന താണ്. പ്രത്യേകിച്ച്, ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തിന് നേരെ വർധിച്ചുവരുന്ന ആക്രമണങ്ങൾ ഈ വെല്ലുവിളിയുടെ തീവ്രത വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് ഞെട്ടിക്കുന്നതാണ്. വിവിധ മനുഷ്യാവകാശ സംഘടനകളും ക്രൈസ്തവ ഫോറങ്ങളും ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ, ആധുനിക ഇന്ത്യയിലെ ക്രൈസ്തവ പീഡനങ്ങളുടെ വ്യാപ്തി, അതിന്റെ പിന്നിലെ സാമൂഹികവും രാഷ്ട്രീയവുമായ കാരണങ്ങൾ, സ്വഭാവം, സ്വാധീനം എന്നിവയെക്കുറിച്ച് ഒരു സമഗ്രമായ വിശകലനം നടത്തുന്നു. ഈ വിഷയത്തെ ഒരു വിമർശനാത്മക കാഴ്ചപ്പാടിലൂടെ സമീപിക്കുമ്പോൾ മാത്രമേ അതിന്റെ യഥാർത്ഥ കാരണം മനസ്സിലാ ക്കാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും സാധിക്കൂ.

**സ്ഥിതിവിവരക്കണക്കുകൾ: ഞെട്ടിക്കുന്ന യാഥാർത്ഥ്യങ്ങൾ**

ഇന്ത്യയിൽ ക്രൈ സ്തവർക്ക് നേരെ നടക്കുന്ന ആക്രമണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്ന യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം (UCF), പെർസിക്യൂഷൻ റിലീഫ്, ഓപ്പൺ ഡോഴ്സ് തുടങ്ങിയ സംഘടനകളുടെ കണക്കുകൾ ഈ പ്രശ്നത്തിന്റെ വ്യാപ്തി വെളിവാക്കുന്നു.

**ആക്രമണങ്ങളുടെ എണ്ണത്തിലെ വർദ്ധന:** UCFന്റെ കണക്കനുസരിച്ച്, 2014-ൽ ക്രൈസ്തവർക്കെതിരെ റിപ്പോർട്ട് ചെയ്യപ്പെട്ട ആക്രമണങ്ങളുടെ എണ്ണം 127ആയിരുന്നെങ്കിൽ, 2024-ൽ ഇത് 834 ആയി ഉയർന്നു. ഇത് ഒരു ദശാബ്ദത്തിനിടെ ആറിരട്ടിയിലധികം വർദ്ധനവാണ് കാണിക്കുന്നത്. 2025-ന്റെ ആദ്യ പകുതിയിൽ തന്നെ 378 കേസുകൾ റിപ്പോർട്ട് ചെയ്യ പ്പെട്ടത്, പ്രതിദിനം ശരാശരി രണ്ട് ആക്രമണങ്ങൾ എന്ന ഭീകരമായ നിരക്കാണ് സൂചിപ്പിക്കുന്നത്.

**പ്രധാന ലക്ഷ്യങ്ങൾ:** ഈ ആക്രമണങ്ങൾ പ്രധാനമായും ആരാധനാലയങ്ങൾ, പാസ്റ്റർമാർ, മിഷനറിമാർ, കൂടാതെ സാധാരണ വിശ്വാസികൾ എന്നിവരെയാണ് ലക്ഷ്യമിടുന്നത്. പ്രാർത്ഥനാ യോഗങ്ങൾ തടസ്സപ്പെടുത്തുക, ദേവാലയങ്ങൾ നശിപ്പിക്കുക, ശാരീരിക ആക്രമണങ്ങൾ നടത്തുക, വ്യാജ ആരോപണ ങ്ങൾ ഉന്നയിച്ച് കേസെടുപ്പി ക്കുക തുടങ്ങിയ

സംഭവങ്ങൾ വ്യാപകമായി നടക്കുന്നു.

**പ്രധാന സംസ്ഥാനങ്ങൾ:** 2024-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട ആക്രമണങ്ങളിൽ ഏറ്റവും കൂടുതൽ സംഭവങ്ങൾ നടന്നത് ഉത്തർപ്രദേശ് (209), ഛത്തീസ്ഗഢ് (165) എന്നീ സംസ്ഥാനങ്ങളിലാണ്. ഈ സംസ്ഥാനങ്ങളിലെ ക്രൈസ്തവ സമൂഹങ്ങൾ കടുത്ത ഭീഷണിയി ലാണ് ജീവിക്കുന്നത്. ഈ ആക്ര മണങ്ങളിൽ പലതും ഭരണകൂട ത്തിന്റെ മൗനാനുവാദത്തോടെയോ, ചിലപ്പോൾ സഹകരണ ത്തോടെ യോ നടക്കുന്നുണ്ടെന്ന ഗുരുതരമായ ആരോപണങ്ങൾ ഉയരുന്നുണ്ട്.

**മണിപ്പൂരിലെ പീഡനം:** 2023-ലെ മണിപ്പൂർ കലാപം ക്രൈസ്തവ പീഡനങ്ങളുടെ ഏറ്റവും ഭീകരമായ ഉദാഹരണമാണ്.
250-ൽ അധികം ക്രൈസ്തവ ദേവാലയങ്ങളാണ് നശിപ്പിക്കപ്പെട്ടത്. നൂറുകണക്കിന് ആളുകൾ കൊല്ലപ്പെടുകയും 60,000-ൽ അധികം പേർക്ക് വീടും സ്വത്തും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവരുകയും ചെയ്തു. ഇത് വംശീയവും മതപരവുമായ അതിക്രമങ്ങളുടെ ഭീകരമായ ഒരു ചിത്രം വരച്ചുകാട്ടുന്നു.

**പീഡനങ്ങളുടെ കാരണങ്ങൾ:**
***വിമർശനാത്മക വിശകലനം***

*ഇന്ത്യയിലെ ക്രൈസ്തവ പീഡനങ്ങളെ കേവലം ഒറ്റപ്പെട്ട അക്രമങ്ങളായി മാത്രം കാണാൻ സാധിക്കില്ല. അവയ്ക്ക് പിന്നിൽ ആഴത്തിലുള്ള സാമൂഹികവും രാഷ്ട്രീയവുമായ ഘടകങ്ങളുണ്ട്.*

**'നിർബന്ധിത മതപരിവർത്തനം' എന്ന വ്യാജ ആരോപണം:**
ക്രൈസ്തവർക്കെതിരെയുള്ള പീഡനങ്ങളുടെ പ്രധാന കാരണം 'നിർബന്ധിത മതപരിവർത്തനം' എന്ന ആരോപണമാണ്. ഹിന്ദു ദേശീയതയിൽ വിശ്വസിക്കുന്ന സംഘടനകൾ, ക്രൈസ്തവ മിഷനറിമാർ പാവപ്പെട്ട ഹിന്ദുക്കളെയും ആദിവാസികളെയും സ്വാധീനത്തിലൂടെയും പ്രലോഭനങ്ങളിലൂടെയും മതം മാറ്റുന്നു എന്ന് ആരോപിക്കുന്നു. എന്നാൽ, മതം മാറുന്നവരിൽ ഭൂരിഭാഗവും ദളിത്, ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള വരാണ്. നൂറ്റാണ്ടുകളായി അവർ അനുഭവിച്ചുവരുന്ന സാമൂഹിക വിവേചനത്തിൽ നിന്നും ജാതി വ്യവസ്ഥയുടെ പീഡനങ്ങളിൽ നിന്നും മോചനം നേടാൻ വേണ്ടിയാണ് അവർ ക്രിസ്തുമതം സ്വീകരിക്കുന്നത്.

**മതപരിവർത്തന നിരോധന നിയമങ്ങളുടെ ദുരുപയോഗം:**
മതപരിവർത്തന നിരോധന നിയമങ്ങൾ (Anti-Conversion Laws) പലപ്പോഴും ക്രൈസ്തവർക്കെതിരെയുള്ള ആയുധമായി ഉപയോഗിക്കപ്പെടുന്നു. 'നിർബന്ധിത മതപരിവർത്തനത്തെ' തടയാൻ എന്ന പേരിൽ കൊണ്ടുവന്ന ഈ നിയമങ്ങളിൽ, 'നിർബന്ധിത മതപരിവർത്തനം' എന്ന വാക്കിന് കൃത്യമായ നിർവചനം ഇല്ലാ ത്തത് മുതലെടുത്ത്, ഏതൊരു പ്രാർത്ഥനാ യോഗത്തെയും തടസ്സപ്പെടുത്താനും വ്യാജ കേസുകൾ ഫയൽ ചെയ്യാനും ഇത് വഴിയൊരുക്കുന്നു.

**'ഭരണകൂടത്തിന്റെ നിഷ്ക്രിയത്വം':** ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിക്കുമ്പോഴും, ഭരണകൂടം ഇതിനെ തടയുന്നതിൽ കാര്യമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന വിമർശനം വ്യാപകമാണ്. ഇത് ജനാധിപത്യത്തിനും മതേതരത്വത്തിനും മേലുള്ള വലിയ വെല്ലുവിളിയാണ്. പോലീസ്, നീതിന്യായ വ്യവസ്ഥ തുടങ്ങിയ സംവിധാനങ്ങൾ പലപ്പോഴും ഇരകൾക്ക് നീതി നൽകുന്നതിൽ പരാജയപ്പെടുന്നു.


**പുതിയ കാലഘട്ടത്തിലെ വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗം:** സമൂഹമാധ്യമങ്ങളിലൂടെ ക്രൈസ്തവർക്കെതിരെ വ്യാജ വാർത്തകളും വിദ്വേഷ പ്രചാരണങ്ങളും വ്യാപകമായി നടത്തുന്നു. ഇത് ക്രൈസ്തവ സമൂഹത്തിനെതിരെ ഭൂരിപക്ഷ വിഭാഗത്തിൽപ്പെട്ട ആളുകളുടെ മനസ്സിൽ വിദ്വേഷം വളർത്തുകയും അക്രമങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു.

**നീതിന്യായ വ്യവസ്ഥയുടെ പരാജയം:** 2024-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട 834 ആക്രമണങ്ങളിൽ 392 കേസുകളിൽ മാത്രമാണ് പോലീസ് എഫ്.ഐ.ആർ.രജിസ്റ്റർ ചെയ്തത്. ഇത് നിയമനടപടികൾ എത്രമാത്രം ദുർബലമാണെന്ന് കാണിക്കുന്നു. കേസുകൾ റിപ്പോർട്ട് ചെയ്യാൻ പോലീസ് വിസമ്മതിക്കുക, ആക്രമണങ്ങൾ നടത്തിയവർക്ക് രാഷ്ട്രീയ സംരക്ഷണം ലഭിക്കുക, നീതി വൈകുക തുടങ്ങിയ പ്രശ്നങ്ങൾ സാധാരണമാണ്.

**ജാതിവിവേചനവും ഇരകളുടെ സ്വത്വവും:** ആക്രമണങ്ങൾക്ക് ഇരയാകുന്നവരിൽ ഭൂരിഭാഗവും സമൂഹത്തിലെ ദുർബല വിഭാഗങ്ങളാണ്. 2024-ലെ കണക്കുകൾ പ്രകാരം, ആക്രമണങ്ങൾക്ക് ഇരയായവരിൽ 154 സ്ത്രീകളും, 342 ദളിതരും, 354 ആദിവാസി വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടുന്നു. ജാതിവിവേചനം നിലനിൽക്കുന്ന സമൂഹത്തിൽ മതപരിവർത്തനം നടത്തുന്നവരാണ് പലപ്പോഴും പീഡനങ്ങൾക്ക് ഇരയാകുന്നത്.

ഇന്ത്യൻ ഭരണഘടനയുടെ അന്തസ്സും ആത്മാവും ചോദ്യം ചെയ്യപ്പെടുന്ന ഒരു നിർണ്ണായക ഘട്ടത്തിലാണ് നാം ഇപ്പോൾ എത്തിനിൽക്കുന്നത്. സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് പോലെ, ക്രൈസ്തവ പീഡനങ്ങൾ എന്നത് ഒറ്റപ്പെട്ട സംഭവങ്ങളല്ല, മറിച്ച് ഒരു പ്രത്യേക പ്രത്യയ ശാസ്ത്രത്തിൽ അധിഷ്ഠിതമായ, ആസൂത്രിതമായ പ്രവർത്തനങ്ങളുടെ ഫലമാണ്. മതന്യൂന പക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ബാധ്യത ഇന്ത്യൻ ഭരണകൂടത്തിനുണ്ട്. ഈ ആക്രമണങ്ങളെ ഗൗരവമായി കാണാനും, ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കാനും സർക്കാർ തയ്യാറാവണം. ജനാധിപത്യപരമായ സംവാദങ്ങളും, നിയമവ്യവസ്ഥയുടെ നിഷ്പക്ഷമായ പ്രയോഗവും ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ അനിവാര്യമാണ്. ക്രൈസ്തവ സമൂഹത്തിനെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് ഇന്ത്യയുടെ മതേതര പാരമ്പര്യത്തിന് കളങ്കമുണ്ടാക്കും. ഈ പ്രശ്നത്തെ അഭിമുഖീകരിക്കാനും മതസൗഹാർദ്ദം വളർത്താനും സാധിച്ചില്ലെങ്കിൽ, ഇന്ത്യ ലോകത്തിന് മുന്നിൽ ഉയർത്തിപ്പിടിക്കുന്ന മതേതര മൂല്യങ്ങൾ കേവലം വാക്കുകൾ മാത്രമായി ചുരുങ്ങും. അതിനാൽ, ശക്തമായ നിയമനടപടികളും സാമൂഹിക അവബോധവും വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

# വല്ലാർപാടം മരിയൻ തീർത്ഥാടനം



**ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

**പ്രത്യാശയുടെ ഈ വർഷത്തിലെ വല്ലാർപാടം മരിയൻ തീർത്ഥാടനം 2025 സെപ്തംബർ 14-ാം തീയതി ഞായറാഴ്ച നടത്തപ്പെടുകയാണ്. ജപമാലയും കൈയിലേന്തി പ്രാർത്ഥനാനിരതരായി പരിശുദ്ധ വല്ലാർപാടത്തമ്മയുടെ സന്നിധിയിലേക്ക് പ്രത്യാശയോടെ നാം നടത്തുന്ന ഒരു തീർത്ഥാടനമാണിത്.** ജൂബിലി വർഷത്തിൽ ജൂബിലി കുരിശിന്റെ പ്രയാണം നാം ഇടവകകളിലും സ്ഥാപനങ്ങളിലും സാഘോഷം നടത്തിവരുന്നു. കാൽവരിയിലെ കുരിശിന്റെ ചുവട്ടിൽ നിന്നിരുന്ന പരിശുദ്ധ അമ്മയെ തന്റെ പ്രിയ ശിഷ്യനായ യോഹന്നാന് അമ്മയായി നൽകിയ യേശുനാഥൻ അതുവഴി അവളെ നമ്മുടെ എല്ലാവരുടെയും അമ്മയായി അവരോധിച്ചു. നമ്മുടെ കുരിശുകളുടെയും സഹനങ്ങളുടെയും സമയത്ത് പരിശുദ്ധ അമ്മ ഇപ്പോഴും നമ്മുടെ ചാരത്ത് തന്നെയുണ്ട്. കായലിൽ താണുപോയ മീനാക്ഷിയമ്മയെയും കുഞ്ഞിനെയും സംരക്ഷിച്ചതുപോലെ പരിശുദ്ധ വല്ലാർപാടത്തമ്മ നമ്മെ എല്ലാവരെയും എന്നും സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ സംരക്ഷണത്തിന് നന്ദിപറഞ്ഞുകൊണ്ടാണ് നാം വല്ലാർപാടം തീർത്ഥാടനം നടത്തുന്നത്.

തിരക്കുപിടിച്ച നമ്മുടെ ജീവിതത്തിൽ നാം പലപ്പോഴും തളർന്നുപോകാറുണ്ട്. നമ്മുടെ കണക്കുകൂട്ടലുകൾ തെറ്റിപ്പോകുമ്പോൾ, നാം തകർന്നുപോകും. സഹായിക്കാനും ഒരു ആശ്വാസവാക്കു പറയുവാനും ആരുമില്ലായെന്ന തോന്നലോടെ ഒറ്റപ്പെട്ടുപോകുന്ന അവസ്ഥ അനുഭവിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബത്‌ലെഹെം മുതൽ കാൽവരിവരെയും ഒരു തീർത്ഥാടനം പോലെ യേശുവിനെ അനുധാവനം ചെയ്ത പരിശുദ്ധ അമ്മ അവിടുത്തെ ഉത്ഥാനശേഷം തന്റെ തീർത്ഥാടനം തുടരുന്നത് മക്കളോടൊപ്പമാണ് - നമ്മോടൊപ്പമാണ് എന്ന കാര്യം നാം വിസ്മരിക്കരുത്. അതിനാൽത്തന്നെ നാം ആരും ഒറ്റയ്ക്കല്ല, നമ്മെ തന്റെ ഹൃദയത്തോട് ചേർത്തണയ്ക്കുന്ന ഒരു അമ്മ നമ്മോടൊപ്പമുണ്ട് എന്ന സത്യം നമ്മെ ശക്തിപ്പെടുത്തട്ടെ. അലിവോടെ നമ്മെ ആശ്വസിപ്പിക്കാൻ അമ്മ അരികിലുണ്ടെന്ന വസ്തുത നമുക്ക് പ്രത്യാശ പകരട്ടെ. ഈ ജൂബിലി വർഷത്തിൽ ജൂബിലി കുരിശിന്റെ പ്രയാണം നടത്തുന്ന നമുക്ക് പരിശുദ്ധ അമ്മയുടെ കൈപിടിച്ച് പ്രത്യാശയുടെ തീർത്ഥാടനവും നടത്താം.

ഈ വർഷത്തെ വല്ലാർപാടം തീർത്ഥാടനത്തിന്റെ ക്രമം ഇപ്രകാരമാണ്. 2025 സെപ്തംബർ 14-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് എറണാകുളം സെന്റ് ഫ്രാൻസിസ്



അസ്സീസി കത്തീഡ്രലിൽ നിന്നും 3.30-ന് വൈപ്പിൻ ഗോശ്രീ പാലങ്ങൾ ആരംഭിക്കുന്ന ജംഗ്ഷനിൽ നിന്നും വല്ലാർപാടം തീർത്ഥാടനം ആരംഭിക്കുന്നു. ജൂബിലി വർഷമായതിനാൽ എറണാകുളത്തു നിന്നും പതാകയോടൊപ്പം ജൂബിലി കുരിശും വൈപ്പിനിൽ നിന്നും ദീപശിഖയോടൊപ്പം ജൂബിലി ലോഗോയും തീർത്ഥാടന പദയാത്രയുടെ മുന്നിൽ സംവഹിക്കപ്പെടുന്നതാണ്. തുടർന്ന് 4.30-ന് നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്യസ്തരും അല്മായരും ഒരുമിച്ചുചേർന്ന് ഒരു കുടുംബമായി വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ സമൂഹദിവ്യബലിയർപ്പിക്കുന്നു. ദിവ്യബലി മധ്യേ കോട്ടപ്പുറം രൂപത മെത്രാൻ അഭിവന്ദ്യ അംബ്രോസ് പുത്തൻവീട്ടിൽ പിതാവ് വചനസന്ദേശം നൽകും. ദിവ്യബലിയെത്തുടർന്ന് എല്ലാവരെയും പരിശുദ്ധ വല്ലാർപാടത്തമ്മയ്ക്ക് അടിമ സമർപ്പണം ചെയ്ത് ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്. എല്ലാവർക്കും തീർത്ഥാടനത്തിൽ പങ്കെടുക്കാൻ സൗകര്യം ലഭിക്കേണ്ടതിന് നമ്മുടെ ദൈവാലയങ്ങളിൽ ഉച്ചയ്ക്കുശേഷം ദിവ്യബലിയും മറ്റു തിരുക്കർമ്മങ്ങളും, ബി.സി.സി.യോഗങ്ങൾ, വാർഷികങ്ങൾ, മറ്റുപരിപാടികൾ എന്നിവയും മാറ്റിവയ്ക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. എല്ലാവരെയും വല്ലാർപാടം തീർത്ഥാടനത്തിലേക്ക് ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ഈ അവസരത്തിൽ മറ്റൊരു സുപ്രധാന കാര്യം ഞാൻ അനുസ്മരിക്കുകയാണ്. **അതിരൂപതാ വിശ്വാസപരിശീലന കമ്മീഷന്റെയും ബി.സി.സി. ഡയറക്ടറേറ്റിന്റെയും നേതൃത്വത്തിൽ 'സുവിശേഷ ദീപങ്ങൾ' എന്ന പേരിൽ വി. മാർക്കോസിന്റെ സുവിശേഷത്തിന്റെ കൈയെഴുത്തു പ്രതി തയ്യാറാക്കിയവരുടെ മഹാസംഗമം 2025 സെപ്തംബർ 7-ാം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മണി മുതൽ 5 മണി വരെ വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ നടത്തപ്പെടുകയാണ്.** ഈ മഹത്സംരംഭത്തിന് നേതൃത്വം നൽകുന്ന അതിരൂപതാ വിശ്വാസപരിശീലന കമ്മീഷനെയും ബി.സി.സി. ഡയറക്ടറേറ്റിനെയും ഇതിൽ പങ്കാളികളാകുന്നവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദി ക്കുന്നു. 'സുവിശേഷ ദീപങ്ങൾ' എന്ന മഹാസംഗമത്തിന് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

മറ്റൊരു സന്തോഷ വാർത്ത കൂടി ഈ അവസരത്തിൽ നിങ്ങളെ ഞാൻ അറിയിക്കുകയാണ്. **2025 സെപ്തംബർ 7 ഞായറാഴ്ച പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ വാഴ്ത്തപ്പെട്ട കാർലൊ അകിറ്റസിനെ ഈ സഹസ്രാബ്ദത്തിന്റെ വിശുദ്ധനായി നാമകരണം ചെയ്യുന്ന അതേ ദിനത്തിൽതന്നെ വൈകിട്ട് 5.30 ന് നമ്മുടെ അതിരൂപതയിൽ കാക്കനാട് പള്ളിക്കരയിൽ കാർലൊ അകിറ്റസിന്റെ നാമധേയത്തിൽ നിർമ്മിതമായ പ്രഥമ ദൈവാലയം ഞാൻ ആശീർവദിക്കുന്നതാണ്.** യുവജനങ്ങൾക്ക് പ്രചോദനവും മാതൃകയും ദിവ്യകാരുണ്യഭക്തിയുടെ പ്രചാരകനുമായ കാർലൊ അകിറ്റസിന്റെ ദൈവാലയ ആശീർവാദകർമ്മത്തിലേക്കും ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**2025 സെപ്തംബർ 16 മുതൽ 24 വരെയാണ് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാൾ നടത്തപ്പെടുന്നത്. സെപ്തംബർ 30 ഒക്ടോബർ 1 തീയതികളിലായി എട്ടാമിടം തിരുനാളും നടത്തപ്പെടും. തിരുനാൾ ദിനങ്ങളിലേക്കും എല്ലാവരെയും ഞാൻ സ്വാഗതം ചെയ്യുന്നു.** പ്രത്യാശയുടെ ജൂബിലിവർഷത്തിൽ നടത്തപ്പെടുന്ന വല്ലാർപാടം തീർത്ഥാടനവും ബൈബിൾ കൺവെൻഷനും പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുനാളും ധാരാളമായ ദൈവാനുഗ്രഹങ്ങൾ നമ്മിൽ ചൊരിയട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ജൂബിലി കുരിശിനോടൊപ്പം പരിശുദ്ധ അമ്മയുടെ കൈ പിടിച്ച് പ്രത്യാശയുടെ തീർത്ഥാടനം നമുക്ക് തുടരാം. സ്നേഹനിധിയായ ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

## ചിന്താകവിത; കവിതാ ചിന്ത

### *വെള്ളദാഹം*

വയർ ഓപ്പറേഷൻ കഴിഞ്ഞ് വീട്ടിലേക്കു മടങ്ങിയ രോഗി രണ്ടാം ദിവസം സർജന്റെ മുമ്പിലെത്തി പരാതിപ്പെട്ടു; സാറേ, സർജറി കഴിഞ്ഞു വീട്ടീപ്പോയ എനിക്ക് അപ്പാവ്, ഭയങ്കര വെള്ളദാഹം വരും. അപ്പോ ഞാൻ ശകലം വെള്ളം കുടിക്കും. അപ്പത്തന്നെ വയറ് ചക്കപോലെ വീർത്തുവരും. ശ്വാസംമുട്ടല് സഹിക്കണില്ല. പിന്നേം പിന്നേം വെള്ളദാഹം.

തീയറ്ററിൽ രോഗിയെ മേശയിൽക്കിടത്തി ഡോക്ടർ വയർ ഞെക്കി ഞെക്കി പരിശോധിച്ചു. എക്സറേ എടുത്തു. റിസൾട്ടും ഫിലിമുമായി വന്ന ഡോക്ടർ അങ്ങേയറ്റം ആവേശഭരിതനായിരുന്നു. അദ്ദേഹം ആശ്വസനിശ്വാസത്തോടെ പറഞ്ഞു: മൈ ഗോഡ്! അവസാനം അതു കണ്ടുകിട്ടി! ഞാൻ എവിടെയെല്ലാം തപ്പി?

രോഗി ആകാംക്ഷാഭരിതനായി ചോദിച്ചു: എന്തു കണ്ടുകിട്ടിയ കാര്യമാ സാറു പറേണത്?

സ്പോഞ്ച്; ഓപ്പറേഷൻ ടേബിളിൽനിന്നു കാണാതെപോയ വലിയ സ്പോഞ്ച്! ഹാവൂ, സമാധാനമായി. മൈ ഗോഡ്!

യൂ ഡോഗ്! എനിക്കു പിന്നേം വരണ് വെള്ളദാഹം. വെള്ളം താടോ, വേഗം.

എന്നാറേ, ഡോക്ടർ അക്ഷോഭ്യനായി പറഞ്ഞു: തരാം, മിസ്റ്റർ. ആദ്യം ഞാൻ കുറെ വെള്ളം കുടിക്കട്ടെ. എനിക്കും ഭയങ്കര വെള്ളദാഹം!

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# അഭയംതേടി അമ്മയ്ക്കരികിലേക്ക്...




**സിബി ജോയ്**

*കേരളത്തിലെ ലൂർദ്, മലയാളക്കരയുടെ വേളാങ്കണ്ണി എന്നൊക്കെ വിശേഷണമുള്ള വല്ലാർപാടം മരിയൻ ബസിലിക്കയിലേക്ക് 'വല്ലാർപാടത്തമ്മേ' എന്ന് മനസുനിറഞ്ഞ് വിളിച്ചുകൊണ്ട് വിശ്വാസ സമൂഹം ജപമാലകൾ കൈകളിലേന്തി ഒരു കുടുംബമായി നടത്തുന്ന വിശ്വാസ തീർത്ഥയാത്രയ്ക്ക് ഈ വർഷവും നാം  ഒരുങ്ങുകയാണ്..*

*വല്ലാർപാടത്തമ്മയുടെ ദേവാലയം ദേശീയ തീർത്ഥാടന കേന്ദ്രവും ബസിലിക്കയുമായി പ്രഖ്യാപിച്ചത് മുതൽ അമ്മയുടെ ചാരെ എത്തുന്ന തീർത്ഥാടകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുകയാണ്. ഇങ്ങനെയെത്തുന്ന വിശ്വാസഗണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിൽ നടക്കുന്ന അത്ഭുത പ്രവർത്തനങ്ങൾ നേരിൽകണ്ട് അനുഭവിച്ചും ജീവിച്ച മുൻ റെക്ടർമാർ ആ അനുഭവങ്ങൾ നമ്മോട് പങ്ക് വെയ്ക്കുന്നു..*

## മീനാക്ഷിയമ്മയുടെ ഭവനം വല്ലാർപാടത്തമ്മയുടെ അത്ഭുതങ്ങളുടെ നിത്യസ്മാരകം



**ബിഷപ്
ആന്റണി വാലുങ്കൽ**

പരിശുദ്ധ വല്ലാർപാടത്തമ്മയുടെ ബസിലിക്കാ വികാരിയും റെക്ടറുമായി 2021 മുതൽ 2024 വരെ മൂന്നുവർഷം അവിടെ ശുശ്രൂഷ ചെയ്തു. അക്കാലയളവിൽ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ മദ്ധ്യസ്ഥ്യം വഴി ശാരീരികവും, ഭൗതികവും, ആദ്ധ്യാത്മികവുമായ നിരവധി അനുഗ്രഹങ്ങൾക്ക് സാക്ഷിയാകുവാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. വിവാഹശേഷം 20 വർഷം കഴിഞ്ഞ് കുഞ്ഞിനെ ലഭിച്ചതും, ബോംബെയിലുണ്ടായ ബാർജ് അപകടത്തിൽ നിന്ന് അടിമസമർപ്പണം വഴി ലഭിച്ച കൃപയാൽ രക്ഷപ്പെടുന്നതും, വലിയ കടബാദ്ധ്യതകൾ പരിഹരിക്കപ്പെടുന്നതും, കണ്ണിന്റെ കാഴ്ച തിരിച്ചു കിട്ടിയതും അവയിൽ ചിലതു മാത്രം. എന്നാൽ അവിടെവച്ച് ഞാൻ അനുഭവിച്ച വലിയ കൃപ പരിശുദ്ധ വല്ലാർപാടത്തമ്മയാൽ വഞ്ചി അപകടത്തിൽനിന്ന് രക്ഷപെട്ട മീനാക്ഷിയമ്മയുടെ തറവാട് പള്ളിക്കു തീറു ലഭിച്ചു എന്നതാണ്.

*വല്ലാർപാടത്തേറ്റം ഇമ്പമായ് വാഴുന്ന വല്ലഭമുള്ളൊരു ചെമ്പകമേ* എന്ന പാട്ട് കേൾക്കാത്ത ക്രൈസ്തവരുണ്ടാകില്ല. ഈ ഗാനത്തിൽ വിവരിക്കുന്ന മീനാക്ഷിയമ്മയുടെ അത്ഭുതം കേട്ട് കോരിത്തരിച്ച് നിന്നുപോയിട്ടുണ്ട്. 1752-ൽ നടന്ന ഈ അത്ഭുതമാണ് വല്ലാർപാടം ദൈവാലയത്തെ പ്രസിദ്ധമാക്കിയത്. വികാരിയായി ശുശ്രൂഷ ആരംഭിച്ചപ്പോൾ മീനാക്ഷിയമ്മയെക്കുറിച്ച് അന്വേഷിച്ചപ്പോൾ അവ്യക്തമായ ഉത്തരമാണ് പലരും നൽകിയത്. ഇതൊരു ഐതിഹ്യമാണെന്ന് ധരിക്കുന്നവരെയും മീനാക്ഷിയമ്മയെക്കു

റിച്ച് വലിയ ധാരണയില്ലാത്ത ജനങ്ങളെയും ഞാൻ കണ്ടിട്ടുണ്ട്. അതുകൊണ്ട് പിന്നീട് ഇതൊരു കെട്ടുകഥയായി വിവരിക്കപ്പെടാതിരിക്കാൻ അവരുടെ തറവാട് വീടും പുരയിടവും വിലയ്ക്ക് വാങ്ങാൻ ഞാൻ ആഗ്രഹിച്ചു.

ഈ ആഗ്രഹത്തോടെ ഞാൻ പ്രവർത്തനം ആരംഭിച്ചു. എനിക്ക് മുൻപ് വികാരിയായിരുന്ന ബഹു. മൈക്കിൾ തലക്കട്ടി അച്ചൻ വീട്ടുകാരുമായി ഇതെക്കുറിച്ച് ചർച്ചകൾ നടത്തിയിരുന്നുവെന്നത് ഏറെ സഹായകമായി. എന്നാൽ ആ പറമ്പിലുണ്ടായിരുന്ന സർപ്പക്കാവും വീട്ടിലേക്ക് നല്ലൊരു വഴി ഇല്ലായ്മയും കച്ചവടം മന്ദഗതിയിലാക്കി. ഈ നിയോഗം സമർപ്പിച്ച് ഞാൻ പ്രാർഥിച്ചു. അപ്പോഴാണ് പരിശുദ്ധ അമ്മയോട് തികഞ്ഞ ഭക്തിയുണ്ടായിരുന്ന മീനാക്ഷിയമ്മയുടെ 7-ാം തലമുറയിൽപെട്ട മറ്റൊരു മീനാക്ഷിയമ്മയുടെ മകൾ മണി ടീച്ചറെയും കുഞ്ഞുമകൻ ശ്രീകുമാറിനെയും പരിചയപ്പെട്ടത്. നമ്മുടെ കാര്യങ്ങൾ മനസ്സിലാക്കി സർപ്പക്കാവ് കർമ്മങ്ങൾ തുടരുന്നതിനായി മറ്റൊരു സ്ഥലത്തേക്ക് മാറ്റിവച്ചു. വഴിക്കായി മറ്റൊരാളിൽ നിന്നും വിലയ്ക്കു വാങ്ങി. അങ്ങനെ മാതാവിന്റെ അനുഗ്രഹത്താലും, കുടുംബാംഗങ്ങളുടെ ഒരേ മനസ്സോടെയുള്ള തീരുമാനത്താലും അനേകം അവകാശികൾ ഉണ്ടായിരുന്നെങ്കിലും ഇത് പള്ളിക്ക് സ്വന്തമാക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട ജെറോം അച്ചൻ ഈ ചരിത്ര സ്മൃതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ സജീവമായി നടത്തിക്കൊണ്ടിരിക്കുന്നു. ഇനി വല്ലാർപാടം പള്ളി സന്ദർശിക്കുന്ന ഏവർക്കും മീനാക്ഷിയമ്മയുടെ ചരിത്രം മറ്റാരോടും അന്വേഷിക്കാതെ നേരിൽ കാണുവാൻ വല്ലാർപാടത്തമ്മ വഴി തുറന്നു.

# പള്ളിക്കുള്ളിലെ അൽഭുത ഉറവ:



**ഫാ. തോമസ് പുളിക്കൽ**



വല്ലാർപാടം ബസിലിക്കയിൽ റെക്ടറായി സേവനം ചെയ്യാൻ സാധിച്ചത് ദൈവത്തിന്റെ വലിയ അനുഗ്രഹമായാണ് ഞാൻ കരുതുന്നത്. പരിശുദ്ധ വല്ലാർപാടത്തമ്മയുടെ മാധ്യസ്ഥ്യം തേടി അനേകായിരങ്ങളാണ് ദിനംപ്രതി അണയുന്നത്. വ്യക്തിപരമായി എനിക്കും അമ്മയുടെ അനുഗ്രഹം നിരവധി സമയങ്ങളിൽ അനുഭവിക്കാൻ സാധിച്ചിട്ടുണ്ട്. പേരും വിലാസവും ഒന്നുമറിയാത്ത തികച്ചും സാധാരണക്കാരായ എത്രയോ ആളുകളാണ് അമ്മയുടെ അത്ഭുത ശക്തിയാൽ രോഗസൗഖ്യം പ്രാപിക്കുന്നത്. ഒരനുഭവം പങ്കുവെയ്ക്കാം.

2012 ൽ വല്ലാർപാടം ബസിലിക്ക പള്ളി വികാരി ആയിരിക്കുമ്പോൾ ചങ്ങനാശ്ശേരിക്കാരായ രണ്ട് അമ്മച്ചിമാർ പള്ളിയിൽ പ്രാർത്ഥനാസഹായം ചോദിച്ചു വന്നു. ഞാനും ഫാ. മാർട്ടിൻ ഡേവിഡും അടിമ നേർച്ച നടത്തിക്കൊണ്ടിരിക്കുന്ന സമയമായിരുന്നു. വന്നവരിൽ ഒരാൾ കരഞ്ഞുകൊണ്ട് എറണാകുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ തന്റെ 12 വയസ്സുള്ള മകളുടെ വൃക്കരോഗ സർജറി കഴിഞ്ഞിട്ട് രണ്ടാഴ്ചയായിട്ടും രക്തം കലർന്ന യൂറിനാണ് പോകുന്നതെന്നും യൂറിൻ തെളിഞ്ഞു പോകാനായി പ്രാൽത്ഥിക്കണമെന്നും പറഞ്ഞു. വല്ലാർപാടത്തെ പുറകിലെ പള്ളിക്കുള്ളിൽ ഒരു കിണർ ഉണ്ടെന്നും കുപ്പിയിൽ കുറച്ചു വെള്ളം കൊണ്ടുവരാനും പറഞ്ഞു. അവർ കൊണ്ടുവന്ന വെള്ളം ഞാനും മാർട്ടിനച്ചനും കൂടി ആശീർവദിച്ച് പ്രാർത്ഥിച്ചു കൊടുത്തു.

ഈ കുപ്പിവെള്ളം വല്ലാർപാടത്തമ്മയുടെ ചിത്രത്തിനു മുമ്പിൽ വച്ച് ജപമാല ചൊല്ലിയ ശേഷം ആശുപത്രിയിൽ കൊണ്ടു

പോയി മകൾക്ക് കൊടുക്കണമെന്ന് പറഞ്ഞു. പിറ്റെ ദിവസം രവിലെ 10 മണിക്ക് ഈ രണ്ട് അമ്മച്ചിമാർ ചിരിച്ചും കരഞ്ഞുംകൊണ്ട് പള്ളിയിലേക്ക് ഓടി വരുകയായിരുന്നു.


രാവിലെ തന്നെ തന്റെ മകളുടെ യൂറിൻ തെളിഞ്ഞുവെന്നു നേഴ്സിംഗ് ക്യാബിനിൽ നിന്നും അറിയിച്ചു. കിടപ്പുരോഗികളെ കാണാൻ വന്ന ഡോക്ടർ തന്റെ മകളുടെ അത്ഭുത സംഭവം കേട്ട് ഇന്നലെ എന്തെങ്കിലും പ്രത്യേകത ഉണ്ടായോ എന്നു ചോദിച്ചപ്പോൾ ഞങ്ങൾ നടന്ന കാര്യം പറഞ്ഞു. അവർ പറഞ്ഞവസാനിച്ചപ്പോൾ എന്റെ മനസിൽ പരിശുദ്ധ അമ്മയുടെ ചിരിക്കുന്ന മുഖം തെളിഞ്ഞുവന്നു.

പള്ളിക്കുള്ളിലെ കിണറ്റിലെ വെള്ളം ഒരു അത്ഭുത ഉറവ തന്നെയാണ്. ഇക്കാര്യം അവിടെ വികാരി ആയിരുന്ന സമയത്ത് ഇത് പരസ്യമായി പള്ളിയിൽ പറഞ്ഞിട്ടുള്ളതാണ്. ഈ കിണറ്റിലെ വെള്ളത്തിന്റെ പ്രത്യേകത അറിയണമെങ്കിൽ അതേ കോമ്പൗണ്ടിൽ 50 അടി മാറി പള്ളിമേടക്കു സമീപമുള്ള കിണറ്റിലെ വെള്ളം പരിശോധിച്ചാൽ മതിയാകും. കറുത്ത നിറമുള്ള ചെളിമണമുള്ള വെള്ളം കാണാം.

വല്ലാർപാടത്തമ്മ ഇന്ന് വല്ലാർപാടത്തെ അമ്മ മാത്രമല്ല ലോകം മുഴുവനും ഉള്ളവരുടെ അമ്മയാണ്. ഇന്നത്തെ തൃശൂർ പാർലമെന്റ് അംഗവും സിനിമാ താരവുമായ സുരേഷ് ഗോപി 15 വർഷം മുമ്പ് വല്ലാർപാടം പള്ളിയിൽ വന്നപ്പോൾ അന്നത്തെ സഹവികാരിയായിരുന്ന ഫാ. ജോജി കുത്തുകാട്ട് അദ്ദേഹത്തോട് ഈ വഴി പോയപ്പോൾ കയറിയതാണോ എന്നു ചോദിച്ചപ്പോൾ, 'പോയവഴി കയറിയതല്ല. എന്റെ ഡയറിയിൽ ഇന്ന് വല്ലാർപാടത്തമ്മയുടെ അടുത്തുവരുക' എന്നതാണെന്ന് പറഞ്ഞത് ഓർമ്മ വരുന്നു.

വിശ്വാസത്തോടുകൂടി ജപമാല ചൊല്ലിക്കൊണ്ട് അമ്മയുടെ അടുത്തുവന്ന് പുത്രനായ ഈശോയുടെ അടുക്കൽ മാദ്ധ്യസ്ഥം വഹിക്കാൻ പ്രാർത്ഥിച്ചാൽ അമ്മ നമ്മുടെ പ്രാർത്ഥനകൾ ഈശോയുടെ മുമ്പാകെ സമർപ്പിച്ച് നമ്മളെ സഹായിക്കും.

# ബോട്ടിലൂടെ എത്തി, കാറിൽ തിരിച്ചു പോന്നു



**ഫാ. പോൾ തുണ്ടിയിൽ**

പരിശുദ്ധ വല്ലാർപാടത്തമ്മ ആകുലമാനസരായ ഏവരുടെയും പ്രിയപ്പെട്ട അമ്മയാണ്. വല്ലാർ പാടത്തേക്ക് അഭയം തേടിയെത്തു ന്നവരെ അമ്മ നിരാശരാക്കുന്നില്ല .

ചേരാനെല്ലൂർ സെന്റ് ജെയിംസ് വികാരിയായിരിക്കുന്ന സമയത്താണ് അഭിവന്ദ്യ ഡാനി യേൽ അച്ചാരുപറമ്പിൽ പിതാവ് എന്നെ വല്ലാർപാടത്തേക്ക് നിയോഗി ക്കുന്നത്. വൈപ്പിൻ സ്വദേശി ആയിരുന്നതുകൊണ്ട് വല്ലാർപാട ത്തെക്കുറിച്ച് അറിവുണ്ടായിരുന്നു.

വല്ലാർപാടത്ത് എത്തുന്ന തീർത്ഥാടകർക്ക് അടിസ്ഥാന സൗ കര്യങ്ങൾ ഒരുക്കണമെന്നും ചരിത്ര പരമായ വസ്തുതകൾ പുതുക്കണ മെന്നും ആഗ്രഹമുണ്ടായിരുന്നു. ദേശീയ തീർത്ഥാടന കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടിക്രമ ങ്ങൾ ആരംഭിച്ചു. അഭിവന്ദ്യ പിതാവിനെ കാണിച്ച് അനുവാദം വാങ്ങി. ഡാനിയൽ പിതാവ് കെസി ബിസിയിലും സിബിസിഐയിലും കാര്യങ്ങൾ അവതരിപ്പിച്ചു. ന്യൂഡൽഹിയിലെ വത്തിക്കാൻ നയതന്ത്ര കാര്യാലയത്തിലും അതിനുള്ള കാര്യങ്ങൾ ചടുലമായി നടന്നു. തുടർന്ന് 2004 സെപ്റ്റംബർ 12-ാം തീയതി വല്ലാർപാടം ദേവാലയത്തെ ദേശീയ തീർത്ഥാടന കേന്ദ്രമായി ഉയർത്തി. അതേസമയം തന്നെയാണ് ഗോശ്രീ പാലങ്ങൾ പണിപൂർത്തി യാക്കുന്നത്. അതോടെ നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തീർത്ഥാടകർ എത്താൻ തുടങ്ങി. പിന്നീട് ദേവാലയത്തെ ബസിലിക്കയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഒരുപാട് കാലതാമസം ഉണ്ടാകുന്ന കാര്യങ്ങളാണ് ഇതെന്ന് ഡാനിയേൽ പിതാവ് പറഞ്ഞു. എന്നാലും, നമുക്ക് പരിശ്രമിക്കാം തമ്പുരാൻ തീരുമാനിക്കട്ടെ എന്നായി രുന്നു പിതാവിന്റെ പ്രതികരണം. നടപടിക്രമങ്ങൾ ആരംഭിച്ച് എട്ടു മാസത്തിനകം തന്നെ വല്ലാർപാടം ദേവാലയത്തെ ബസിലിക്കയായി ഉയർത്തുന്നതിനുള്ള അനുവാദം അറിയിച്ചുകൊണ്ടുള്ള കത്ത് പിതാവിന് ലഭിച്ചു. 2004 ഡിസംബർ ഒന്നിന് ബസിലിക്ക പ്രഖ്യാപനം നടത്തി.

ബസിലിക്കയുടെ മുന്നിലുള്ള റോഡിന്റെ കാര്യം അത്ഭുതത്തോടെ മാത്രമേ ഓർത്തെടുക്കാൻ സാധിക്കൂ. അന്ന് പള്ളിയുടെ പുറകിലൂടെ മാത്രമേ വഴി ഉണ്ടായിരുന്നുള്ളൂ. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്ക് ശിലാസ്ഥാപനം നിർവഹിക്കാൻ അന്നത്തെ പ്രധാന മന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗ് എത്തുമ്പോൾ വല്ലാർപാടം ദേവാലയം സന്ദർശിക്കുമെന്ന് പത്രത്തിൽ വാർത്ത വന്നു. തുടർന്ന് അന്ന് ജില്ലാ കളക്ടർ ആയിരുന്ന ഡോ. മുഹമ്മദ്ഹനീഷും പോർട്ട് ട്രസ്റ്റ് ചെയർമാൻ ജേക്കബ് തോമ സും പള്ളിയിലെത്തി. സുരക്ഷാ സജീകരണങ്ങൾ കണക്കിലെടുത്ത് പുറകിലെ വഴിയിലൂടെ പ്രധാനമ ന്ത്രിക്ക് വരാനുള്ള ബുദ്ധിമുട്ട് കളക്ടർ ചൂണ്ടിക്കാട്ടി. അങ്ങനെ ഉദ്യോഗതലത്തിലും ഭരണതല ത്തിലും നിരവധി കൂടിക്കാഴ്ചകൾ വളരെ അടിയന്തരമായി നടത്തി. പരിശുദ്ധ അമ്മയോട് ഞാൻ മുട്ടി പ്പായി പ്രാർത്ഥിച്ചു. അമ്മ എന്തെ ങ്കിലും വഴി തുറന്നു തരുമെന്ന് എനിക്കുറപ്പായിരുന്നു. ഒട്ടേറെ പ്രതിസന്ധികൾ നേരിട്ടെങ്കിലും പോർട്ട് ട്രസ്റ്റിന്റെയും ജില്ലാ ഭരണ കൂടത്തിന്റെയും തീരുമാനപ്രകാരം പള്ളിയുടെ മുന്നിൽ 30 അടി വീതിയിൽ ഒരു ടാർ റോഡ് നിർമ്മിക്കാൻ തീരുമാനമായി.

സർക്കാർ അതിന്റെ ചിലവ് വഹിക്കും. ആറു ദിവസം കൊണ്ടാണ് ഇപ്പോൾ കാണുന്ന റോഡ് നിർമ്മിച്ചത്. രാത്രിയും പകലും ഉറക്കമില്ലാത്ത ദിവസങ്ങൾ ആയിരുന്നു. ലോറികളുടെയും ജെസിബികളുടെയും വരവും പോക്കും കാണാൻ നിരവധിയായ ആളുകളും അവിടെ ഒരുമിച്ചു കൂടുമായിരുന്നു. അവസാനം വളരെ സുന്ദരവും മനോഹരമായ ഒരു വഴി ദേവാലയത്തിന് മുന്നിൽ പ്രധാന റോഡിനോട് ചേർന്ന് രൂപപ്പെട്ടു. സാങ്കേതിക കാരണങ്ങളാൽ പ്രധാനമന്ത്രിക്ക് അന്ന് ദേവാലയത്തിൽ സന്ദർശനം നടത്താൻ സാധിച്ചില്ലെങ്കിലും പരിശുദ്ധ അമ്മയുടെ വലിയ ഇടപെടലുകൾ കൊണ്ടുമാത്രമാണ് ഇന്ന് തീർത്ഥാടകർക്ക് വളരെയേറെ ഉപകാരപ്രദമായ ഒരു റോഡ് അവിടെ നിർമ്മിക്കാൻ സാധിച്ചത്.

അങ്ങനെ നിരവധിയായുള്ള അനുഗ്രഹത്തിന്റെ നേർസാക്ഷ്യങ്ങൾ വല്ലാർപാടത്തമ്മയുടെ ചാരെ നിന്നും അനുഭവിക്കാൻ ഇടവന്നിട്ടുണ്ട്. **ബസിലിക്ക പ്രഖ്യാപന സമയത്ത് അന്തരീക്ഷം മേഘാവൃതമായി. ഇപ്പോൾ മഴപെയ്യും എന്നുള്ള സാഹചര്യം. പിതാവിനെ വിളിച്ചുകാര്യം പറഞ്ഞു. അമ്മയുടെ പരിപാടി വെള്ളത്തിലാക്കുവാൻ മകൻ ആഗ്രഹിക്കുമോ എന്നായിരുന്നു പിതാവ് ചോദിച്ചത്. ഒരു തുള്ളി വെള്ളം പോലും അന്ന് വീണില്ല. പരിപാടി ഭംഗിയായി നടന്നു.**

തേക്കിൻ കഴയുടെ പഴകിയ കൊടിമരം മാറ്റി 102 അടിയുള്ള സ്റ്റീൽ കൊടിമരം സ്ഥാപിച്ചതും ദേവാലയത്തിന് മുന്നിൽ ചതുപ്പു നിലം നികത്തി വളരെ മനോഹരമായ റോസറി പാർക്ക് നിർമ്മിച്ചതും ദൈവത്തിന്റെ അനന്തമായ പദ്ധതിയുടെ ഭാഗമായാണ്. അക്കരെ നിന്നും ജങ്കാറിൽ ലോറി കയറ്റി മണ്ണുകൊണ്ടുവന്ന് നികത്തിയാണ് റോസറി പാർക്ക് നിർമ്മിച്ചത്. അതൊക്കെ ഇപ്പോൾ ഓർക്കു മ്പോൾഒരുപാട് സന്തോഷം തോന്നുന്നു.

അതുപോലെ വല്ലാർപാടം തിരുനാളിന് ഉയർത്താനുള്ള പതാക വല്ലാർപാടത്തമ്മയുടെ ചിത്രം ചേർത്ത് നിർമ്മിച്ചതും ആ സമയത്താണ് തന്നെയാണ്. വല്ലാർപാടത്തമ്മയുടെ തിരുച്ചിത്രം നശിഞ്ഞു പോകാതെ പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ നടത്തിയതും അക്കാലത്ത് തന്നെയാണ്. അന്ന് മന്ത്രിയായിരുന്ന കെ.വി. തോമസ് ഇക്കാര്യത്തിൽ സഹായിച്ചിരുന്നു.

ചേരാനെല്ലൂർ സെന്റ് ജെയിംസ് ഇടവകയിൽ നിന്നും ബോട്ടിലൂടെയാണ് ഞാൻ വല്ലാർപാടത്ത് എത്തിയതെങ്കിലും കാലാവധി പൂർത്തിയാക്കി തിരിച്ചുപോകുമ്പോൾ ഗോശ്രീ പാലങ്ങളുടെ പണി പൂർത്തിയായതുകൊണ്ട് കാറിൽ യാത്ര ചെയ്യാനായി എന്നതും നല്ല ഓർമ്മയായി ഇന്നും അവശേഷിക്കുന്നു.



# പൊന്നോണം



**പ്രേമ സിറിൾ**

*വർഷങ്ങളേറെ കഴിഞ്ഞതാ കേൾക്കുന്നു,*
*അകത്തളം ഉണർന്നിടും കനകച്ചിലങ്ക തൻ മണിനാദം.*
*'പേരക്കുട്ടി തൻ ആദ്യത്തെ ഓണമാ',*
*പൂക്കളം ഒരുക്കുവാനോടുന്നു മുത്തശ്ശി.*
*അമ്മിണീ, സദ്യവട്ടങ്ങൾക്കൊന്നുമേ*
*കുറവൊന്നും പാടില്ല, മുത്തശ്ശി ചൊല്ലുന്നു.*
*വിഭവങ്ങളേറെ ഒരുക്കണം പിന്നെയോ,*
*പട്ടു ചേലയൊന്നെന്റെ കുഞ്ഞിനായി വാങ്ങണം.*
*മുറ്റത്തെ മാവിലായ് ഊഞ്ഞാലുകെട്ടുവാൻ*
*കൊച്ചച്ചൻ വേഗത്തിൽ തയ്യാറെടുക്കുന്നു.*
*കാലുവേദനയെന്നോതി കസേരയിൽ ചടഞ്ഞിടും*
*മുത്തശ്ശനിന്നിതാ നിറുത്താതെ ഓടുന്നു.*
*'മ്യാവൂ' വിളിച്ചെന്റെ കുഞ്ഞിനെയുണർത്തല്ലേ,*
*മുത്തശ്ശൻ പൂച്ചയെ ശാസിച്ചു മെല്ലെയായ്..*
*പത്തുവർഷങ്ങൾക്കിപ്പുറം*
*നാഥാ,നീയേകിയ*
*തങ്കക്കുടമല്ലോ ഇന്നെന്റെ പൊന്നോണം.*

# വിമോചക നാഥ



ഫാ. ഷൈജു തോപ്പിൽ



ആധുനിക കാലഘട്ടത്തിൽ മനുഷ്യജീവിതം പലവിധ ബന്ധങ്ങളുടെ പിടിയിലാണ്. രാസലഹരിയും വിനോദോപാധികളും മാത്രമല്ല ഏറ്റവും ഉപകാരപ്രദമായ മൊബൈൽ ഫോൺപോലും അടിമത്തത്തിന് കാരണമാകുന്നു എന്നുള്ളതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ വലിയ വെല്ലുവിളി. പന്ത്രണ്ടാം  നൂറ്റാണ്ടിൽ ശാരീരികവും മാനസികവുമായ അടിമത്തം വലിയ ഒരു പ്രശ്നമായിരുന്ന സമയത്താണ് ബന്ധ വിമോചക നാഥയുടെ സഖ്യങ്ങൾ വിശുദ്ധ പീറ്റർ നൊളാസ്കോയുടെ നേതൃത്വത്തിൽ ആരംഭിച്ചത്. വല്ലാർപാടത്ത് വാഴുന്ന ബന്ധ വിമോചക നാഥ അതുകൊണ്ടു തന്നെ ഇന്നും ശ്രദ്ധ ആകർഷിക്കുന്നു.

വല്ലാർപാടത്തമ്മയുടെ ദൈവാലയം കൊച്ചിക്കായലിലെ ഒരു ദ്വീപിലാണ്. ചുറ്റുമുള്ള കായലിലൂടെ ചെറുതും വലുതുമായ ജലയാനങ്ങളിൽ അനേകം പേർ യാത്ര ചെയ്യുന്നു. ആഴമേറിയതും വിസ്തൃതവുമായ ഈ കായലിൽ അപകടസാധ്യതയും ഏറുമല്ലോ. ഇത്തരമൊരവസ്ഥയിൽ വല്ലാർപാടത്തമ്മയുടെ മാധ്യസ്ഥ്യം കൂടുതലായി അപേക്ഷിക്കുന്നവരും ജലയാത്രികരാണ്. അതിനാലാണ് ജലയാത്രികരുടെ മദ്ധ്യസ്ഥയായി വല്ലാർപാടത്തമ്മ വണങ്ങപ്പെട്ടു വരുന്നത്. മത്സ്യത്തൊഴിലാളികൾ തങ്ങളുടെ വഞ്ചിയും വലയുമെല്ലാം വല്ലാർപാടം ബസിലിക്കയിൽ കൊണ്ടുവന്ന് ആശീർവദിച്ചിട്ടേ മത്സ്യബന്ധനത്തിനിറങ്ങാറുള്ളൂ. കേരളത്തിലെയും ദക്ഷിണ തമിഴ്നാട്ടിലെയും ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും വർഷത്തിലൊരിക്കലെങ്കിലും വല്ലാർപാടത്തമ്മയുടെ മദ്ധ്യസ്ഥ്യത തേടിവരാറുണ്ട്. ഗോശ്രീ പാലങ്ങളുടെ പൂർത്തീകരണത്തോടെ കരവാഹനങ്ങൾ വല്ലാർപാടത്തു കൊണ്ടുവന്ന് വെഞ്ചരിപ്പിച്ചാൽ വല്ലാർപാടത്തമ്മയുടെ പ്രത്യേക സംരക്ഷണം ഉണ്ടാകും എന്ന വിശ്വാസം വളരെ ദൃഢമാണ്. വിദേശങ്ങളിലേക്ക് യാത്ര ചെയ്യുന്നവർ യാത്രയ്ക്കു മുന്നോടിയായി അമ്മയുടെ സന്നിധിയിലണയുന്നു. യാത്രയുടെ അപകടങ്ങളിൽനിന്ന് അമ്മ അവരെ സംരക്ഷിക്കുകയും ചെയ്യുന്നു.

കുഞ്ഞുമക്കളുടെ സംരക്ഷകയായും വിദ്യാദായിനിയായും പരിശുദ്ധ വല്ലാർപാടത്തമ്മ പ്രശോഭിക്കുന്നു. വളരെ ദൂരെ നിന്നുപോലും തങ്ങളുടെ പിഞ്ചോമനകളെയും കൊണ്ട് വല്ലാർപാടത്തമ്മയ്ക്ക് അടിമ സമർപ്പിക്കാനെത്തുന്ന മാതാപിതാക്കൾ അനേകരാണ്. തങ്ങളുടെ മക്കൾക്ക് ശരിയായ ശാരീരിക വളർച്ചയും മാനസിക പക്വതയും ധാർമ്മിക സ്വഭാവശുദ്ധിയും ആദ്ധ്യാത്മിക വിശുദ്ധിയും ലഭിച്ചത് വല്ലാർപാടത്തമ്മയ്ക്ക് അടിമ സമർപ്പിച്ചതിന്റെ ഫലമാണെന്ന് അനുഭവസ്ഥരായ മാതാപിതാക്കൾ പറയുന്നു. സുഖപ്രസവത്തിനായി ഗർഭിണികളും ധാരാളമായി ഇവിടെവന്ന് പ്രാർത്ഥിക്കുന്നു. ഗർഭിണികളുടെ പ്രയാസങ്ങളും വേദനകളും മാത്രമല്ല ആവശ്യമുള്ള ശുശ്രൂഷകളെല്ലാം നന്നായറിയുന്ന പരിശുദ്ധ മറിയം അവരേയും ഗർഭസ്ഥരേയും സംരക്ഷിക്കുക മാത്രമല്ല സുഖപ്രസവം നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നു. വിവാഹം കഴിഞ്ഞ് വർഷങ്ങളേറെ ആയിട്ടും സന്താന സൗഭാഗ്യം പ്രാപിച്ചിട്ടില്ലാത്ത ദമ്പതികൾ അമ്മയുടെ സന്നിധിയിൽ ഒരുമിച്ച് പ്രാർത്ഥിക്കാനണയുന്നു. ആധുനിക വൈദ്യശാസ്ത്രം അസാധ്യമെന്നു വിധിയെഴുതിയ കാര്യങ്ങൾപോലും വല്ലാർപാടത്തമ്മയുടെ ശക്തമായ മാദ്ധ്യസ്ഥ്യത്താൽ സാധ്യമാകുന്നു. വിവാഹപ്രായമെത്തിയ യുവതീയുവാക്കന്മാരും മാതാപിതാക്കളും തങ്ങളുടെ ജീവിതത്തിൽ ദൈവമാതാവിന്റെ കടാക്ഷം കാംക്ഷിച്ച് ഇവിടെ അണയുന്നു. വല്ലാർപാടത്തമ്മ ആവശ്യങ്ങൾ കണ്ടറിഞ്ഞ് അവരെ അനുഗ്രഹിക്കുന്നു.

ദിവ്യവൈദ്യനായ യേശുവിൽ നിന്ന് സൗഖ്യദായകശക്തി ഒഴുകിയെത്തുന്ന ദിവ്യ നീർച്ചാലാണ് മറിയം. രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ അമ്മയുടെ സന്നിധിയിൽ അണഞ്ഞ്, സമർപ്പിച്ചു പ്രാർഥിക്കുമ്പോൾ രോഗശാന്തി ലഭിക്കുന്നു. മാറാരോഗികൾ "ഇതാ കർത്താവിന്റെ ദാസി, അങ്ങയുടെ ഹിതം എന്നിൽ ഭവിക്കട്ടെ" എന്ന അമ്മയുടെ മനോഭാവം സ്വായത്തമാക്കുന്നു. അങ്ങനെ അവർ ആന്തരിക സൗഖ്യം പ്രാപിക്കുന്നു. അനുദിന ജീവിതത്തിൽ കുറ്റബോധത്തിന്റെയും ദുഃഖങ്ങളുടെയും തീരാക്ക

യത്തിൽ ആണ്ടുപോകുന്നവർക്ക് രക്ഷാസങ്കേതവും ആശ്വാസവുമാണ് വല്ലാർപാടത്തമ്മ. അമ്മയുടെ സന്നിധിയിലണയുമ്പോൾ ചെയ്തുപോയ തെറ്റുകൾ ഏറ്റുപറഞ്ഞ് ദൈവവുമായും സഹോദരങ്ങളുമായും രമ്യതപ്പെടാനുള്ള ഹൃദയത്തിന്റെ പ്രകമ്പനങ്ങൾ ശക്തമാകുന്നു. കുമ്പസാര കൂദാശയിലൂടെ അനേകരുടെ ജീവിതത്തിൽ ഒരു പുനർജനനം ഇവിടെ സാധ്യമാകുന്നു. അമ്മയുടെ വാത്സല്യം നിറഞ്ഞ മുഖത്ത് ദൃഷ്ടിയൂന്നിയിരിക്കുമ്പോൾ നമ്മുടെ ആകുലതകൾ അമ്മ ഏറ്റെടുക്കുന്നതുപോലുള്ള അനുഭവങ്ങൾ നിരവധി പേരുടെ ജീവിത്തിലുണ്ടായിട്ടുണ്ട്.

ഈവിധ കൃപകൾക്കെല്ലാം നന്ദിയായി ഭക്തജനങ്ങൾ വളരെയേറെ നേർച്ചകാഴ്ചകൾ വഴിപാടുകൾ എന്നിവ ബസിലിക്കയിൽ ചെയ്തുവരുന്നു. **അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അടിമ നേർച്ചയാണ്. 1752-ൽ മീനാക്ഷിയമ്മയും കുഞ്ഞും കായലിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടതിനു പ്രതിനന്ദിയായി സ്വയം തങ്ങളെത്തന്നെ മാതാവിന്റെ ദാസിയും ദാസനുമായി സമർപ്പിച്ചു, അതനുസരിച്ച് ജീവിച്ചു. അടിമസമർപ്പണം നടക്കാത്ത ഒറ്റദിവസംപോലും വല്ലാർപാടം ബസിലിക്കയിൽ ഉണ്ടായിട്ടില്ല.** കോരിച്ചൊഴിയുന്ന മഴയത്തും കത്തിക്കാളുന്ന വെയിലത്തും വിദൂരസ്ഥർപോലും ഇവിടെ എത്തിച്ചേരുന്നു. അടിമസമർപ്പിക്കാനുള്ളവർ വൈദികരുടെ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്നു. വൈദികർ അർത്ഥിയുടെ തലയിൽ കൈവച്ച് അവരുടെ ജീവിത സമർപ്പണത്തെ ദൈവത്തിന് സമർപ്പിക്കുന്നു. തീർത്ഥം തളിച്ച് അവരെ വല്ലാർപാടത്തമ്മയുടെ ദാസൻ/ദാസിയായി സ്ഥിരീകരിച്ചനുഗ്രഹിക്കുന്നു.

വല്ലാർപാടത്തമ്മയ്ക്ക് അടിമ സമർപ്പണം ധനവാനും ദരിദ്രനും ഒരുപോലെ ചെയ്യുന്ന ഒരു ഭക്തകൃത്യമാണ്. എന്നാൽ ഇന്ന് അതിന്റെ പൂർണ്ണതയിൽ വളരെ കുറച്ചുപേരേ ഈ നേർച്ച കഴിക്കാറുള്ളൂ. ഒരുപക്ഷേ, ഇതിനു യോജിച്ച മനോഭാവങ്ങളെക്കുറിച്ചുള്ള അജ്ഞതയാകാം കാരണം. വല്ലാർപാടത്തമ്മയ്ക്ക് അടിമ സമർപ്പിക്കുന്നവർക്ക് അവശ്യം വേണ്ട മനോഭാവങ്ങൾ പൂർണ്ണ സമർപ്പണവും, അമ്മയെ അടുത്തനുകരിക്കാൻ സന്നദ്ധതയും, അചഞ്ചലമായ വിശ്വാസവുമാണ്. സമർപ്പണം ചെയ്യാൻ ആഗ്രഹിക്കുന്ന വ്യക്തി നന്ദിയാലും സ്നേഹത്താലും പ്രേരിതനായി വേണം ഇത് ചെയ്യാൻ. എല്ലാവരും ചെയ്യുന്നുണ്ടല്ലോ, എന്നാൽ ഞാനും ചെയ്തേക്കാം, ഇതും ഇരിക്കട്ടെ എന്നീ മനോഭാവങ്ങളോടെ ഒരിക്കലും അടിമസമർപ്പണം ചെയ്തുകൂടാ. പരിശുദ്ധ അമ്മയ്ക്കുണ്ടായിരുന്ന മനോഭാവങ്ങൾ തന്നെയാവണം നമ്മെ ഇതിലേക്കു നയിക്കാൻ.

**വല്ലാർപാടത്തമ്മയുടെ അടിമകളായി സ്വയം സമർപ്പിച്ച മീനാക്ഷിയമ്മയും കുഞ്ഞും പള്ളിയും പരിസരവും ചൂലുകൊണ്ടടിച്ച് വൃത്തിയായി സൂക്ഷിച്ചിരുന്നു. ഇന്നും വിദൂരങ്ങളിൽ നിന്നുപോലും വരുന്ന ഭക്തർ അടിമസമർപ്പണത്തിനു ശേഷം, തങ്ങൾ കൊണ്ടുവരുന്ന ചൂല് ഉപയോഗിച്ച് പള്ളിയും പരിസരവും അടിച്ച് വൃത്തിയാക്കുന്നു.** ആത്മീയവും ഭൗതികവുമായ ജീവിതത്തിൽ നിന്ന് മാലിന്യങ്ങൾ നീക്കിത്തരണമേ എന്ന പ്രാർത്ഥനയോടെയാണ് ഈ നേർച്ച നടത്തുക മീനാക്ഷിയമ്മ തന്റെ മകന് ഒരു വയസ്സ് പൂർത്തിയാകയാൽ ചോറൂട്ടിനായി മട്ടാഞ്ചേരിയിലേക്കു പോകുംവഴിയാണ് അപകടത്തിൽ പെട്ടതും അത്ഭുതകരമായി രക്ഷിക്കപ്പെട്ടതും. വല്ലാർപാടത്തമ്മയുടെ തിരുനടയിലാണ് പിന്നീട് കുഞ്ഞിന്റെ ചോറൂണു നടത്തിയത്. ഇന്നും അനേകം ദമ്പതികൾ തങ്ങളുടെ പിഞ്ചോമനകൾക്ക് ആദ്യ ഖരഭക്ഷണം നൽകാൻ, ചോറൂണു നടത്താൻ വല്ലാർപാടത്തമ്മയുടെ തിരുനടയിൽ എത്തുന്നു. മാതാപിതാക്കൾ കൊണ്ടുവരുന്ന ചോറ് വൈദികർ ആശീർവദിച്ചതിനുശേഷം വല്ലാർപാടത്തമ്മയുടെ തിരുനടയിൽ വച്ച് കുഞ്ഞിന് നൽകുന്നു. ഈ വഴിപാട് രണ്ടാം ശനിയാഴ്ചയാണ് കൂടുതലായി നടത്തപ്പെടുന്നത്.

ദിവ്യജ്ഞാനത്തിന്റെ സിംഹാസനമായ പരിശുദ്ധ മറിയത്തിന്റെ തിരുനട കുഞ്ഞുമക്കളുടെ വിദ്യാരംഭത്തിന്റെ കേന്ദ്രം കൂടിയാണ്. ദിവ്യബലിക്കുശേഷം വൈദികശ്രേഷ്ഠർ കുഞ്ഞുങ്ങളുടെ നാവിൽ കുരിശ് വരച്ചുകൊണ്ട് വിദ്യാരംഭം കുറിക്കുന്നു. തുടർന്ന് അവരുടെ വിരൽകൊണ്ട് അരിയിൽ ആദ്യാക്ഷരം കുറിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വല്ലാർപാടത്തമ്മയുടെ നടയിൽ കുഞ്ഞുങ്ങളുടെ വിദ്യാരംഭം നടത്തുക മാതാപിതാക്കൾക്ക് ഏറ്റവും ആഹ്ലാദ ദായകമാണ്.

വല്ലാർപാടത്തെത്തുന്ന ഏവരുടേയും മനസ്സിനെ ദൈവസാന്നിധ്യത്തിന്റെ പ്രാർത്ഥനയുടെ അനുഭവത്തിലേക്ക് ഉയർത്തുന്ന ആദ്യഘട്ടകം ജപമാല ഉദ്യാനമാണ്. മഹത്വത്തിന്റേയും സന്തോഷത്തിന്റേയും കവാടങ്ങളിലൂടെ പ്രവേശിച്ചാൽ ജപമാല ഉദ്യാനത്തിൽ നാം എത്തി. അതിവിശാലമായ ഈ അങ്കണത്തിൽ ജപമാലയും കൈകളിലേന്തി പരിശുദ്ധ അമ്മയോടൊപ്പം മനുഷ്യാവതാര രഹസ്യത്തിലെ സുപ്രധാന അവസരങ്ങളുടെ-ജപമാല രഹസ്യങ്ങളുടെ-ദൃശ്യാവതരണം ദർശിച്ച് പ്രാർത്ഥനാനിമഗ്നരായി ഭക്തജനങ്ങൾ വല്ലാർപാടത്തമ്മയുടെ സവിധത്തിലണയുന്നു. **എല്ലാമാസത്തിന്റേയും ആദ്യ ഞായറാഴ്ച വൈകിട്ട് 5.30 നുള്ള ദിവ്യബലിക്ക് ശേഷം ഭക്തജനങ്ങൾ ജപമാല ആലപിച്ചുകൊണ്ട് ഈ ഉദ്യാനത്തിൽ തിരിയും കത്തിച്ചുപിടിച്ച് പ്രദക്ഷിണം നടത്തുന്നു.** ഇത്തരം ഭക്തകൃത്യങ്ങൾക്കു പുറമേ വിശ്വാസികൾക്ക് അനുരഞ്ജന കൂദാശ (കുമ്പസാരം) സ്വീകരിക്കാനുള്ള സൗകര്യവും ഉണ്ട്. അടുത്തുനിന്നും അകലെ നിന്നും ജീവിതദുഃഖങ്ങളുമായി വല്ലാർപാടത്തമ്മയുടെ സന്നിധിയിലണയുന്ന വിശ്വാസികൾ തങ്ങളുടെ പാപങ്ങളുടെ ഭാരം ഇറക്കിവച്ച് ദൈവത്തിന്റെ അനന്തമായ ക്ഷമയും സ്നേഹവും അനുഭവിച്ച് സന്തോഷത്തോടെ വല്ലാർപാടത്തമ്മയുടെ അനുഗ്രഹ മാധുരിയും നുണഞ്ഞ് തിരികെപ്പോകുന്നു.

# കാർലോ അക്യുറ്റിസ്
## ദിവ്യകാരുണ്യത്തിന്റെ ഡിജിറ്റൽ മിഷണറി



**ഡോ. സ്റ്റീഫൻ ആലത്തറ**

ദിനംപ്രതി പരിശുദ്ധ കുർബാനയിൽ പങ്കെടുത്ത്, ദിവ്യകാരുണ്യത്തെ സ്വർഗത്തിലേക്കുള്ള ഹൈവേ എന്ന് വിശേഷിപ്പിച്ച കാർലോ അക്യുറ്റിസിനെ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പ 2025 സെപ്റ്റംബർ 7 ന് വിശുദ്ധനായി പ്രഖ്യാപിക്കും. 2025 ഏപ്രിലിൽ കാർലോ അക്യുറ്റിസിന്റെ വിശുദ്ധ പദവി പ്രഖ്യാപനം നിശ്ചയിച്ചിരുന്നെങ്കിലും ഫ്രാൻസിസ് പാപ്പായുടെ നിര്യാണത്തെ തുടർന്ന് മാറ്റിവെക്കുകയായിരുന്നു.

2020 ഒക്ടോബർ 20-ന് ഫ്രാൻസിസ് പാപ്പ അദ്ദേഹത്തെ ഇറ്റലിയിലെ അസീസിയിൽവെച്ച് അൾത്താര വണക്കത്തിന് അർഹമായ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് ഔദ്യോഗികമായി ഉൾപ്പെടുത്തിയിരുന്നു. 2006 ഒക്ടോബർ 12-ന് കാർലോ ഈ ലോകത്തുനിന്ന് വിടവാങ്ങുമ്പോൾ, തന്റെ ആഗ്രഹപ്രകാരം അസീസിയിലായിരുന്നു സംസ്കാരം. 2013-ൽ ഇറ്റലിയിലെ ലോംബാർഡിയൻ ബിഷപ്സ് കോൺഫറൻസ് കാർലോയെ വാഴ്ത്തപ്പെട്ടവരുടെ നിരയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രക്രിയ ആരംഭിച്ചു.

2018-ൽ ഫ്രാൻസിസ് പാപ്പാ അദ്ദേഹത്തെ ധന്യരുടെ നിരയിൽ ചേർത്തു. വാഴ്ത്തപ്പെട്ട പദവിക്ക് വഴി തുറന്നത്, ബ്രസീലിലെ രണ്ടു വയസുകാരൻ മാത്യൂസ് വിയന്നയ്ക്ക് കാർലോയുടെ മധ്യസ്ഥതയിൽ ലഭിച്ച അത്ഭുത സൗഖ്യമായിരുന്നു. മരണാനന്തരം ഏഴാംവർഷം കാർലോയെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. സഭയുടെ ചരിത്രത്തിൽ അപൂർവമായാണ് ഇത്തരം സംഭവങ്ങൾ നടക്കുന്നത്. കൊൽക്കത്തയിലെ വിശുദ്ധ തെരേസയും വിശുദ്ധ ജോൺപോൾ രണ്ടാമനും മാത്രമാണ് ഇത്ര വേഗത്തിൽ വാഴ്ത്തപ്പെട്ടവരുടെ പട്ടികയിലേക്ക് ഉയർത്തപ്പെട്ടത്.

**സ്വർഗത്തിലേക്കുള്ള ഹൈവേ**

1991 മേയ് 3-ന് ലണ്ടനിൽ അൻഡ്രേയ അക്യുറ്റിസിന്റെയും അന്റോണിയാ സൽസാനോയുടെയും മകനായി ജനിച്ച കാർലോ, പിന്നീട് ഇറ്റലിയിലെ മിലാനിലേക്ക് താമസം മാറ്റി. ആറാം വയസിൽ ദിവ്യകാരുണ്യം സ്വീകരിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ കാർലോ മാതാപിതാക്കളെ സമീപിച്ചു. ഇടവക വികാരിയച്ചൻ ഫാ. ആൽഡോ ലോക്കറ്റെല്ലിയ കുട്ടിയുടെ ആത്മീയതയെ കണക്കിലെടുത്ത്, രൂപതാ അധികാരികളുമായി ചർച്ച ചെയ്ത് പ്രത്യേക അനുമതി ലഭിച്ചശേഷം, ഏഴാം വയസിൽ കാർലോക്ക് ദിവ്യകാരുണ്യം നൽകി.

പ്രഥമ ദിവ്യകാരുണ്യ സ്വീകരണത്തോടെ കാർലോയുടെ ആത്മീയതക്ക് വാതിൽ തുറന്നു. 'ദിവ്യകാരുണ്യം എന്നത് എന്റെ സ്വർഗത്തിലേക്കുള്ള ഹൈവേയാണ്' എന്ന വിശ്വാസത്തിൽ കാർലോ തന്റെ ജീവിതം നയിക്കാൻ തുടങ്ങി. ദിവസേന ദിവ്യബലി സ്വീകരിക്കുകയും, കുർബാനയ്ക്കുശേഷം അര മണിക്കൂർ ദിവ്യകാരുണ്യ ആരാധനയിൽ പങ്കെടുക്കുകയും, ആഴ്ചതോറും കുമ്പസാരിക്കുക എന്നതും കാർലോയുടെ ജീവിത ശൈലിയായി മാറി.

**കാർലോയുടെ ടെക്നോ മിഷൻ**

കാർലോയുടെ ജീവിതത്തിലെ ഏറ്റവും വലിയ പ്രത്യേകത ഡിജിറ്റൽ ടെക്നോളജിയെ ദൈവത്തിനുവേണ്ടി ഉപയോഗപ്പെടുത്തി എന്നതാണ്. കമ്പ്യൂട്ടർ പ്രോഗ്രാമിംഗിലും വെബ് ഡിസൈനിംഗിലും അപാരമായ കഴിവ് പ്രദർശിപ്പിച്ച കാർലോ, പതിനൊന്നാം വയസ്സു മുതൽ തന്നെ ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ കുറിപ്പുകൾ ശേഖരിച്ച് വെബ്സൈറ്റ് രൂപപ്പെടുത്തി.

ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ പ്രതിഭ കാണിച്ച കാർലോ ലോകമാകെയുള്ള സഭ അംഗീ കരിച്ച 142 ദിവ്യകാരുണ്യ അത്ഭുതങ്ങൾ സംഗ്രഹിച്ച് വെബ്സൈറ്റ് രൂപപ്പെടുത്തിയപ്പോൾ, സാങ്കേതിക വിദ്യയും വിശ്വാസവും ചേർന്ന് ചെയ്യാവുന്ന ഡിജിറ്റൽ സുവിശേഷവത്ക്കരണവും വിശ്വാസ പരിശീലനവുമായി അത് പരിണമിച്ചു.

കാർലോ തയ്യാറാക്കിയ വെർച്വൽ എക്സിബിഷനുകൾ കത്തോലിക്കാ വിശ്വാസത്തെ ലോക ത്തിനുമുന്നിൽ നവ്യമായി അവതരിപ്പിച്ചു. സഭ അംഗീകരിച്ച മരിയൻ പ്രത്യക്ഷീകരണങ്ങളെയും മരിയൻ തീർത്ഥാടന കേന്ദ്രങ്ങളെയും കാർലോ തന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തി. ഇവയ്ക്കു പുറമേ സ്വർഗം, നരകം, ശുദ്ധീക



രണ സ്ഥലം എന്നിവയെ കുറിച്ചു ള്ള സഭയുടെ പ്രബോധനങ്ങളും മാലാഖമാരുടെ പ്രത്യക്ഷീകരണം, പിശാചിന്റെ പ്രലോഭനങ്ങൾ എ ന്നിവയെ കുറിച്ചുള്ള വിവരണ ങ്ങളും വെബ്സൈറ്റിൽ കൂട്ടി ച്ചേർത്തു. കാർലോയുടെ ഡിജി റ്റൽ സൃഷ്ടികൾ അനേകരുടെ ആത്മാവിനെ സ്പർശിക്കുകയും അവരെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുകയും ചെയ്തു.

കാർലോയുടെ ഡിജിറ്റൽ സുവിശേഷവത്ക്കരണത്തിനുള്ള കഴിവുകൾ ആധുനിക ലോകത്തി ന് ഒരു നവ്യ സന്ദേശമായി. സാങ്കേതിക വിദ്യ ദൈവത്തിന്റെ മഹത്വത്തിനും സുവിശേഷ പ്രഘോഷ ണത്തിനും കാർലോ ഉപയോഗപ്പെടുത്തി. വിശ്വാസ ത്തിന്റെയും സാങ്കേതിക വിദ്യ യുടേയും ലോകത്ത് ജീവിച്ച ദൈവത്തിന്റെ അപൂർവ ദൂതനാ യിരുന്നു കാർലോ.

**ഈശോയുടെ കൂട്ടുകാരൻ**

ഒത്തിരി പ്രത്യേകതകൾ ഒന്നും എടുത്തു പറയാൻ ഇല്ലാത്ത ഒരു സാധാരണ കുട്ടിയായിരുന്നു കാർലോ. നന്നായ് പഠിച്ചും കൂട്ടു കാരോടൊപ്പം ഫുട്ബോൾ കളിച്ചും സൈക്കിളിൽ ചുറ്റിക്കറങ്ങിയും തന്റെ കൗമാരം ആഘോഷിച്ച **കാർലോ തന്റെ ജീവിതത്തിൽ നിന്ന് ഒരു നിമിഷം പോലും ദൈവ ത്തെ മാറ്റി നിർത്തിയില്ല. ഈശോയായിരുന്നു കാർലോയുടെ ഏറ്റവും അടുത്ത കൂട്ടുകാരൻ. സ്വന്തം ഇടവക പള്ളിയിൽ വളരെ ചെറു പ്രായത്തിൽ തന്നെ അൾത്താര ബാലനായും കൊച്ചു കുട്ടികൾക്ക് ക്രിസ്തുവിന്റെ സ്നേഹം പകർന്നു നൽകാൻ വേദപാഠ അദ്ധ്യാപകനായും സേവനം ചെയ്ത കാർലോ ഒരു ദിവസം പോലും ദിവ്യകാരുണ്യ സ്വീകരണം മുടക്കിയിരുന്നില്ല.**

ഈശോയോടുണ്ടായിരുന്ന സ്നേഹവും ഭക്തിയും കാർലോ യെ സമപ്രായക്കാരിൽനിന്ന് വ്യത്യസ്തനാക്കി. മാതാപിതാക്ക ളുടെ നിർദേശത്തിനോ നിർബന്ധ ത്തിനോ വഴങ്ങാതെ ദൈവാലയ ത്തിലെത്തിയ കുട്ടികളുണ്ടാകും. എന്നാൽ, വിശ്വാസ ജീവിതത്തിൽ നിന്ന് അകന്നു ജീവിച്ച സ്വന്തം മാതാപിതാക്കളെ വിശ്വാസജീവിത ത്തിലേക്ക് നയിച്ചത് കാർലോ അക്യൂറ്റിസ് എന്ന കൗമാര പ്രായക്കാരനാണ്.

അസീസിയിലെ സ്കൂളിൽ പഠിച്ച കാർലോ, സഹപാഠിക ളോടും പ്രത്യേകിച്ച് കുടുംബ വിച്ഛേദം അനുഭവിച്ചവരോടും, ഭിന്നശേഷിക്കാർക്കും സ്നേഹവും പരിചരണവും നൽകി. പാവപ്പെട്ട വരെ സഹായിക്കുന്നതിലും കാർലോ മുന്നിൽ തന്നെ ഉണ്ടായിരുന്നു. ഭവനമില്ലാതെ തെരുവിൽ അലഞ്ഞു നടന്നിരുന്ന പാവപ്പെട്ട മനുഷ്യർക്ക് ഒരു നേരത്തെ എങ്കിലും ഭക്ഷണം നൽകുന്ന 'കാരിത്താസ്' എന്ന ക്രൈസ്തവ സംഘടനകളിലേക്ക് കാർലോ കടന്നു ചെല്ലുകയും അവിടെയുള്ള പാവങ്ങൾക്ക് ഭക്ഷണം വിളമ്പി നൽകുന്നതി നോടൊപ്പം അല്പം തമാശയും കുശലവും ഒക്കെ പറഞ്ഞ് അവ രോട് സൗഹൃദം സ്ഥാപിക്കുകയും ചെയ്തിരുന്നു.

**വിശുദ്ധിയുടെ പാതയിൽ**

**നവ്യമായ മാതൃക**

വിശുദ്ധിയുടെ പാതയിൽ നവ്യമായ മാതൃകയാണ് ആധുനിക ലോകത്ത് കാർലോ നമ്മുക്ക് കാണിച്ചു നൽകുന്നത്. വീഡിയോ ഗെയിമിൽ സമയം ചെലവിട്ടവൻ, കളിക്കളത്തിൽ ഫുട്ബോളിന് പിന്നാലെ ഓടിയവൻ, കംപ്യൂട്ടർ പ്രോഗാമിങ്ങും വെബ് സൈറ്റ് ഡിസൈനിംഗും ഹോബിയാക്കിയവൻ, യാത്രകൾ ഏറെ ഇഷ്ടപ്പെട്ടവൻ. ദിവ്യകാരുണ്യ നാഥനെ തന്റെ ജീവനെക്കാൾ സ്നേഹിച്ചവൻ. ആധുനിക വിവര സാങ്കേതിക വിദ്യകളെ ദൈവത്തിന്റെ മഹത്വത്തിനായി വിനിയോഗിച്ച ബാലൻ, ലുക്കീമിയ രോഗത്തിന്റെ സഹനങ്ങളെ സഭയ്ക്കും പാപ്പയ്ക്കുംവേണ്ടി സന്തോഷത്തോടെ സ്വീക രിച്ചവൻ. പരിശുദ്ധ കുർബാനയോടുള്ള അതിരറ്റ ആരാധനയും ദൈവമാതാവിനോടുള്ള വണക്ക വുമായിരുന്നു കാർലോയുടെ ജീവിതത്തിന്റെ നെടുംതൂണുകൾ.


ബർമുടയും ബനിയനും കൂളിംഗ് ഗ്ലാസും അണിഞ്ഞ് മുഖത്ത് നിറഞ്ഞ പുഞ്ചിരിയും, കയ്യിൽ മൊബൈലുമായി ഒരു പതിനഞ്ചുകാരൻ. ആധുനിക ലോകത്തിലെ ആഢംബരങ്ങളെ കൂട്ടുപിടിച്ച് വിശുദ്ധിയുടെ പാതയിൽ നവ്യമായ മാതൃക കാർലോ നമ്മുക്ക് കാണിച്ചുതരുന്നു. ഇന്നത്തെ യുവാക്കളെപ്പോലെ തന്നെ, കമ്പ്യൂട്ടറിനോടും മൊബൈലിനോടും ഫുട്ബോളിനോടും കാർലോയ്ക്ക് അതിയായ ആകർഷണം ഉണ്ടായിരുന്നു. കളികളും ഗ്യാഡ്ജറ്റുകളും ഇഷ്ടപ്പെട്ട വിശുദ്ധനായ കൗമാരക്കാരൻ. പക്ഷേ, ക്രിസ്തുവായിരുന്നു അവന്റെ ഹീറോ. അവന്റെ ഹൃദയം ക്രിസ്തുവിന്റെ ഹൃദയത്തോട് ചേർന്നിരിക്കാനായിരുന്നു ഒരേ ഒരു ആഗ്രഹം. ടെക്നോളജിയെ ഇഷ്ടപ്പെട്ട കാർലോയുടെ ജീവിതം ഇന്നത്തെ യുവജനങ്ങൾക്ക് വിശുദ്ധിയുടെ ദിശ കാണിക്കുന്ന മാർഗദീപമാണ്.

**സഹനത്തിന്റെ പുതിയമുഖം**

പത്തൊൻപതാം വയസ്സിൽ കാർലോക്ക് ലുക്കീമിയ എന്ന രക്താർബുദം സ്ഥിരീകരിക്കപ്പെട്ടു. എന്നാൽ ഒരു നൊമ്പരവുമില്ല. ദുഃഖത്തിന്റെ മറവിൽ കരച്ചിലോ അഭിമാനമോ ഒന്നുമില്ല. സഹനങ്ങൾ ക്രിസ്തുവിനെ പ്രതി സഭയ്ക്കുവേണ്ടിയും പാപ്പയ്ക്കുവേണ്ടിയും സമർപ്പിക്കുന്നുവെന്നാണ് കാർലോ പറഞ്ഞത്. ദൈവത്തിനിഷ്ടമില്ലാത്ത കാര്യത്തിനായി ഒരു മിനിറ്റുപോലും നഷ്ടപ്പെടുത്താതെ ജീവിച്ചതിനാൽ തനിക്കു മരിക്കാൻ മടിയില്ലെന്ന് കാർലോ വെളിപ്പെടുത്തി.

മരണം അടുത്തിരിക്കെ കാർലോ പറഞ്ഞു: 'ഞാൻ മരിക്കാൻ പേടിക്കുന്നില്ല. ഞാൻ എന്റെ ജീവിതത്തിൽ ഒരു മിനിറ്റുപോലും ദൈവത്തെ ദ്രോഹിച്ചിട്ടില്ല.' 2006 ഒക്ടോബർ 12-ന് കാർലോ ഈ ലോകത്തിൽനിന്ന് ദൈവസന്നിധിയിലേക്ക് യാത്രയായി. അദ്ദേഹത്തിന്റെ ആഗ്രഹംപോലെ, താൻ ദിവ്യകാരുണ്യ സന്നിധിയിൽ ചെലവിട്ട അസീസിയിൽതന്നെ അന്ത്യവിശ്രമം ഒരുക്കി.

**കമ്പ്യൂട്ടറുകളിലും വീഡിയോ ഗയിമുകളിലും സാങ്കേതികവിദ്യയിലും മാത്രം ഒതുങ്ങി ജീവിക്കരുത് അവയെ ദൈവത്തിന്റെ മഹത്വത്തിനായി ഉപയോഗിക്കുക എന്നതാണ് കാർലോയുടെ സന്ദേശം. കാർലോ അക്യൂറ്റിസ് വിശുദ്ധിയിലേക്കുള്ള ഹൈവേയിൽ നമ്മുക്കോരോരുത്തർക്കും പ്രത്യേകിച്ച് യുവജനങ്ങൾക്കു വഴികാട്ടിയാകുന്നു. വിശുദ്ധനാകാൻ പ്രായം അല്ല, ജീവിത ശൈലിയും വിശ്വാസവുമാണ് നിർണായകം.**



**ഫാ. ജോബ് കുണ്ടോണി**

**ഇന്നത്തെ യുവതലമുറക്ക് പ്രചോ ദനമേകുന്ന ഒരു വിശുദ്ധനാണ് കാർലോ അക്യൂറ്റിസ്. അദ്ദേഹ ത്തിന്റെ ജീവിത സാക്ഷ്യവും മാദ്ധ്യസ്ഥതയും വഴി ധാരാളം പേർ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതകാലത്ത് നേരിൽ പരിചയപ്പെടാൻ ഭാഗ്യ മുണ്ടായ ഒരാളാണ് രാജേഷ് മോഹൂർ.**

മൗറീഷ്യസിൽ ജനിച്ച രാജേഷ്, ഏറ്റവും ഉയർന്ന ഹിന്ദു ജാതിയായ ബ്രാഹ്മണ കുടുംബാ ംഗ മായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഒരു പുരോഹിതനും മൗറീഷ്യൻ ഹിന്ദു അസോസി യേഷന്റെ പ്രസിഡന്റുമായിരുന്നു. മകനെ എല്ലാ ഹിന്ദു പ്രാർത്ഥന കളും പഠിപ്പിക്കുകയും മതപരമായ ആചാരങ്ങളും ചരിത്രവും പകർന്നുനൽകുകയും ചെയ്തത് അദ്ദേഹമാണ്. 16-ാം വയസ്സിൽ പഠനത്തിനായി രാജേഷ് ഗാന്ധിയുടെ ജന്മദേശമായ ഗുജറാത്തിലേക്ക് പോയി.

കോർട്ട്നി മാർസ് എഴുതിയ "ബ്ലെസ്സെഡ് കാർലോ അക്യൂറ്റിസ്: എ സെയിന്റ് ഇൻ സ്നീക്കേഴ്സ്" എന്ന പുസ്തകത്തിൽ, രാജേഷ് ശാന്തമായ അന്തരീക്ഷം നൽകുന്ന നിരവധി ക്ഷേത്രങ്ങളും ഗുരുക്കന്മാ രെയും സന്ദർശിച്ചതിനെക്കുറിച്ച് ഓർക്കുന്നു. എന്നാൽ, അവ യൊന്നും തന്റെ ജീവിതത്തിൽ മാറ്റം വരുത്തിയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. താൻ തേടി ക്കൊണ്ടിരുന്നത് ഒരു 'ജീവനുള്ള ദൈവത്തെ' ആയിരുന്നു, അത് അവിടെയെങ്ങും കണ്ടെത്താൻ കഴിഞ്ഞില്ല.

തുടർന്ന് രാജസ്ഥാനിലെ ഒരു സർവകലാശാലയിൽ ഫിസിക സിൽ ബിരുദം നേടിയ രാജേഷ്,

# കാർലോ അക്യൂറ്റിസ്: ഒരു അക്രൈസ്തവ വിശ്വാസിയുടെ മനസ്സ് മാറ്റിയ വിശുദ്ധൻ



ഇംഗ്ലണ്ടിൽ മാസ്റ്റർ ബിരുദത്തിന് ചേരാനിരിക്കെ പിതാവിന്റെ ആകസ്മിക മരണം അദ്ദേഹത്തെ ദുഃഖത്തിലാഴ്ത്തി. കുടുംബത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം രാജേഷ് മൗറീഷ്യസിലേക്ക് മടങ്ങി. പിതാവിന്റെ വിയോഗത്തിൽ ദേഷ്യവും ദുഃഖവും നിറഞ്ഞ അദ്ദേഹം ഹിന്ദു പ്രാർത്ഥനകളിൽ അഭയം തേടിയെങ്കിലും സമാധാനം കണ്ടെത്താനായില്ല.

**മുടിയഴകുള്ള മാലാഖ**

സ്ഥിരമായ ഒരു ജോലി കണ്ടെത്താൻ ബുദ്ധിമുട്ടിയ രാജേഷ് 1980-കളുടെ പകുതിയോടെ ഇറ്റലിയിലേക്ക് കുടിയേറി, അവിടെ 10 വർഷത്തോളം താമസിച്ചു. 1995-ൽ, തവിട്ടുനിറമുള്ള ചുരുണ്ട മുടിയുള്ള ഒരു ചെറിയ കുട്ടിയെ വളർത്താൻ ഒരു കുടുംബം രാജേഷിനെ ജോലിക്കെടുത്തു, കുട്ടിയുടെ പേര് കാർലോ അക്യൂറ്റിസ് എന്നായിരുന്നു. രണ്ടാമത്തെ ദിവസം, തവിട്ടുനിറമുള്ള, മാലാഖയെപ്പോലെയുള്ള ആ കുട്ടി ഓടിവന്ന് ചിരിയോടെ കൈനീട്ടി, തന്റെ പുതിയ കൂട്ടുകാരന് ഒരു കഷണം ച്യൂയിംഗം കൊടുത്തു.

കുട്ടിക്കാലം മുതൽ കാർലോ വിശുദ്ധരുടെ ജീവിത കഥകൾ വായിക്കുകയും ബൈബിൾ കഥകളുള്ള കാർട്ടൂണുകൾ കാണുകയും ചെയ്തിരുന്നു. രാജേഷ് എന്നും അവനെ അനുഗമിച്ചു, ഞായറാഴ്ച സ്കൂളിലും പള്ളിയിലും ഉൾപ്പെടെ. സ്കൂളിൽ പോകുന്നതിന് മുൻപോ ശേഷമോ പള്ളിയിൽ പോയി പ്രാർത്ഥിക്കാൻ കാർലോ ഇഷ്ടപ്പെട്ടിരുന്നു. അവിടെവെച്ചാണ് രാജേഷ്, ചെറിയ കാർലോയുടെ ആത്മാവ് വസന്തത്തിലെ റോസാപ്പൂക്കൾ പോലെ വിരിയുന്നത് കണ്ടത്.

'അവൻ പള്ളിക്കകത്ത് കയറുമ്പോൾ അവന്റെ പെരുമാറ്റം മാറുന്നത് ഞാൻ ശ്രദ്ധിച്ചു. യേശു വിരിക്കുന്ന ആ സ്ഥലത്തിന് എന്തോ പ്രത്യേകതയുണ്ടെന്ന് അവനറിയാമായിരുന്നു. അത് എന്റെ ഹൃദയത്തെ സ്പർശിച്ചു," മറ്റുള്ളവരോടുള്ള ആ കൊച്ചുകുട്ടിയുടെ ഔദാര്യത്തെക്കുറിച്ചും അവന്റെ വിശ്വാസത്തെക്കുറിച്ച് അവൻ സംസാരിച്ച രീതിയെക്കുറിച്ചും രാജേഷ് ഓർക്കുന്നു. "കാർലോയുടെ പ്രവൃത്തികൾ, അത്രയും ചെറിയൊരു കുട്ടിയുടെ പ്രവൃത്തികൾ, അതാണ് എന്നെ പരിവർത്തനം ചെയ്തത്," രാജേഷ് പറയുന്നു. "അവൻ എല്ലാ രാത്രിയിലും ഉറങ്ങുന്നതിന് മുമ്പ് ജപമാല ചൊല്ലുന്നത് ഒരു പതിവാക്കിയിരുന്നു."

കാർലോയുടെ വിശുദ്ധ കുർബാനയോടുള്ള ഭക്തിയും രാജേഷിനെ അത്ഭുതപ്പെടുത്തി. ഒരു ഡോക്യുമെന്ററിക്കുവേണ്ടിയുള്ള അഭിമുഖത്തിൽ അദ്ദേഹം പറയുന്നു, ചിലപ്പോൾ കാർലോ ചോദിക്കുമായിരുന്നു, (ടാബർനാക്കിളിന് മുൻപിൽ) അല്പനേരം ധ്യാനിക്കാൻ എന്നെ പള്ളിയിലേക്ക് കൊണ്ടുപോകാമോ?... എനിക്കൊന്നും അറിയാമായിരുന്നില്ല. ഞാൻ അത്ഭുതപ്പെടുമായിരുന്നു, 'എന്താണ് അവിടെ നടക്കുന്നത്?' ... അപ്പോൾ കാർലോ എന്നോട് പറഞ്ഞു അതിനുള്ളിൽ എന്താണ് ഇരിക്കുന്നത് എന്ന്: "അത് യേശുവിന്റെ ശരീരമാണ്." അങ്ങനെയെങ്ങനെ സംഭവിക്കും എന്ന് രാജേഷ് ചോദിക്കുമ്പോൾ, കാർലോ വിശുദ്ധ കുർബാനയെക്കുറിച്ചും വിശ്വാസത്തിന്റെ മറ്റ് കാര്യങ്ങളെക്കുറിച്ചും വിശദീകരിച്ചു കൊടുക്കുമായിരുന്നു. "അവൻ അത്ര മനോഹരമായിട്ടാണ് അത് പറഞ്ഞിരുന്നത്. ഞങ്ങൾ സ്വർഗ്ഗത്തിലേക്ക് പോയപോലെയാണ് എനിക്ക് അപ്പോൾ തോന്നിയത്."

**സഭയെക്കുറിച്ചുള്ള അറിവും സ്നേഹവും**

വളർന്നു വലുതായപ്പോൾ, കാർലോ രാജേഷിനെ ജപമാല ചൊല്ലാൻ പഠിപ്പിച്ചു, കൂടാതെ കൂദാശകളുടെ പ്രാധാന്യവും വിശ്വാസത്തിന്റെ മറ്റ് സത്യങ്ങളും വിശദീകരിച്ചു. "അവന് കത്തോലിക്കാ സഭയുടെ വേദോപദേശം ഏതാണ്ട് മനഃപ്പാഠമായിരുന്നു, കൂടാതെ അത് വളരെ മനോഹരമായി വിശദീകരിച്ച് എനിക്ക് കൂദാശകളോട് താൽപ്പര്യം ജനിപ്പിക്കാനും

അവന് കഴിഞ്ഞു," രാജേഷ് പറയുന്നു.

തുടർന്ന് താൻ യേശുവിനെ ക്കുറിച്ച് സ്വപ്നങ്ങൾ കാണുന്നു ണ്ടെന്ന് രാജേഷ് പറഞ്ഞപ്പോൾ, "യേശു നിങ്ങളെ സ്നേഹിക്കുന്നു, രാജേഷ്" എന്നായിരുന്നു കാർലോയുടെ മറുപടി.

**ജീവിച്ചിരിക്കുന്ന ദൈവവുമായുള്ള കണ്ടുമുട്ടൽ**

1999–ൽ രാജേഷ് മാമ്മോദീസ സ്വീകരിക്കാൻ ആഗ്രഹം പ്രകടി പ്പിച്ചു, മുതിർന്നവർക്ക് സാധാര ണമായതുപോലെ മാമ്മോദീസ യോടൊപ്പം ആദ്യ കുർബാനയും സ്ഥൈര്യലേപന വും ഒരേ സമയം സ്വീകരിച്ചു. "ആ അനുഭവങ്ങളെ ല്ലാം എന്റെ ജീവിതം മാറ്റിമറിച്ചു. അപ്പോൾ എനിക്ക് ജീവിച്ചിരി ക്കുന്ന ദൈവത്തെ കാണാൻ കഴിഞ്ഞു."

രാജേഷ് എല്ലാ ദിവസവും കാർ ലോയ്ക്കൊപ്പം കുർബാനയിൽ പങ്കെടുത്തു, അവിടെ അദ്ദേഹ ത്തിനും ഒടുവിൽ വിശുദ്ധ കുർ ബാന സ്വീകരിക്കാൻ കഴിഞ്ഞു.

വർഷങ്ങൾക്ക് ശേഷം, രാജേഷിന്റെ അമ്മ മൗറീഷ്യസിൽ നിന്ന് മകനെ കാണാൻ വന്നു. അവിടെ, കാർലോ അവളെ കുർബാനയ്ക്ക് കൊണ്ടുപോയി. അമ്മയ്ക്ക് അധികമൊന്നും മനസ്സി ലായില്ല: അവർക്ക് കത്തോലിക്കാ മതത്തെക്കുറിച്ചോ ഇറ്റാലിയൻ ഭാഷയെക്കുറിച്ചോ പരിചയമി ല്ലായിരുന്നു. എന്നാൽ കൊച്ചു കാർലോ അക്യൂറ്റിസ് അവരോട് യേശുവിനെക്കുറിച്ചും ലൂർദ്ദ് മാതാവിനെക്കുറിച്ചും ഇംഗ്ലീഷിൽ ക്ഷമയോടെ സംസാരിച്ചു.

അക്യൂറ്റിസ് കുടുംബ ത്തിന്റെ സഹായത്തോടെ രാജേ ഷിന്റെ അമ്മ ഫ്രാൻസിലെ ലൂർദ്ദ് തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു, മൗറീഷ്യസിൽ തിരിച്ചെത്തിയ പ്പോൾ, അവരും മാമ്മോദീസ സ്വീ കരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. "അതായിരുന്നു കാർലോയുടെ മാജിക്," രാജേഷ് ഉപസംഹരിച്ചു.



# നനുത്ത ഓർമ്മയായ്



**ഫാ. നിബിൻ കുര്യാക്കോസ് പാപ്പാളിപറമ്പിൽ**

നനുത്തതെൻ മിഴിയോരങ്ങളിൽ
ഒരു തൂവൽ സ്പർശമായ്
കെട്ടുപോകാത്ത ഒരു വിളക്കിൽ
മൃദു തെളിച്ച എന്നമ്മ

വല്ലാർപാടത്ത് വീഴുന്ന
ഒരായിരം മക്കളുടെ
കണ്ണീർ പൂക്കൾ
കരിയാതെ കാക്കുന്ന ഒരമ്മ

നിൻ ചാരെയിരിക്കുമ്പോൾ
നിന്നെ ഓർമ്മയിൽ അലിയുമ്പോൾ
എന്നാത്മാവിൽ ഒരായിരം
ആനന്ദനിറങ്ങൾ പെയ്തിറങ്ങുന്നു

അമ്മയുടെ അടിമയായി വസിക്കുമ്പോൾ
അമ്മതൻ സുരക്ഷിതകരങ്ങളിൽ
വസിക്കുമ്പോൾ
അമ്മതൻ അൾത്താരയിൽ
ബലിയർപ്പിക്കുമ്പോൾ
ഞാനറിയുന്നു അമ്മതൻ മടിത്തട്ടിലാണെന്ന്.

## ഓർമ്മച്ചെപ്പ്

*വല്ലാർപാടം മരിയൻ തീർത്ഥാടനത്തിന് ആരംഭം കുറിച്ചുകൊണ്ട് ആർച്ച്ബിഷപ് ഡോ. ഡാനിയൽ അച്ചാരുപറമ്പിൽ കൈമാറിയ തീർത്ഥാടന പതാകയുമായി സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രലിൽനിന്നും തീർത്ഥാടന റാലി ആരംഭിക്കുന്നു.*
*( കടപ്പാട് : ആർകൈവ്സ്  വരാപ്പുഴ അതിരൂപത )*





## ഓർമ്മയ്ക്കായ്

27–ാം ചരമവാർഷികം



**കെ.ടി. റാഫേൽ**
മരണം : 12.09.1998

13–ാം ചരമവാർഷികം



**കർമ്മലി റാഫേൽ**
മരണം : 09.09.2012



**കെ.ആർ. ജോണി**
മരണം : 30.03.2023

പ്രാർത്ഥനയോടെ : മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

കൊമരഞ്ചാത്ത് ഹൗസ്, വടുതല

# അരുളിന്റെ കനിവിൽ



ജെക്കോബി

നമ്മുടെ ജീവിതകാലത്ത്, ഈ ഭൂമുഖത്ത് ഏറ്റവുമധികം മനുഷ്യരുടെ കണ്ണീരൊപ്പിയ ആ പുണ്യവതിയെ തൊട്ടുവന്ദിക്കാൻ, ജപമാലയേന്തിയ ആ കരങ്ങളുടെ അനുഗ്രഹസ്പർശത്തിനായി ശിരസുനമിക്കാൻ, 'അരുളൻപനുകമ്പയുടെ പൊരുളിൻ പ്രാണനം' പോലുള്ള കാരുണ്യവചസുകൾ കേൾക്കാൻ കൽക്കട്ടയിലും കൊച്ചിയിലും പലവുരു ഭാഗ്യം ലഭിച്ചത് ഒരു പത്രലേഖകൻ എന്ന നിലയിലുള്ള എന്റെ ഏറ്റം കൃപാധന്യമായ നിയോഗം. മദർ ജീവിച്ചിരിക്കുമ്പോൾ തന്നെ 'മദർ തെരേസ കനിവിന്റെ മാലാഖ' എന്ന പുസ്തകം എഴുതാൻ കഴിഞ്ഞു.



ഊട്ടിയിലെ ഫേൺ ഹിൽ നാരായണ ഗുരുകുല ആശ്രമത്തിൽ വച്ച് ആ പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി വായിച്ച് ഗുരു നിത്യചൈതന്യയതി അവതാരികയിൽ കുറിച്ചു: "ദൈവം ഉണ്ടോ എന്നു ചോദിക്കുന്നവനുള്ള മറുപടിയാണ് 'കനിവിന്റെ മാലാഖ' എന്ന ഈ നവലോകവേദം. തുറന്ന ഹൃദയത്തോടെ, മുൻവിധിയില്ലാതെ കനിവിന്റെ മാലാഖയെ, തെരേസ എന്ന അമ്മയെ, ആത്മദൃഷ്ടി കൊണ്ട് ഒരിക്കൽ ദർശനം ചെയ്യാൻ ഭാഗ്യമുണ്ടായവർ പറയും, 'ദൈവമേ ഉള്ളൂ' എന്ന്... നമുക്ക് ലോകത്തിനെല്ലാം കൂടിയുള്ള അമ്മയുടെ പ്രാണനത്തെ പങ്കുവെയ്ക്കുവാൻ ഭാഗ്യമുണ്ടായി. അമ്മയിലെ കനിവിന്റെ പിയൂഷവർഷം മൃതസഞ്ജീവനിയാണെങ്കിൽ ആ പുണ്യ നദീപ്രവാഹത്തിന്റെ സ്രോതസ്സ് മനുഷ്യപുത്രനായ യേശുവാണ്. അവനെ അറിയുന്നവരൊക്കെ അവന്റെ പിതാവിനെയും സ്വസഹോദരങ്ങളെയും തിരിച്ചറിയുന്നു."

അന്ന് ഉപരാഷ്ട്രപതിയായിരുന്ന കെ.ആർ. നാരായണനാണ് ആ പുസ്തകം പ്രകാശനം ചെയ്തത്. മദർ തെരേസയെ ഫ്രാൻസിസ് പാപ്പാ വിശുദ്ധരുടെ

ഗണത്തിലേക്ക് ഉയർത്തിയ വേളയിൽ, ഷാജി ജോർജിന്റെ പ്രണത ബുക്സ് പ്രസിദ്ധീകരിച്ച അതിന്റെ പരിഷ്കരിച്ച രണ്ടാം പതിപ്പിന്റെ പ്രകാശനം നിർവഹിച്ചത് മാർത്തോമ്മാ സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്തയായിരുന്ന ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയും.

**രണ്ടു വിശുദ്ധരുടെ ആശ്ലേഷം**

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പാ തന്റെ ആദ്യത്തെ ഭാരതസന്ദർശനവേളയിൽ, 1986 ഫെബ്രുവരി മൂന്നിന്, റാഞ്ചിയിൽ നിന്ന് കൽക്കട്ടയിലെത്തിയപ്പോൾ നേരെ പോയത് കാളിഘട്ടിലെ നിർമൽ ഹൃദയ് ഭവനത്തിലേ ക്കാണ്. കമ്യൂണിസ്റ്റ് സമഗ്രാധി പത്യത്തിന്റെ കീഴിലായിരുന്ന കിഴക്കൻ യൂറോപ്പിൽ നിന്ന്, ഇരുപതാം നൂറ്റാണ്ടിൽ ലോകചരിത്രത്തിന്റെതന്നെ ഗതിമാറ്റാൻ ധാർമിക മണ്ഡല ത്തിൽ പ്രത്യക്ഷപ്പെട്ട രണ്ട് പുണ്യതാരങ്ങൾ, 'മനുഷ്യസഹന ത്തിന്റെയും ദൈവികസ്നേഹ ത്തിന്റെയും മഹാരഹസ്യം' പ്രത്യക്ഷമാകുന്ന ആ ആലയത്തിൽ ജീവന്റെ സുവിശേഷം ഉദ്ഘോഷിക്കാൻ ഒത്തുചേർന്നതായിരുന്നു, പത്തു ദിവസത്തെ അപ്പസ്തോലിക യാത്രയിൽ ലോകമാധ്യമങ്ങൾ ഉറ്റുനോക്കിയിരുന്ന ഏറ്റവും പ്രധാന സംഭവം. റോമിൽ നിന്നുള്ള പേപ്പൽ ഫ്ളൈറ്റിലും ഇന്ത്യയിലുടനീളവും മടക്ക യാത്രയിലും പാപ്പായെ അനുഗ മിച്ച വത്തിക്കാൻ അക്രെഡിറ്റേ ഷനുള്ള മാധ്യമ സംഘത്തിൽ ഞാനുമുണ്ടായിരുന്നു.

നിർമൽ ഹൃദയ് ഭവനത്തിനു മുൻപിലെത്തി പാപ്പാ മദർ തെരേസയെ തുറന്ന 'പോപ് മൊബീൽ' വാഹനത്തിലേക്ക് കൈപിടിച്ചുകയറ്റി. കാളിക്ഷേത്ര സമിതി സെക്രട്ടറി മുഖർജി എന്ന ബ്രാഹ്മണൻ തന്നെ അണിയിച്ച ഹാരം ജോൺ പോൾ പാപ്പാ മദറിന്റെ കഴുത്തിൽ ചാർത്തി. എന്നിട്ട് നീലക്കരയുള്ള വെള്ളസാരിത്തലപ്പുകൊണ്ട് ആവരണം ചെയ്ത ആ ശിരസ് ഇരുകൈകളുംകൊണ്ട് ചേർത്തുപിടിച്ച് നെറുകയിൽ ചുംബിച്ചു. ഹൃദയനൈർമല്യ ത്തിന്റെ ഗാഢമായ സ് നേഹവാത്സല്യം പ്രകടിപ്പിക്കുന്ന രണ്ടു പുണ്യാത്മാക്കളുടെ അത്യപൂർവ ചിത്രം പാപ്പായുടെ ഭാരതസന്ദർശനത്തിലെ ഏറ്റവും മിഴിവുറ്റ ദൃശ്യമായി വാഴ്ത്തപ്പെട്ടു.

"നിർമൽ ഹൃദയ് സഹനത്തിന്റെ ഒരിടമാണ്; കഠോരവേദനയും വിഹ്വലതയും കണ്ടുപരിചയിച്ച ഭവനം; അശരണരുടെയും അത്യാസന്നരുടെയും വസതി. അതേസമയം നിർമൽ ഹൃദയ് പ്രത്യാശയുടെ ഒരിടം കൂടിയാകുന്നു; ധീരതയും വിശ്വാസവും കൊണ്ട് കെട്ടിപ്പടുത്ത വീട്; സ്നേഹം വാഴുന്ന ഗേഹം; സ്നേഹംകൊണ്ടു നിറഞ്ഞ കുടുംബം," പാപ്പാ പറഞ്ഞു: "ഇവിടെ മനുഷ്യന്റെ സഹന ത്തിന്റെ മഹാരഹസ്യം വിശ്വാസ ത്തിന്റെയും സ്നേഹത്തിന്റെയും മഹാരഹസ്യവുമായി സന്ധി ക്കുന്നു. മാനവ അസ്തിത്വത്തിന്റെ ആഴമേറിയ ചോദ്യങ്ങൾ ഇവിടെ ഉയർന്നുകേൾക്കുന്നുണ്ട്: 'എന്തുകൊണ്ട്? ഈ സഹനത്തിന്റെ ഉദ്ദേശ്യം എന്താണ്? ഞാൻ എന്തിനു മരിക്കണം?' ഇതിനു ലഭിക്കുന്ന മറുപടി മിക്കപ്പോഴും അലിവിന്റെയും കാരുണ്യത്തി ന്റെയും അവാച്യരൂപത്തിൽ, സത്യസന്ധതയും വിശ്വാസവും നിറഞ്ഞ ഒന്നാണ്. 'നിന്റെ ചോദ്യങ്ങൾക്ക് മുഴുവൻ ഉത്തരവും നൽകാൻ എനിക്കാവില്ല. നിന്റെ വേദന മുഴുവൻ മാറ്റാൻ എനിക്കാവില്ല. എന്നാൽ എനിക്കൊന്ന് ഉറപ്പുണ്ട് ദൈവം അളവറ്റ വാത്സല്യത്താൽ നിന്നെ സ്നേഹിക്കുന്നു. എന്തെന്നാൽ ദൈവത്തിൽ നാം യഥാർഥത്തിൽ സഹോദരീസഹോദരന്മാരാണ്.' നിർമൽ ഹൃദയ് ഓരോ മനുഷ്യന്റെയും അനന്ത മാഹാത്മ്യം പ്രഘോഷിക്കുന്നു."

**കേരളത്തിനായുള്ള സന്ദേശം**

ശാരീരിക അവശതകൾ വകവയ്ക്കാതെ, 1994ൽ തനിക്ക് ഏറെ പ്രിയപ്പെട്ട കേരളത്തിൽ മദർ അവസാന സന്ദർശനം നടത്തിയത് മറക്കാനാവാത്ത അനുഭവമാണ്. സന്ദർശനം പൂർത്തിയാക്കി പിന്നീട് കൊച്ചിയിലെ വില്ലിംഗ്ടൺ ഐലൻഡിലെ വിമാനത്താവള ത്തിലേക്ക് പോകാനൊരുങ്ങിനിന്ന മദറിനോട്, വിടചൊല്ലുമ്പോൾ കേരളത്തിന് ഓർത്തു വയ്ക്കാൻ മദർ നൽകുന്ന സന്ദേശം എന്താണ് എന്ന് കൊച്ചിയിലെ പത്രലേഖകർ ക്കു വേണ്ടി എന്ന നിലയിൽ ഞാൻ ചോദിച്ചു. **"എത്ര പാവങ്ങളാണ് ഈ കൊച്ചി നഗരത്തിൽ ഒരു നേരത്തെ ആഹാരം കിട്ടാതെ വിശന്നുവലയുന്നത്! ഇവിടെ എത്ര ഹോട്ടലുകളിൽ ഉപയോഗി ക്കപ്പെടാത്ത ഭക്ഷണം വെറുതെ കുപ്പത്തൊട്ടിയിൽ കളയുന്നുണ്ട്, അത് പാവങ്ങൾക്കു കൊടുക്കാ മല്ലോ..."** മദറിന്റെ വാക്കുക ളിൽ കുറ്റപ്പെടുത്തലല്ല, ഹൃദയഭേദക മായ ആർദ്രനൊമ്പരം!

പിറ്റേന്നത്തെ പത്രത്തിന്റെ ഒന്നാം പേജിൽ, കേരളത്തിനായുള്ള മദറിന്റെ 'വിടവാങ്ങൽ' സന്ദേശം എന്ന രീതിയിൽ വളരെ പ്രാധാന്യ ത്തോടെ ആ ആഹ്വാനം പ്രസിദ്ധീ കരിച്ചു. അത് ഒരു വെല്ലുവിളിയാ യി കൊച്ചി നഗരം ഏറ്റെടുക്കും എന്ന പ്രത്യാശയോടെ. വിളമ്പാതെ ബാക്കിവരുന്ന ഭക്ഷണവിഭവങ്ങൾ സുരക്ഷിതമായി നിശ്ചിതസമയത്ത് ഏറ്റുവാങ്ങാനുള്ള ഉത്തരവാദിത്വം ആരെങ്കിലും ഏറ്റെടുത്താൽ എല്ലാവിധത്തിലും സഹകരിക്കാൻ തങ്ങൾ സന്നദ്ധരാണെന്ന് നഗരത്തിലെ പ്രമുഖ ഹോട്ടൽ റെസ്റ്ററന്റ് ഉടമകളിൽ ചിലർ വാക്കുനൽകി. കൊച്ചിയിലെ അരിക്കച്ചവടക്കാരും വ്യാപാരി വ്യവസായി സംഘടനാ നേതാ ക്കളും ചില പൗരപ്രമുഖരും തെരു വോരത്തെ അഗതികൾക്കെല്ലാം നല്ല ഭക്ഷണം വിതരണം ചെയ്യാ നുള്ള ഏതു സുസ്ഥിര പദ്ധതി ക്കുമായും സാധനങ്ങളോ പണമോ നൽകാമെന്നേറ്റു. എന്നാൽ പ്രതികരണങ്ങളിലെ ആവേശം കൊണ്ട് ആരുടെയും വിശപ്പകറ്റാൻ കഴിഞ്ഞില്ല.

മിഷനറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സിന്റെ പ്രാദേശിക ഭവന വുമായി ബന്ധപ്പെട്ട് ഇതിനുള്ള



ക്രമീകരണം ചെയ്യാമെന്ന
നിർദേശം തങ്ങളുടെ മിഷന്റെ പരിമിതികളിൽ നിന്ന് ഏറ്റെടുക്കാൻ ഒരു നിർവാഹവുമില്ലെന്ന് അവരുടെ സുപ്പീരിയർ വ്യക്തമാക്കി. കൊച്ചി കോർപറേഷന്റെ സാമൂഹ്യക്ഷേമ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റികൾക്കൊന്നും ഇത്തരം സ്കീമുകൾ നടപ്പാക്കാനുള്ള വ്യവസ്ഥയുമില്ല. മലയാളത്തിലെ പ്രമുഖ പത്രം ഒരു ക്യാമ്പെയ്ൻ ആയി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും പ്രായോഗികമായി ഈ കർമപദ്ധതിയുടെ നേതൃത്വം ഏറ്റെടുക്കാൻ പറ്റിയ ആരെയും കണ്ടെത്താനായില്ല എന്ന സങ്കടം ബാക്കിനിൽക്കുന്നു.

**പുണ്യദർശനത്തിന്റെ രണ്ടുനാൾ**

ലോകത്തിൽ ഒരു പുണ്യചരിതയുടെയും പാദങ്ങൾ ജീവിതകാലത്ത് ഇത്രത്തോളം കണ്ണു നീരാൽ കഴുകപ്പെട്ടിട്ടുണ്ടാവില്ല. കൊടുയാതനകളുടെ നിണം പുരണ്ട ദയാരഹിതമായ ഇരുണ്ട കോണുകളിൽ നിന്നുയരുന്ന നിലവിളി കേട്ട് കരാണാർദ്രമായ സ്നേഹവായ്പിന്റെ, വേവലാതി പൂണ്ട തിടുക്കത്തിന്റെ ഏന്തലോടെ ദീനദയാലുവായ ഒരു അർപ്പിത ശുശ്രൂഷകയും ഭൂമിയിൽ ഇത്രത്തോളം നടന്നിട്ടുണ്ടാവില്ല. സ്വർഗാഭിമുഖമായി ലേശം വക്രിച്ചു ചാഞ്ഞ ആ പൂജ്യപാദങ്ങൾ ക്കരി കെ അവസാനമായി, 1997 സെപ്റ്റംബറിലെ ആ രാവിൽ ജാഗരണ പ്രാർഥനയിൽ മുഴുകിയിരിക്കാനുള്ള അനുഗ്രഹം ലഭിച്ചു.

മദർ തെരേസയുടെ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കാൻ കൊച്ചി മൂലങ്കുഴി കരുണാലയത്തിലെ മിഷനറീസ് ഓഫ് ചാരിറ്റി ബ്രദേഴ്സിന്റെ റീജണൽ സുപ്പീരിയറായിരുന്ന ബ്രദർ ദേവസ്യയുടെ ചെറുസംഘത്തോടൊപ്പമാണ് ഞാൻ അവസാന നിമിഷം റിസർവേഷനില്ലാതെ കൽക്കട്ടയിലേക്ക് ട്രെയിനിൽ യാത്രചെയ്തത്. പൊതുദർശനത്തിന്റെ നാലാംനാൾ കൽക്കട്ട നഗരകേന്ദ്രത്തിലെ പാർക്ക് സ്ട്രീറ്റിനു തൊട്ടടുത്തുള്ള മിഡിൽടൺ റോയിലെ സെന്റ് തോമസ് ദേവാലയത്തിൽ വിശുദ്ധയുടെ പൂജനീയ ഭൗതിക ശരീരം രാഷ്ട്രത്തിനുവേണ്ടി ഇന്ത്യൻ ആർമി ഉപചാരപൂർവം ഏറ്റുവാങ്ങി മഞ്ചത്തിന്മേൽ വിലങ്ങനെ ദേശീയപതാക നെടുനീളം വിരിച്ചിരിക്കയായിരുന്നു. ത്രിവർണപതാകയുടെ വക്കിൽ തെല്ല് ഏങ്കോണിച്ച് എഴുന്നുനിന്ന ആ പൂജ്യപാദങ്ങളുടെ നഗ്ന ദൈന്യം ഉള്ളുലയ്ക്കുന്നതായിരുന്നു.

ഞങ്ങൾ സെന്റ് തോമസ് പള്ളിയിലെത്തിച്ചേർന്നപ്പോഴേക്കും വ്യാഴാഴ്ച പാതിരാവിനോടടുത്തിരുന്നു. വൈകീട്ട് ഏഴിന് പൊതുദർശനം അവസാനിപ്പിച്ച് പള്ളിയിലേക്കുള്ള ഗേറ്റ് അടച്ചുപൂട്ടി സൈനികർ പാറാവു നിൽക്കുകയാണ്. വിജിലിനും ആരാധനയ്ക്കുമായി ഏതാനും സിസ്റ്റർമാരും സെന്റിനൽ ഡ്യൂട്ടിക്കു നിൽക്കുന്ന മൂന്ന് സൈനിക ഓഫിസർമാരും മാത്രമാണ് പള്ളിക്കകത്ത് ഉണ്ടായിരുന്നത്. എംസി ബ്രദർമാരുടെ ആശ്രമശ്രേഷ്ഠനാണ് സാധാരണ പാന്റ്സും ഷർട്ടും ധരിച്ച് നെഞ്ചത്ത് ചെറിയൊരു കുരിശുരൂപം പിൻ ചെയ്തിട്ടുള്ള ബ്രദർ ദേവസ്യ എന്ന് പരിചയക്കാരിയായ എംസി സിസ്റ്റർ ജർമൻകാരിയായ ഡോക്ടർ ആൻഡ്രിയ സാക്ഷ്യപ്പെടുത്താനുണ്ടായിരുന്നതുകൊണ്ട് ഞങ്ങൾക്ക് അകത്തുകടക്കാനായി. എംസി സമൂഹത്തിലെ അംഗങ്ങളോടൊപ്പം നേരം പുലരുവോളം മദറിന്റെ പാദാന്തികത്തിൽ ധ്യാനിച്ചിരിക്കാൻ കഴിഞ്ഞത് ആ വാഴ്ത്തപ്പെട്ട രാവിന്റെ സുകൃതപുണ്യം.

ബംഗാൾ തീരത്തെ മൺസൂൺ കാലത്ത് നനഞ്ഞും തെളിഞ്ഞും മൂടിക്കെട്ടിയും നിന്ന വിലാപത്തിന്റെ മറ്റൊരു പകൽ കൂടി കടന്നുപോയി. **രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഒഴികെ സ്വതന്ത്രഭാരതത്തിൽ ഔദ്യോഗിക പദവി വഹിക്കാത്ത മറ്റൊരാൾക്കും നൽകാത്ത പൂർണ ദേശീയ ബഹുമതിയാണ് മദർ തെരേസയുടെ സംസ്കാര ചടങ്ങുകൾക്കായി പ്രധാനമന്ത്രി ഐ.കെ. ഗുജ്റാളിന്റെ നേതൃത്വത്തിലുള്ള കേന്ദ്രഭരണകൂടം പ്രഖ്യാപിച്ചത്.** കേന്ദ്രസർക്കാരും ബംഗാളിൽ കമ്യൂണിസ്റ്റ് നേതാവ് ജ്യോതി ബസുവിന്റെ ഇടതുപക്ഷ സർക്കാരും ശനിയാഴ്ച മദറിന്റെ സംസ്കാരചടങ്ങു മുൻനിർത്തി ദുഃഖാചരണത്തിനായി പൊതുഅവധി പ്രഖ്യാപിച്ചിരുന്നു. 1948ൽ മഹാത്മാഗാന്ധിയുടെയും 1964ൽ ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവിന്റെയും ഭൗതികശരീരം ചിതയിലേക്കുള്ള അന്ത്യയാത്രയ്ക്ക് കൊണ്ടുപോയ ഗൺ ക്യാരേജിലാണ് മദർ തെരേസയുടെ പൂജ്യഭൗതികശരീരം തുറന്ന മഞ്ചത്തിൽ സംസ്കാര ശുശ്രൂഷയ്ക്കും അനുസ്മരണ ചടങ്ങിനുമായി ശനിയാഴ്ച രാവിലെ രാഷ്ട്രത്തിന്റെ ഔദ്യോഗിക ബഹുമതിയുടെ ഭാഗമായ സൈനിക അകമ്പടിയിൽ പ്രൗഢോജ്വല ഉപചാരനിഷ്ഠകളോടെ വിലാപയാത്രയായി നേതാജി സ്റ്റേഡിയത്തിലേക്കു കൊണ്ടുപോയത്.

ജോൺ പോൾ പാപ്പായുടെ പ്രതിനിധിയായി വത്തിക്കാൻ സെക്രട്ടറി ഓഫ് സ്റ്റേറ്റ് കർദിനാൾ ആഞ്ചലോ

സൊദാനോയുടെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള കർദിനാൾമാരും ആർച്ച്ബിഷപ്പുമാരും ബിഷപ്പുമാരും വൈദികശ്രേഷ്ഠരും സന്ന്യസ്ത സമൂഹങ്ങളുടെ സുപ്പീരിയർമാരും സഹകാർമികരായി. ഇന്ത്യയിലെ ദേശീയ, രാഷ്ട്രീയ നേതാക്കന്മാർക്കൊപ്പം ലോകരാഷ്ട്രങ്ങളിൽനിന്നുള്ള ഔദ്യോഗിക പ്രതിനിധിസംഘങ്ങളും പ്രസിഡന്റുമാരും പ്രധാനമന്ത്രിമാരും രാജാക്കന്മാരും രാജ്ഞിമാരും മന്ത്രിമാരും മദറിന് പ്രിയങ്കരരായ കൽക്കട്ടയിലെ നിസ്വഗണത്തിന്റെ പ്രതിനിധികളും സന്നിഹിതരായിരുന്നു.

അലിവിന്റെ നനവാർന്ന മണ്ണിൽ നിന്ന് എന്റെ കൺമുന്നിൽ ഉയർന്ന പുത്തൻ കബറിടത്തിൽ വണങ്ങി പ്രാർഥിക്കാൻ ആദ്യ തീർഥാടകയായി അമേരിക്കയുടെ പ്രഥമ വനിത ഹിലരി ക്ലിന്റൺ ഒരു മുന്നറിയിപ്പുമില്ലാതെ മദർഹൗസിലേക്കു കയറിവന്നപ്പോൾ, കബറിടത്തിങ്കൽ വച്ചിരുന്ന മദറിന്റെ കാശുരൂപവും ജപമാലയും അവർക്കു സമ്മാനിച്ചു. ആത്മാവിൽ എന്തോ വെമ്പലോടെ നിന്ന എന്റെ കൈക്കുമ്പിളിലേക്ക് കാശുരൂപവും ജപമാലയും അമർത്തിവച്ചുതന്നത് ഏതു കാരുണ്യവതിയാണ്?

**അനുഗ്രഹ കടാക്ഷം**

കൽക്കട്ടയിൽ നിന്ന് ട്രെയിനിൽ എറണാകുളം ജംഗ്ഷനിൽ തിരിച്ചെത്തി വണ്ടി കിട്ടുന്നതിന് ഓഫീസിലേക്കു വിളിച്ചപ്പോഴാണ് അറിയുന്നത്, എന്റെ അപ്പച്ചൻ എറണാകുളത്ത് മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ഐസിയുവിലാണെന്ന്. എമർജൻസി സർജറിക്ക് വാസ്കുലർ സർജനും ടീമും ഒരുങ്ങിയെങ്കിലും, ഞാൻ വന്നിട്ടുമതി അക്കാര്യത്തിൽ തീരുമാനമെടുക്കാൻ എന്ന് വീട്ടുകാർ പറഞ്ഞുവത്രെ.

*ലോകത്തിൽ ഒരു പുണ്യചരിതയുടെയും പാദങ്ങൾ ജീവിത കാലത്ത് ഇത്രത്തോളം കണ്ണുനീരാൽ കഴുക പ്പെട്ടിട്ടുണ്ടാവില്ല. കൊടു യാതനകളുടെ നിണം പുരണ്ട ദയാരഹിതമായ ഇരുണ്ട കോണുകളിൽ നിന്നുയരുന്ന നിലവിളി കേട്ട് കരാണാർദ്രമായ സ്നേഹവായ്പിന്റെ, വേവലാതിപൂണ്ട തിടുക്കത്തിന്റെ ഏന്തലോടെ ദീനദയാലുവായ ഒരു അർപ്പിത ശുശ്രൂഷ കയും ഭൂമിയിൽ ഇത്രത്തോളം നടന്നിട്ടുണ്ടാവില്ല.*

ട്രെയിൻയാത്രക്കിടയിൽ എന്നെ വിവരം അറിയിക്കാൻ വഴിയില്ലാതെ അവർ വിഷമിച്ചിരിക്കയായിരുന്നു.

റെയിൽവേ സ്റ്റേഷനിൽ നിന്ന് നേരെ ആശുപത്രിയിലെത്തി ഐസിയുവിൽ അപ്പച്ചനെ കണ്ടു. മദറിന്റെ കബറിടത്തിൽ നിന്നു കിട്ടിയ ജപമാലയും കാശുരൂപവും ഞാൻ അപ്പച്ചന്റെ ഉള്ളംകൈയിൽ ചേർത്തുപിടിച്ച് പ്രാർഥിച്ചു. അപ്പച്ചന്റെ കണ്ണുനീർ തുടച്ചുകൊണ്ട് ആശ്വസിപ്പിച്ചു: പേടിക്കേണ്ട, അപ്പച്ചന് ഒന്നും സംഭവിക്കില്ല.

വലിയ ധമനിയായ അയോർട്ടയിലെ വിള്ളലിന്റെ (അയോർട്ടിക് അന്യൂറിസം റപ്ച്ചർ) മെഡിക്കൽ എമർജൻസിയെക്കുറിച്ചാണ് ആയിടെ യുകെയിൽ വിദഗ്ധപഠനം കഴിഞ്ഞെത്തിയ ഡോക്ടർ വിശദീകരിച്ചതെന്ന് ഓർക്കുന്നു. സർജറി നിർണയത്തിന് ഇനിയെന്തെങ്കിലും ചെയ്യേണ്ടതുണ്ടോ എന്നു ചോദിച്ചപ്പോൾ ഡോക്ടർ പറഞ്ഞു, എം.ആർ.ഐ. സ്കാൻ ചെയ്താൽ കാര്യങ്ങൾ വ്യക്തമാകും. ആശുപത്രിയിൽ അതിനുള്ള സംവിധാനമില്ല. എറണാകുളത്ത് കാരിക്കാമുറി ക്രോസ് റോഡിൽ ഒരു സ്കാൻ സെന്ററുണ്ട്. വേണമെങ്കിൽ കൊണ്ടുപോയി നോക്കാം.

ആംബുലൻസിൽ അപ്പച്ചനെ സ്ട്രെച്ചറിൽ കിടത്തി സ്കാൻ സെന്ററിലേക്കു കൊണ്ടുപോകു മ്പോൾ മദറിന്റെ കാശുരൂപവും കൊന്തയും അപ്പച്ചന്റെ കൈവെള്ളയിൽ ചേർത്തുവച്ച് പ്രാർഥിച്ചു കൊണ്ടിരുന്നു. സ്കാനിങ്ങിന് കൂടെ അകത്തുകയറി. തമിഴ്നാട്ടിൽ നിന്നുള്ള ഡോക്ടർ സ്കാനിങ് തുടങ്ങിയപ്പോൾ മുതൽ ആശുപത്രിയിലെ സൂപ്പർസ്പെഷ്യലിസ്റ്റുമായി 'ഹോട്ട് ലൈനിൽ' സംസാരിക്കുന്നുണ്ട്. മോണിറ്ററിലെ ഓരോ റീഡിങ്ങും നോക്കി ഡോക്ടർ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു: നെഗറ്റീവ്, നെഗറ്റീവ്, നെഗറ്റീവ്... സ്കാനിങ് പൂർത്തിയായപ്പോൾ, ഡോക്ടർ ആശ്ചര്യപൂർവം പറഞ്ഞു: ഹി ഈസ് പെർഫെക്റ്റ്ലി ഓൾറൈറ്റ്!

**ആംബുലൻസിൽ അപ്പച്ചനെ ഇരുത്തിയാണ് ആശുപത്രിയിലേക്ക് തിരിച്ചുകൊണ്ടുപോയത്. താഴെ സ്വീകരിക്കാൻ വിദഗ്ധ ഡോക്ടർ കാത്തുനില്പുണ്ടായിരുന്നു. അദ്ദേഹം അപ്പച്ചനെ പിടിച്ചിറക്കിക്കൊണ്ട് പറഞ്ഞു: ഇറ്റ്സ് ട്രൂലി എ മിറക്കിൾ! അപ്പന് കുഴപ്പമൊന്നും കാണുന്നില്ല!**

**കൽക്കട്ടയിലെ വിശുദ്ധ മദർ തെരേസയുടെ കരുണ നിറഞ്ഞ മാധ്യസ്ഥ്യത്തിന്റെ രേഖപ്പെടുത്താത്ത അനേകം അദ്ഭുതങ്ങളിലൊന്നിന് സാക്ഷിയായി ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് 18 വർഷം കൂടി മദറിന്റെ ആ കൊന്ത ജപിച്ച് അപ്പച്ചൻ ജീവിച്ചു.**

# മദറിന്റെ ജീവിതത്തിലെ ഹൃദയസ്പർശിയായ സംഭവങ്ങൾ

എ.ആർ.കെ വടുതല

ഒരിക്കൽ ഒരു മൾട്ടിനാഷണൽ കമ്പനിയുടെ ചെയർമാൻ എന്നെ കാണാൻ വന്നു. മുംബൈയിൽ ഒരു കെട്ടിടം സംഭാവന ചെയ്യാൻ വന്നതായിരുന്നു അദ്ദേഹം. ആദ്യമായി അദ്ദേഹം എന്നോട് ചോദിച്ചു: 'അമ്മേ, അങ്ങയുടെ ബജറ്റ് എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്?' ഞാൻ അദ്ദേഹത്തോട് ആരാണ് ഇവിടേക്ക് അയച്ചതെന്ന് ചോദിച്ചു. അദ്ദേഹം മറുപടി നൽകി: 'എനിക്കുള്ളിൽ ഒരു പ്രേരണ തോന്നി.' ഞാൻ പറഞ്ഞു: താങ്കളെപ്പോലെ മറ്റുള്ളവരും എന്നെ കാണാൻ വരാറുണ്ട്, അവർ ഇതേ കാര്യം പറയാറുണ്ട്. മിസ്റ്റർ എ-യെയും മിസ്റ്റർ എക്സിനെയും മിസ്സിസ് വൈയെയും മിസ് സെഡിനെയും അയക്കുന്നത് പോലെ ദൈവം താങ്കളെയും അയച്ചെന്ന് വ്യക്തമാണ്. ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതിക സഹായങ്ങൾ നൽകുന്നത് അവരാണ്. ദൈവകൃപയാണ് താങ്കളെ പ്രേരിപ്പിച്ചത്. എന്റെ ബജറ്റ് താങ്കളാണ്. യേശു വാഗ്ദാനം ചെയ്തതുപോലെ ദൈവം നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നു. അദ്ദേഹം നൽകിയ കെട്ടിടം ഞാൻ സ്വീകരിച്ച് അതിന് ആശാദാൻ (പ്രതീക്ഷയുടെ സമ്മാനം) എന്ന് പേര് നൽകി.

---

ഒരിക്കൽ ഞാൻ ഒരു മാലിന്യക്കൂമ്പാരത്തിൽ നിന്ന് ഒരു സ്ത്രീയെ എടുത്ത് കൊണ്ടുവന്നു, അവൾക്ക് കലശലായ പനിയുണ്ടായിരുന്നു; അവൾ അവളുടെ അവസാന ദിനങ്ങളിലായിരുന്നു, അവളുടെ ഒരേയൊരു വിലാപം ഇതായിരുന്നു: 'എന്റെ മകൻ എന്നോട് ഇങ്ങനെ ചെയ്തു.' ഞാൻ അവളോട് അപേക്ഷിച്ചു: 'നിങ്ങൾ നിങ്ങളുടെ മകനോട് ക്ഷമിക്കണം. ഒരു ഭ്രാന്തൻ നിമിഷത്തിൽ, അവൻ ഖേദിക്കുന്ന ഒരു കാര്യമാണ് ചെയ്തത്. അവന് ഒരു അമ്മയാകൂ, അവനോട് ക്ഷമിക്കൂ.' 'ഞാൻ എന്റെ മകനോട് ക്ഷമിക്കുന്നു' എന്ന് അവളെക്കൊണ്ട് പറയിപ്പിക്കാൻ എനിക്ക് ഒരുപാട് സമയമെടുത്തു. എന്റെ കൈകളിൽ കിടന്ന് മരിക്കുന്നതിന് തൊട്ടുമുമ്പ്, യഥാർത്ഥമായ ക്ഷമയോടെ അവൾക്കത് പറയാൻ കഴിഞ്ഞു. അവൾ മരിക്കുന്നതിനെക്കുറിച്ച് വേവലാതിപ്പെട്ടില്ല. അവളുടെ ഹൃദയം തകർത്തത് അവളുടെ മകൻ അവളെ ആഗ്രഹിച്ചില്ല എന്നതാണ്. ഇത് നിങ്ങൾക്കും എനിക്കും മനസ്സിലാക്കാൻ കഴിയുന്ന ഒന്നാണ്.

---


മരിക്കുന്നവരുടെ മുഖം കൈകളിൽ പിടിച്ച് അവരോട് ഇങ്ങനെ പറയാൻ മദറിന് ഒരു ശീലമുണ്ടായിരുന്നു: 'നിങ്ങൾ യേശുവിനെ കാണുമ്പോൾ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നുവെന്ന് പറയുക. ഞങ്ങൾ നിങ്ങളോടൊപ്പം പ്രാർത്ഥിച്ചുവെന്നും പറയുക.'

ഒരു മനുഷ്യൻ മരിച്ചുകൊണ്ടിരിക്കുമ്പോൾ മദർ തെരേസയോട് പറഞ്ഞു, 'ഞാൻ ഒരു മൃഗത്തെപ്പോലെ ജീവിച്ചു, പക്ഷേ ഒരു മനുഷ്യനെപ്പോലെ മരിച്ചു.' എന്ന് മോൺസിഞ്ഞോർ മണിയൻ പങ്കുവെച്ചു.

'ദുരിതത്തിലായിരിക്കുന്നവരെ ആശ്വസിപ്പിക്കാനും, നമ്മൾ അമിതമായി ആശ്വസിക്കുമ്പോൾ നമ്മളെ വിഷമിപ്പിക്കാനും ദൈവത്തിന്റെ ദാനമുള്ള ഒരാളായിരുന്നു മദർ – എപ്പോഴും സ്നേഹമുള്ള ഹൃദയത്തോടെ' മോൺസിഞ്ഞോർ മണിയൻ പറഞ്ഞു. 'ക്രിസ്തുവിന്റെ കൃപയാൽ എല്ലാവർക്കും അവൾ ചെയ്യുന്നത് ചെയ്യാൻ കഴിയുമെന്നും, ദരിദ്രരെ സേവിക്കാൻ എല്ലാവർക്കും ഒരു വഴിയുണ്ടെന്നും അവൾ വിശ്വസിച്ചു.

---

ഒരു രാത്രി ഞാൻ ഒരു ബിസിനസ്സ് യാത്ര കഴിഞ്ഞ് മടങ്ങുകയായിരുന്നു, ക്ഷീണിതനും ഒരു ചെറിയ വീട്ടുവിരസതയും ഉണ്ടായിരുന്നു. ജെറ്റ് ഡിട്രോയിറ്റിൽ നിലം തൊട്ടയുടൻ ഞാൻ മീറ്റിംഗ് നോട്ടുകൾ പൂർത്തിയാക്കി. ക്ഷീണിതനായി, ഞാൻ പേപ്പറുകൾ ബ്രീഫ്കേസിലേക്ക് തിരുകിക്കയറ്റി വിമാനത്തിൽ നിന്ന് ഇറങ്ങി ആളനക്കമില്ലാത്ത ഇടനാഴിയിലേക്ക് നടന്നു, എന്റെ കാൽപ്പെരുമാറ്റം മുഴങ്ങി.



*'ദുരിതത്തിലായിരിക്കുന്നവരെ ആശ്വസിപ്പിക്കാനും, നമ്മൾ അമിതമായി ആശ്വസിക്കുമ്പോൾ നമ്മളെ വിഷമിപ്പിക്കാനും ദൈവത്തിന്റെ ദാനമുള്ള ഒരാളായിരുന്നു മദർ - എപ്പോഴും സ്നേഹമുള്ള ഹൃദയത്തോടെ' മോൺസിഞ്ഞോർ മണിയൻ പറഞ്ഞു. 'ക്രിസ്തുവിന്റെ കൃപയാൽ എല്ലാവർക്കും അവൾ ചെയ്യുന്നത് ചെയ്യാൻ കഴിയുമെന്നും, ദരിദ്രരെ സേവിക്കാൻ എല്ലാവർക്കും ഒരു വഴിയുണ്ടെന്നും അവൾ വിശ്വസിച്ചു.*

എന്റെ നോട്ടം മൂന്ന് കന്യാസ്ത്രീകളിലേക്ക് നീണ്ടു. അവർ അടുത്തുവന്നപ്പോൾ, ഞാൻ മദർ തെരേസയെ തിരിച്ചറിഞ്ഞ് അവരുടെ പേര് വിളിച്ചു. അവർ നിന്നു പുഞ്ചിരിച്ചു. ഞാൻ എന്റെ ബ്രീഫ്കേസ് താഴെയിട്ട്, കൈ നീട്ടി അവരുടെ അടുത്തേക്ക് നടന്നു. അവർ എന്റെ കൈ പിടിച്ച് സൗഹൃദപരമായി പിടിച്ചു.

'ദയവായി എനിക്കു വേണ്ടി പ്രാർത്ഥിക്കുമോ?' ഞാൻ ചോദിച്ചു.

അവർ എന്റെ കയ്യിൽ തട്ടി, എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് മറുപടി പറഞ്ഞു, 'നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കൂ.'

വീട്ടിലേക്ക് ഡ്രൈവ് ചെയ്യുമ്പോൾ ഞാൻ അങ്ങനെ ചെയ്തു. അവരുടെ ശുശ്രൂഷയിൽ ദൈവാനുഗ്രഹം ചോദിക്കുകയും അവരെ കണ്ടുമുട്ടാൻ ഭാഗ്യം ലഭിച്ചതിന് ദൈവത്തോട് നന്ദി പറയുകയും ചെയ്തു.

മദർ തെരേസ എന്നോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടിട്ട് എട്ട് വർഷം കഴിഞ്ഞു. അവരുടെ വാക്കുകളെക്കുറിച്ച് ഞാൻ പലതവണ ചിന്തിച്ചിട്ടുണ്ട്. ആദ്യം, എനിക്ക് അവരെ സഹായിക്കാൻ കഴിയുമെന്ന് അവർ കരുതിയതിൽ ഞാൻ അത്ഭുതപ്പെട്ടു. മദർ തെരേസ എന്നോട് അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ആഗ്രഹിക്കുക മാത്രമല്ല, പ്രാർത്ഥനയിലൂടെ ഞാൻ ദൈവത്തോട് കൂടുതൽ അടുക്കുമെന്ന് അവർക്ക് അറിയാമായിരുന്നു എന്നും എനിക്ക് തോന്നി.

ചിന്താജാലകം

# വംശഹത്യയുടെ നിഴലിൽ ഒരു ക്ഷമയുടെ കഥ

ആശയാനുവാദം : ഷാലി ജോബ്

**വിഭജനത്തിന്റെയും വെറുപ്പിന്റെയും അക്രമത്തിന്റെയും മുറിവേറ്റ ലോകത്ത്, ഇമ്മാക്കുലീ ഇലിബഗിസയെപ്പോലുള്ളവരുടെ കഥകൾ പ്രകാശഗോപുരങ്ങളായി തിളങ്ങുന്നു. ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കും, ഭയത്തിൽ നിന്ന് വിശ്വാസത്തിലേക്കുമുള്ള അവളുടെ യാത്ര ശ്രദ്ധേയമായ ഒരു മാനുഷികകഥ മാത്രമല്ല, ആഴത്തിൽ ക്രൈസ്തവമായ ഒന്നുകൂടിയാണ്. പ്രാർത്ഥനയുടെ ശക്തിക്കും, ക്ഷമയുടെ അത്ഭുതത്തിനും, മരണത്തിന്റെ താഴ്വരയിലും ദൈവത്തിന്റെ നിരന്തരമായ സാന്നിധ്യത്തിനും ഇതൊരു ആധുനിക കാലത്തെ സാക്ഷ്യമാണ്.**

**കുളിമുറിയുടെ നിശ്ശബ്ദത**

1994-ൽ, കിഴക്കൻ ആഫ്രിക്കൻ രാജ്യമായ റുവാണ്ട നരകതുല്യമായി മാറി. 100 ദിവസങ്ങൾക്കുള്ളിൽ, 800,000-ത്തിലധികം പുരുഷന്മാരും സ്ത്രീകളും കുട്ടികളും നിഷ്ഠുരമായ വംശഹത്യയുടെ ഇരകളായി - ടുട്സി ജനതയ്ക്കെതിരായ വംശഹത്യയുടെ ഇരകൾ.

വംശീയ അതിക്രമങ്ങൾ തുടങ്ങിയപ്പോൾ ഇമ്മാക്കുലീ 22 വയസ്സുള്ള ഒരു യൂണിവേഴ്സിറ്റി വിദ്യാർത്ഥിനിയായിരുന്നു, ഈസ്റ്ററിന് വീട്ടിൽ വന്നതായിരുന്നു അവൾ. ഒരു നിമിഷംകൊണ്ട്



*ഇമ്മാക്കുലീ ഇലിബഗിസ*

അവളുടെ ലോകം തകർന്നു. അവളുടെ മാതാപിതാക്കന്മാരെയും രണ്ട് സഹോദരന്മാരെയും ബന്ധുക്കളെയും സുഹൃത്തുക്കളെയും വേട്ടയാടി കൊലപ്പെടുത്തി. എന്നാൽ ഒരു പ്രാദേശിക പാസ്റ്ററുടെ ദയയും ധൈര്യവും കാരണം, അവൾ മറ്റ് ഏഴ് സ്ത്രീകളോടൊപ്പം 3:4 അടി വലുപ്പമുള്ള ഒരു കുളിമുറിയിൽ ഒളിപ്പിച്ചു താമസിപ്പിച്ചു. അവർ 91 ദിവസം പൂർണ്ണ നിശ്ശബ്ദരായി അവിടെ കഴിഞ്ഞു.

ഒന്ന് സങ്കൽപ്പിക്കുക: നിവർന്നു നിൽക്കാനോ സംസാരിക്കാനോ സ്വതന്ത്രമായി ചലിക്കാനോ കഴിയാതെ. സായുധരായ ആളുകൾ അവളെ തേടിയെത്തി, ചിലപ്പോൾ അവളുടെ പേര് വിളിച്ച്. അവരുടെ കാല്പെരുമാറ്റവും മൺചെട്ടികൾ നിലത്ത് ഉരസുന്ന ശബ്ദവും അവൾക്ക് കേൾക്കാമായിരുന്നു. 'അവൾ ഇവിടെയുണ്ടെന്ന് ഞങ്ങൾക്കറിയാം' അവർ പറഞ്ഞു. അവളുടെ ഒരേയൊരു പ്രതിരോധം പ്രാർത്ഥനയായിരുന്നു.

വിറയലോടെ അവൾ പിതാവ് നൽകിയ അവസാന സമ്മാനമായ ജപമാല മുറുകെപ്പിടിച്ചു. അതിജീവനത്തിനായി മാത്രമല്ല, സമാധാനം നഷ്ടപ്പെട്ട ലോകത്ത് കുറച്ച് സമാധാനം കണ്ടെത്താൻ അവൾ മരിയൻ പ്രാർത്ഥനകളും ദിവ്യകാരുണ്യ ജപങ്ങളും ആവർത്തിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി.

'ഭയം എന്നെ കീഴടക്കിയിരുന്നു', അവൾ ക്രമേണ തന്റെ 'ലെഫ്റ്റ് ടു ടെൽ' എന്ന പുസ്തകത്തിൽ എഴുതി. 'എന്നാൽ പിന്നീട് എനിക്ക് ദൈവത്തിന്റെ സാന്നിധ്യം അനുഭവപ്പെടാൻ തുടങ്ങി. ഇത് എന്തുകൊണ്ടാണ് സംഭവിക്കുന്നതെന്ന് എനിക്ക് മനസ്സിലായില്ലെങ്കിലും, അവിടന്ന് എന്റെ കൂടെയുണ്ടെന്ന് എനിക്കറിയാമായിരുന്നു.' വെറുപ്പ് തട്ടുമ്പോൾ, കരുണ തിരഞ്ഞെടുക്കുക

വംശഹത്യ അവസാനിച്ചപ്പോൾ, താൻ സ്നേഹിച്ചവരെല്ലാം കൊല്ലപ്പെട്ടുവെന്ന് കണ്ട് ഇമ്മാക്കുലീ ഒളിവിൽ നിന്ന് പുറത്തുവന്നു. കുളിമുറി അവളുടെ ജീവൻ രക്ഷിച്ചു, പക്ഷേ, അവൾ പുറത്തിറങ്ങിയപ്പോൾ കണ്ട ലോകം തിരിച്ചറിയാൻ കഴിയാത്തതായിരുന്നു. അവൾ തകർന്നുപോയി, ദുഃഖിതയായിരുന്നു, ഒറ്റപ്പെട്ടതായിരുന്നു. എന്നാൽ ദേഷ്യവും കയ്പും അവളെ കാർന്നുതിന്നാൻ അനുവദിക്കുന്നതിനു പകരം, ഇമ്മാക്കുലീ ഒരു നിർണായകമായ തിരഞ്ഞെടുപ്പ് നടത്തി - ക്ഷമിക്കാനുള്ള തിരഞ്ഞെടുപ്പ്. സൈദ്ധാന്തികമായിയിരുന്നില്ല, അമൂർത്തമായായിരുന്നു, മറിച്ച് യഥാർത്ഥ ജീവിതത്തിൽ. പിന്നീട് അവൾ തന്റെ അമ്മയെയും

സഹോദരരെയും കൊന്നയാളെ കണ്ടുമുട്ടി. അവന്റെ മുന്നിൽ നിൽക്കുമ്പോൾ, കഴിഞ്ഞകാലത്തെ എല്ലാ വേദനകളും ഉള്ളിൽ വിറങ്ങലിച്ച്, നമ്മിൽ മിക്കവർക്കും ഉച്ചരിക്കാൻ പോലും കഴിയാത്ത വാക്കുകൾ അവൾ പറഞ്ഞു: 'ഞാൻ നിനക്ക് മാപ്പ് നല്കുന്നു.' അതൊരു ബലഹീനതയായിരുന്നില്ല. അത് ക്രിസ്തുതുല്യമായ ഒരു ശക്തിയായിരുന്നു.

അവളുടെ കരുണയുടെ പ്രവൃത്തി നീതിയെ നിഷേധിക്കുന്നതായിരുന്നില്ല, മറിച്ച് കൃപയുടെ പരിവർത്തന ശക്തിക്ക് ഒരു സാക്ഷ്യമായിരുന്നു. അത് സുവിശേഷത്തിന്റെ ഹൃദയത്തെത്തന്നെ പ്രതിധ്വനിച്ചു - കുരിശിൽ നിന്നുള്ള ക്രിസ്തുവിന്റെ വാക്കുകൾ: 'പിതാവേ, ഇവർ ചെയ്യുന്ന തെന്താണെന്ന് ഇവർക്കറിയാത്തതുകൊണ്ട് ഇവരോട് ക്ഷമിക്കണമേ' (ലൂക്കാ 23:34).

**ഒരു ജീവിക്കുന്ന സാക്ഷി**

ഇന്ന്, ഇമ്മാക്കുലീ തന്റെ കഥ ലോകമെമ്പാടും പങ്കുവയ്ക്കുന്നു. അവൾ ഒരു ദൈവശാസ്ത്രജ്ഞയല്ല, അല്ലെങ്കിൽ വാക്ചാതുര്യമുള്ള ഒരു പ്രശസ്ത പ്രഭാഷികയുമല്ല. അവൾ ഒരു മുറിവേറ്റ രോഗശാന്തിക്കാരിയാണ്, അവളുടെ മുറിവുകൾ പുണ്യമായി മാറ്റിയ ഒരു സ്ത്രീ. അവളുടെ സന്ദേശം ലളിതവും എന്നാൽ അഗാധവുമാണ്: ദൈവം യഥാർഥ്യമാണ്. പ്രാർത്ഥന ഫലിക്കുന്നു. ക്ഷമ നിങ്ങളെ സ്വതന്ത്രരാക്കുന്നു. അവളുടെ 'ലെഫ്റ്റ് ടു ടെൽ' എന്ന പുസ്തകം ദശലക്ഷക്കണക്കിന് വായനക്കാരെ സ്പർശിക്കുകയും സുവിശേഷവത്കരണത്തിനും രോഗശാന്തിക്കുമുള്ള ശക്തമായ ഒരു ഉപകരണമായി മാറുകയും ചെയ്തു.നമുക്കെല്ലാവർക്കുമുള്ള ഒരു വെല്ലുവിളിയാണ് ഇമ്മാക്കുലീയുടെ കഥ നമ്മുടെ സ്വന്തം ജീവിതം പരിശോധിക്കാൻ നമ്മെ ക്ഷണിക്കുന്നു. നമ്മൾ എന്ത് കയ്പാണ് മനസ്സിൽ സൂക്ഷിക്കുന്നത്? നമ്മുടെ ഹൃദയങ്ങളിൽ എന്തെന്തു ഭയങ്ങളാണ് വേരൂന്നാൻ നമ്മൾ അനുവദിച്ചിട്ടുള്ളത്? വെറുപ്പ് തട്ടുമ്പോൾ നമ്മൾ എങ്ങനെ പ്രതികരിക്കുന്നു?

ക്രിസ്തുമതം എളുപ്പമുള്ള ഒരു ജീവിതക്രമമല്ല - അത് വീരോചിതമായ സ്നേഹത്തിനായുള്ള ഒരു വിളിയാണെന്ന് ഇമ്മാക്കുലിയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.

## ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർ ഭവനിൽ വച്ച് നടത്തുന്ന സെപ്റ്റംബർ മാസത്തെ പരിപാടികൾ:

**വിവാഹ ഒരുക്ക കോഴ്സ്:**സെപ്റ്റംബർ 5, 6, 7 & 19, 20, 21 രാവിലെ 8 മണി മുതൽ വൈകീട്ട് 5 മണി വരെ.
**മാതൃവേദി കൂട്ടായ്മ** :സെപ്റ്റംബർ 6, ശനിയാഴ്ച രാവിലെ 10.30 ന്
**വിധവ സംഗമം (അൽമാന):**സെപ്റ്റംബർ 13, ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 ന്
**ഏകസ്ഥ കൂട്ടായ്മ:**സെപ്റ്റംബർ 18 വ്യാഴാഴ്ച, രാവിലെ 10.30 ന്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളി ലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2025 സെപ്റ്റംബർ 28 ഞായറാഴ്ച 3 മണിക്ക് എറണാകുളം ആശിർഭവനിൽ.

## ആർച്ച്ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

*1.മൗണ്ട് കാർമ്മൽ ചർച്ച്, ചാത്യാത്ത് : 50,000 രൂപ*
*2.സി.ടി.സി. ജനറലേറ്റ്, ഇടപ്പള്ളി: 25,000 രൂപ*
*3.ലേയിംഗ് ഓഫ് ഫൗണ്ടേഷൻസ്റ്റോൺ - നോബർട്ടിൻസ് : 10,000 രൂപ*
*4.സെന്റ് ആൻസ് ചർച്ച്, തോട്ടക്കാട്ടുകര : 35,000 രൂപ*
*5.കപ്പൂച്ചിൻ ആശ്രമം, പൊന്നുരുന്നി: 7,000 രൂപ*
*6.നിത്യസഹായമാതാ ചർച്ച്, ഉദയംപേരൂർ : 5,000 രൂപ*
*7.ഡോമിനിക്കൻ സിസ്റ്റേഴ്സ്, അമലാംബിക കോൺവെന്റ്, വടുതല :25,000 രൂപ*
*8.ഔർ ലേഡി ഓഫ് മൗണ്ട് കാർമൽ & സെന്റ് ജോസഫ് ചർച്ച് വരാപ്പുഴ : 40,000 രൂപ*
*9.സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്, ആലുവ : 10,000 രൂപ*
*10.ബെന്നി & നിഷ, വല്ലാർപാടം : 2000 രൂപ*
*11.മൗണ്ട് കാർമ്മൽ ചർച്ച്, മാമംഗലം: 15,000 രൂപ*
*ആകെ : 2,24,000 രൂപ*

# ബിഷപ്പ് അലോഷ്യസ് മേരി - കയ്പുനീരിന്റെ ദാസൻ



***ജോസഫ് മാനിഷാദ്***
***മട്ടയ്ക്കൽ***
***കൊങ്ങോർപ്പിള്ളി***

*വ്യത്യസ്തങ്ങളായ രണ്ട് ആരാധനാക്രമരീതികളെ ഒരേസമയം വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്ത വരാപ്പുഴ വികാരിയത്തിലെ മെത്രാന്മാർക്കിടയിൽ ഏറ്റവുമധികം കൈപ്പുനീർ കുടിക്കേണ്ടിവന്ന ഒരു മെത്രാനെ നമുക്ക് ഇത്തവണത്തെ ചരിത്രവിളക്കിലൂടെ പരിചയപ്പെടാം. അകത്തുനിന്നും പുറത്തുനിന്നുമുള്ള അക്രമണങ്ങളെ ഈശോയോടുള്ള സ്നേഹത്താൽ വളരെ സ്നേഹപൂർവ്വം സഹിക്കുകയും നീണ്ട 18 വർഷം അതിനെ മാധുര്യമുള്ളതാക്കിതീർക്കുകയും 59 വയസ്സിൽ വരാപ്പുഴയിൽവച്ച് നിത്യസമ്മാനത്തിന് വിളിക്കപ്പെടുകയും ചെയ്ത ബിഷപ്പ് അലോഷ്യസ് മേരിയെ അദ്ദേഹത്തിന്റെ വാക്കുകളിലൂടെ നമുക്ക് അറിയുകയും ചെയ്യാം.*

1743 ഡിസംബർ 3-ന് ഇറ്റലിയിലെ റോമൻ പ്രവിശ്യയിലെ മുറോസ്കോപയിൽ ആണ് ഞാൻ ജനിച്ചത്. അലോഷ്യസ് പിയനാസി എന്ന ഞാൻ 1762 ജനുവരി 10-ന് കർമ്മലീത്താസഭയിൽ വ്രതമേറ്റു. 1771 ജൂലൈ 30-ന് എന്നെ മലബാറിലെ വരാപ്പുഴ മിഷനിലേക്ക് നിയമിച്ചു. യാത്രാസംവിധാനങ്ങൾ കുറവായിരുന്നതിനാൽ ഞാൻ വരാപ്പുഴയിലെത്തിച്ചേർന്നത് 1773 ഫെബ്രുവരി 7-നാണ്. 1777-ൽ എനിക്ക് മൈസൂറിലും മധുരയിലുമായി മിഷൻ പ്രവർത്തനങ്ങൾക്കായി പോകേണ്ടിവന്നു. 1781-ൽ തിരികെ ഞാൻ വരാപ്പുഴയിലെത്തിച്ചേർന്നു.

ഞാനിവിടേക്ക് വീണ്ടും വന്ന സമയത്ത് വികാരി അപ്പസ്തോലിക്ക അഭിഷിക്തനായിട്ടില്ലായിരുന്നു. 1779-ൽ സഹമിഷണറിമാരുടെ സഹകരണക്കുറവുമൂലം രാജിവയ്ക്കേണ്ടിവന്ന അഭിവന്ദ്യ ഫ്രാൻസിസ് സാലസ് മെത്രാനുശേഷം, 1780-ൽ നിയമിതനായ ജോൺ മേരി എന്ന മിഷണറി വൈദികൻ മെത്രാഭിഷേകത്തിന് മുമ്പായി മദ്രാസിൽവച്ച് ദിവംഗതനായതോടെയാണ് ഇങ്ങനെയൊരു അവസ്ഥ വരാപ്പുഴയ്ക്ക് സംജാതമായത്. അതോടെ, 1779 മുതൽ അഞ്ചുവർഷക്കാലം വരാപ്പുഴയിൽ മെത്രാന്മാർ ഇല്ലായിരുന്നു.

ഈ കാലയളവിൽ, ഏതാനുംനാൾ ഗ്രേറ്റ് മുഗൾ വികാരി അപ്പസ്തോലിക്കയുടെ ചുമതലയിൽ ആയിരുന്നു, നമ്മുടെ വികാരിയത്ത്. 1784 മാർച്ച് 30-ന് ഫാ. അലോഷ്യസ് മേരി ഓഫ് ജീസ്സസ് പിയനാസ്സി ഒ.സി.ഡി. എന്നെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയായും ടുണീഷ്യയിലെ ഉസുല എന്ന സ്ഥാനികരൂപതയുടെ 3-ാമത്തെ മെത്രാനുമായുമായി റോം നിയമിച്ചു. തബ്രാക്കയിലെ സ്ഥാനിക മെത്രാനും തായ്ലണ്ടിലെ സിയാം വികാരിയത്തിന്റെ വികാരി അപ്പസ്തോലിക്കയുമായിരുന്ന കർണ്ണാട്ടിക്/ പോണ്ടിച്ചേരി മിഷൻ സുപ്പീരിയർ പിയെറെ ബ്രിഗോട്ടിൽ പിതാവിൽനിന്നും 1785 സെപ്തംബർ 18-ന് പോണ്ടിച്ചേരിയിൽവച്ച് ഞാൻ അഭിഷിക്തനായി. 2025-ൽ 240 വർഷം ആകുന്നു.

അത്രയുംകാലം കാര്യഗൗരവമായ പ്രശ്നങ്ങളൊന്നുമില്ലാതെ പോയിരുന്ന ഈ വികാരിയത്തിൽ, അധികാരമോഹം തലയ്ക്കു പിടിച്ച ഒരു സുറിയാനി കത്തനാരുടെ അന്യായമായ ഇടപെടലുകളും നടപടികളും കർമ്മലീത്തരായ ഞങ്ങളെ വല്ലാതെയുലച്ചു. ഞാൻ ചുമതലയേല്ക്കുംമുമ്പ് നടന്ന സംഭവമായിട്ടും അതിന്റെ തിരയിളക്കം ആഞ്ഞടിച്ചത് ഞാൻ വികാരി അപ്പസ്തോലിക്കയായിരിക്കുമ്പോഴാണ്.

അക്കാലത്ത്, പാദ്രൊവാദോ സംവിധാനത്തിൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി പോർച്ചുഗൽ രാജ്ഞിയാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ആലങ്ങാട് സ്വദേശിയായ ഫാ. ജോസഫ് കരിയാറ്റിലിനെ പരിശുദ്ധ സിംഹാസനം 1782-ൽ മെത്രാപ്പോലീത്ത പദവിയിലേക്കുയർത്തിയിരുന്നു. എന്നാൽ തിരിച്ചുവരുംവഴി ഗോവയിൽവച്ച് പനി ബാധിച്ച് അദ്ദേഹം നിര്യാതനായി. ജോസഫ് കരിയാറ്റിൽ പിതാവിനോടൊപ്പം റോമിൽ പോയിട്ടുണ്ടായിരുന്ന പാറേമാക്കൽ തോമസ് എന്ന കത്തനാരെ മരണക്കിടക്കയിൽവച്ച് കൊടുങ്ങല്ലൂർ ഗവർണ്ണദോരായി അദ്ദേഹം നിയമിച്ചു. അദ്ദേഹത്തിന് ആ നിയമനം പോരായിരുന്നു. മെത്രാപ്പോലീത്തയാകാനുള്ള അദ്ദേഹത്തിന്റെ അതിമോഹത്താൽ അതിന് തടസ്സംനിന്ന വരാപ്പുഴയിലെ കർമ്മലീത്തർക്കെതിരെ അദ്ദേഹം ഉണ്ടാക്കിയ പ്രശ്നങ്ങളുടെ തിക്തഫലം അഭിമുഖീകരിക്കേണ്ടിവന്നത് ഞാനാണ്.

പാറേമാക്കൽ തോമസ് കത്തനാരുടെ ആഹ്വാനപ്രകാരം കർമ്മലീത്തരോടുള്ള പ്രതികാര നടപടികൾക്കായി ഒരുപറ്റം സുറിയാനിക്കാർ 1787-ൽ അങ്കമാലിയിൽ ഒന്നിച്ചുകൂടി. ആദ്യകാലം മുതൽ വിദേശമിഷണറിമാർ സുറിയാനിക്കാരോടു കാണിച്ചു എന്ന് അവകാശപ്പെടുന്ന ക്രൂരകൃത്യങ്ങളുടെ പട്ടിക ഇവർ തയ്യാറാക്കി. ജോസഫ്

കരിയാറ്റിൽ മെത്രാപ്പോലീത്താ പനി പിടിച്ചു മരിച്ചതാണെന്ന് അദ്ദേഹത്തിന് പൂർണ്ണബോധ്യമുണ്ടായിരുന്നിട്ടും കർമ്മലീത്തർ കൊന്നതാണെന്നുവരെ ജനങ്ങളെ വിശ്വസിപ്പിക്കുകയും തിരുവിതാംകൂർ രാജസന്നിധിയിൽ ആരോപണങ്ങളെത്തുകയും ചെയ്തു. അന്വേഷണത്തിൽ ആരോപണങ്ങളെല്ലാം തെറ്റാണെന്ന് രാജാവിന് ബോധ്യപ്പെട്ടു. എങ്കിലും, പാറേമാക്കൽ തോമസ് കത്തനാർ കർമ്മലീത്തർക്കെതിരെ ബോധപൂർവ്വം ദുരാരോപണങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു.

ഇതുനടന്ന് അധികം കഴിയുംമുന്നേ, മൈസൂറിൽനിന്നും ടിപ്പുവിന്റെ പടയോട്ടംമൂലമുണ്ടായ നാശനഷ്ടങ്ങളും വികാരിയത്തിനെ കാര്യമായി ബാധിച്ചു. 1789 നവംബറിൽ മലബാറിൽനിന്ന് കൊച്ചിയുടെ അതിർത്തിയായ തൃശൂരിൽ ആസ്ഥാനമുറപ്പിച്ചുകൊണ്ട് കുര്യാപ്പിള്ളി, പറവൂർ, ചേന്ദമംഗലം, ആലങ്ങാട് വഴി ടിപ്പുവിന്റെ പട വരാപ്പുഴയിലെത്തി. പല ദൈവാലയങ്ങളും സെമിനാരികളും തകർക്കപ്പെട്ടു. വിശ്വാസികൾ പലയിടങ്ങളിലേക്ക് ചിതറിക്കപ്പെട്ടു. മതംമാറ്റവും അതിന് വിസമ്മിക്കുന്നവരെ നാടുകടത്തലും ഉണ്ടായി. എന്റെ വികാരി ജനറാളും തിരുവിതാംകൂർ രാജാവിന്റെ സുഹൃത്തും ഗുരുവുമായിരുന്ന പൗളിനോസ് ആ സാന്താ ബർത്തലോമിയ എന്ന സഹമിഷണറി ഒരു ചരിത്രകാരൻ കൂടിയായിരുന്നു.

ടിപ്പുവിന്റെ ആക്രമണങ്ങളിൽനിന്നും മലയാളനാടിന് ഒരുതരത്തിലുള്ള മോചനം സാധ്യമായത് ബ്രിട്ടീഷുകാരുടെ വരവോടെയാണ്. എല്ലായിടത്തും സ്കൂളുകൾ സ്ഥാപിച്ചുകൊണ്ട്, കത്തോലിക്കാവിരുദ്ധമായ അവരുടെ പ്രൊട്ടസ്റ്റന്റ് മതം, ഇംഗ്ലീഷ് ഭാഷാപഠനം വഴി ജനങ്ങളിലെത്തിക്കുന്നതായിരുന്നു അവരുടെ തന്ത്രം. അന്നത്തെ രീതിയനുസരിച്ച് ഇംഗ്ലീഷ് സ്കൂളുകളിൽ കത്തോലിക്കർ പഠിക്കുന്നത് ഞങ്ങൾ നിരുത്സാഹപ്പെടുത്തിയിരുന്നു. ലത്തീൻ ഭാഷയ്ക്ക് പകരം ഇംഗ്ലീഷ് ഭാഷ ലോകഭാഷയായി തീരാൻ അധികകാലമെടുത്തില്ല എന്നത് രാഷ്ട്രീയമായും സാമ്പത്തികമായും ലോകത്ത് മേല്ക്കോയ്മ നേടാൻ അവർക്ക് സാധിച്ചു.

*തമ്പ്രാക്കയിലെ സ്ഥാനിക മെത്രാനും തായ്‌ലണ്ടിലെ സിയാം വികാരിയത്തിന്റെ വികാരി അപ്പസ്തോലിക്കയുമായിരുന്ന കർണ്ണാട്ടിക്/പോണ്ടിച്ചേരി മിഷൻ സുപ്പീരിയർ പിയെറെ ബ്രിഗോട്ടിൽ പിതാവിൽനിന്നും 1785 സെപ്തംബർ 18-ന് പോണ്ടിച്ചേരിയിൽവച്ച് ഞാൻ അഭിഷിക്തനായി. 2025-ൽ 240 വർഷം ആകുന്നു.*

ഇക്കാലത്ത്, കൊച്ചി രാജാവായ ശക്തൻ തമ്പുരാൻ ലത്തീൻകാരെ തിരഞ്ഞുപിടിച്ച് സ്വത്തുക്കൾ കൈക്കലാക്കി രാജ്യത്തുനിന്നും ഓടിക്കുകയും സുറിയാനിക്കാരെ തൃശൂർ, കുന്നംകുളം, ഇരിഞ്ഞാലക്കുട, ചാലക്കുടി, തൃപ്പൂണിത്തുറ എന്നീ നഗരങ്ങളിൽ സ്വത്തുക്കൾ നല്കി പാർപ്പിക്കുകയും ചെയ്തു. ഇതും വികാരിയത്തിലെ ലത്തീൻ വിശ്വാസികളെ ഒരുപാട് കഷ്ടപ്പെടുത്തി. ഇതൊക്കെക്കൂടാതെ, പൗരസ്ത്യസഭയിലെ ഒരു മെത്രാനെ ലഭിക്കാൻ സിറിയയിലേക്ക് പാറേമാക്കാൽ തോമാ കത്തനാരും കൂട്ടരുമയച്ച നിവേദകസംഘത്തിലെ പുത്തൻചിറ സ്വദേശിയായ പണ്ഡാരി പൗലോ എന്ന ഒരു അല്മായനെ സിറിയായിലെ പാത്രിയാർക്കീസ് മെത്രാൻപട്ടംനല്കി മലബാറിലേക്കയച്ചു. അദ്ദേഹം അനേകംപേർക്ക് വൈദികപട്ടം നല്കി. കുറേപ്പേർ പണ്ഡാരിയുടെ പിന്നാലെ ചേർന്നു. എന്റെ കാലത്ത് അരങ്ങേറിയ, അയാൾ വഴിയുണ്ടായ സഭയിലെ ഛിദ്രങ്ങൾക്ക് പണ്ഢാരി ശീശ്മ എന്ന പേര് വീണു.

ഇങ്ങനെ അകത്തുനിന്നും പുറത്തുനിന്നും ആക്രമണങ്ങൾ എന്നും നേരിട്ട ഞാൻ, കഷ്ടപ്പാടുകൾ നിറഞ്ഞ 18 വർഷത്തോളം വികാരിയത്തിനെ നയിച്ചു. താങ്ങാവുന്നതിലധികമായിരുന്നു, എന്റെ കാലഘട്ടം. ദുരിതപൂർണ്ണമായിരുന്നുവെങ്കിലും ദൈവാശ്രയ ബോധത്തോടെ, കർമ്മലനാഥയുടെ സഹായത്താൽ, വികാരിയത്തിലെ ജനങ്ങളെ വിശ്വാസത്തിൽ വളർത്താനായി എന്ന ചാരിതാർത്ഥ്യത്തോടെ, 59-ാം വയസ്സിൽ വരാപ്പുഴയിൽവച്ച് 1802 ഏപ്രിൽ 2-ന് ഞാൻ നിത്യസമ്മാനത്തിന് യാത്രയായി.

എന്റെ കാലത്ത് വരാപ്പുഴയിൽ ഒരു മെത്രാഭിഷേകം നടന്നു. ഗ്രേറ്റ് മുഗൾ വികാരി അപ്പസ്തോലിക്കയായി നിയമിതനായ ഫാ. പീറ്റർ അല്ക്കാന്ത്ര ഓഫ് സെന്റ് ആന്റണിയെ (ഫാ. അന്തോണിയോ റമസ്സീനി) 1795 നവംബർ 25-ന് വരാപ്പുഴയിൽവച്ച് മെത്രാനായി അഭിഷേകം നടത്തിയത് ഞാനാണ്. വരാപ്പുഴയിൽ നടന്ന രണ്ടാമത്തെ മെത്രാഭിഷേകകർമ്മമാണിത്. വരാപ്പുഴയിലുണ്ടായിരുന്ന ഫാ. ജോൺ ആന്റണി സ്ട്രാറ്റ്മാനെ 1746-ൽ ഗ്രേറ്റ് മുഗൾ വികാരി അപ്പസ്തോലിക്കയായി അഭിഷേകം ചെയ്തതതാണ് ആദ്യത്തേത്.

ഇറ്റലിയിലെ വലിയ റോമായിൽ ജനിച്ച് വരാപ്പുഴയെന്ന കൊച്ചുറോമായിൽ മരിച്ച് അടക്കം ചെയ്യപ്പെട്ട ഞാനുൾപ്പെടുന്ന മിഷണറിമാരുടെ ത്യാഗത്തിന്റെ, ജീവന്റെ വിലയായി ഇന്ന് മലയാളക്കരയിൽ ക്രിസ്തുവിനായി അനേകം പേർ വിശ്വാസികളായി പ്രേഷിതപ്രവർത്തനം നടത്തുന്നത് വലിയ സന്തോഷം നല്കുന്ന കാര്യമാണ്. എന്റെ നാട്ടിൽതന്നെ ജനിച്ച് വരാപ്പുഴയിൽ വന്ന് അനവധി നന്മകൾ ചെയ്ത് ഇവിടെ അടക്കം ചെയ്യപ്പെട്ട ബർണ്ണർഡിൻ ബച്ചിനെല്ലിയെന്ന മെത്രാപ്പോലീത്തായുടെ 157-ാം ചരമവാർഷികം നിങ്ങൾ സമുചിതമായി ആചരിക്കുന്നതും സന്തോഷംതന്നെ.

# തിരുവോണം





**ഫാ. ഐസക്**
**കുരിശിങ്കൽ**

**കൊല്ലവർഷം**
മലയാളികളായ നാം ഉപയോഗിക്കുന്ന ഒരു കലണ്ടറിന്റെ പേരാണ് കൊല്ലവർഷം. ക്രിസ്തുവർഷം 825 -ൽ ഈ കലണ്ടർ അഥവാ കാലഗണന ആരംഭിച്ചു. തുറമുഖ പട്ടണമായ കൊല്ലത്ത് ഇത് ആരംഭിച്ചതിനാൽ നാം ഇതിനെ കൊല്ലവർഷം എന്നു വിളിക്കുന്നു. ഇതിന്റെ ഭാഷ മലയാളമായതിനാലും ഇത് ഉപയോഗിക്കുന്നവർ ഭൂരിപക്ഷം പേരും മലയാളികളായതിനാലും നാം ഇതിനെ മലയാളവർഷം എന്നും വിളിക്കാറുണ്ട്. ചോളരാജ്യത്തു നിന്ന് ചേരരാജ്യം (വേണാട്) സ്വതന്ത്രമായതിന്റെ ഓർമ്മയ്ക്കായിട്ടാണ് ഈ കാലഗണന ആരംഭിച്ചത്. വേണാടിന്റെ തലസ്ഥാനം കൊല്ലമായിരുന്നു. വേണാട് രാജാവായിരുന്ന കുലശേഖരനാണ് കൊല്ലവർഷം ആരംഭിച്ചത്. ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, മിഥുനം, കർക്കടകം എന്നിങ്ങനെ 12 മാസങ്ങളാണ് കൊല്ലവർഷത്തിൽ ഉള്ളത്. കേരളത്തിലെ ഹൈന്ദവർ തങ്ങളുടെ ആധ്യാത്മിക കാര്യങ്ങൾക്കും (ഉദാ: ക്ഷേത്രത്തിലെ ഉത്സവം) ജീവിതത്തിലെ പ്രധാനപ്പെട്ട ദിനങ്ങൾക്കും (ഉദാ: ജനനം, വിവാഹം) കൊല്ലവർഷം തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. ക്രൈസ്തവർ ഈ അടുത്തകാലം വരെ കൊല്ലവർഷമാണ് ഉപയോഗിച്ചിരുന്നത്. വരാപ്പുഴ അതിരൂപതയുടെ പള്ളികളുടെ പഴയ ആധാരങ്ങളും കണക്കുപുസ്തകങ്ങളും പരിശോധിച്ചാൽ കൊല്ലവർഷമാണ് ഉപയോഗിച്ചിരുന്നത് എന്നു നമുക്കു മനസ്സിലാകും. ഗ്രിഗോറിയൻ കലണ്ടറിൽ നിന്ന് 825 കുറച്ചാൽ മലയാളവർഷം അഥവാ കൊല്ലവർഷം കിട്ടും. 2025 സെപ്റ്റംബർ 5-ന് ഈ വർഷത്തെ തിരുവോണം നാം ആഘോഷിക്കുന്നു. അത് മലയാളവർഷം 1201 ചിങ്ങം 20-ാം തീയതിയാണ്. മലയാളവർഷത്തോട് 825 കൂട്ടിയാൽ ക്രിസ്തുവർഷം കിട്ടും.

**നാളുകൾ-നക്ഷത്രങ്ങൾ**
കൊല്ലവർഷത്തിലെ ഓരോ മാസത്തിലെയും ഓരോ ദിവസത്തിനും ഓരോ നക്ഷത്രത്തിന്റെ അഥവാ നാളിന്റെ പേര് കൊടുത്തിട്ടുണ്ട്. ആകെ 27 നാളുകളാണുള്ളത്. അവ: അശ്വതി, ഭരണി, കാർത്തിക, രോഹിണി, മകയിരം, തിരുവാതിര, പുണർതം, പൂയം, ആയില്യം, മകം, പൂരം, ഉത്രം, അത്തം, ചിത്തിര, ചോതി, വിശാഖം, അനിഴം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, പൂരുരുട്ടാതി, ഉത്രട്ടാതി, രേവതി.

**തിരുവോണം എല്ലാ മാസവും.**
ഈ കലണ്ടർ പ്രകാരം ഓരോ മാസത്തിന്റെയും 22-ാം ദിവസം തിരുവോണം വരാറുണ്ട്. പക്ഷേ, ഓരോ മാസവും നമ്മുടെ ദേശീയോത്സവമായ തിരുവോണം നാം ആഘോഷിക്കാറില്ല. ചിങ്ങമാസത്തിലെ തിരുവോണമാണ് നാം ആഘോഷിക്കുന്നത്. ഇതിന്റെ പ്രത്യേകത: കേരളീയരായ നമ്മെ ഭരിച്ചിരുന്ന മഹാബലി നമ്മെയും നമ്മുടെ നാടിനെയും സന്ദർശിക്കാൻ വരുന്നത് ചിങ്ങമാസത്തിലെ തിരുവോണനാളിലാണ്.

**ആരാണ് മഹാബലി?**
അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ഇന്ദ്രസേനൻ എന്നായിരുന്നു. വിരോചനനും ദേവാസയുമായിരുന്നു അദ്ദേഹത്തിന്റെ മാതാപിതാക്കൾ. പ്രായപൂർത്തിയായപ്പോൾ വിന്ധ്യാവലി എന്ന സുന്ദരിയായ യുവതിയെ അദ്ദേഹം വിവാഹം കഴിച്ചു. അവർക്ക് ഒരു പുത്രൻ ജനിച്ചു. ബാണാസുരൻ എന്ന പേര് അവനു നൽകി. വിരോചനൻ മരിച്ചു. ഇന്ദ്രസേനൻ കേരളത്തിലെ രാജാവായി.

**ഇന്ദ്രസേനന്റെ ഭരണം**
അദ്ദേഹം ജനങ്ങളെ സ്നേഹിച്ചു. സത്യത്തോടും നീതിയോടും കരുണയോടുംകൂടെ ജീവിക്കാൻ ജനങ്ങളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

**യഥാരാജാ; തഥാ പ്രജ**
ഒരു രാജാവ് എങ്ങനെയാണോ ജീവിക്കുന്നത് അതുപോലെ പ്രജകളും ജീവിക്കും. ധാർമ്മിക മൂല്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് ജീവിച്ച ഇന്ദ്രസേനന്റെ സ്വാധീനത്താൽ ജനങ്ങൾ ഐക്യത്തോടെ ജീവിച്ചു; സന്തോഷത്തോടെ ജീവിച്ചു. അദ്ദേഹത്തെക്കുറിച്ചും ജനങ്ങളെക്കുറിച്ചും ഒരു കവി ഒരു കവിത എഴുതി. മഹാകവി ഉള്ളൂരിന്റെ അഭിപ്രായത്തിൽ ആ കവി ജീവിച്ചിരുന്നത് ഒൻപതാം നൂറ്റാണ്ടിലാണ്. ആ കവിത ഇങ്ങനെ:-

**മാവേലി നാടു വാണീടും കാലം**
**മാനുഷരെല്ലാരുമൊന്നുപോലെ**
**ആമോദത്തോടെ വസിക്കും**
**കാലം**
**ആപത്തങ്ങാർക്കൊട്ടു**
**മില്ലതാനും.**

**ആധികൾ വ്യാധികൾ ഒന്നുമില്ല**
**ബാലമരണങ്ങൾ കേൾപ്പാനില്ല-**
**ദുഷ്ടരെ കൺകൊണ്ട്**
**കാൺമാനില്ല**
**നല്ലവരല്ലാതെ ഇല്ല പാരിൽ.**

**കള്ളവുമില്ല ചതിയുമില്ല**
**എള്ളോളമില്ല പൊളിവചനം**
**കള്ളപ്പറയും ചെറുനാഴിയും**
**കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.**

ഈ കവിതയിൽ മാവേലി എന്ന വ്യക്തി മഹാബലി എന്ന പേരിന്റെ ചുരുക്കപ്പേരാണ്.

**ദശാവതാരം.**
ഹൈന്ദവ വിശ്വാസപ്രകാരം മഹാവിഷ്ണു പത്തുപ്രാവശ്യം പൂർണമായി അവതരിച്ചിട്ടുണ്ട്. അവ: മത്സ്യം, കൂർമ്മം (ആമ), വരാഹം (പന്നി), നരസിംഹം, വാമനൻ, പരശുരാമൻ, ബലരാമൻ (ശ്രീബുദ്ധൻ) ശ്രീരാമൻ, ശ്രീകൃഷ്ണൻ, കൽക്കി.

**വാമനാവതാരം**
ഇന്ദ്രസേനൻ തന്റെ കൊട്ടാരത്തിന്റെ തിരുമുറ്റത്തെ നിലത്ത് ഇരുന്നുകൊണ്ട് യാഗം നടത്തുകയായിരുന്നു. അപ്പോൾ മഹാവിഷ്ണു വാമനന്റെ (ചെറിയ പൊക്കം കുറഞ്ഞ മനുഷ്യൻ) രൂപത്തിൽ ഇന്ദ്രസേനന്റെ മുമ്പിൽ വന്നു. തനിക്ക് തപസ്സിരിക്കാൻ മൂന്നടി സ്ഥലം വേണമെന്ന് ഇന്ദ്രസേനനോട് ആവശ്യപ്പെട്ടു. ഉദാരമതിയായ ഇന്ദ്രസേനൻ മൂന്നടി അളന്നെടുത്തുകൊള്ളൂ എന്നു പറഞ്ഞു. പെട്ടെന്ന് വാമനന്റെ രൂപം മാറി. ആകാശം മുട്ടെ വളർന്നു. ആദ്യത്തെ ചുവടുവയ്പ്കൊണ്ട് ഭൂമി മുഴുവനും അളന്നെടുത്തു. രണ്ടാമത്തെ ചുവടുവയ്പുകൊണ്ട് സ്വർഗ്ഗവും അളന്നെടുത്തു. മൂന്നാമത്തെ ചുവട് എവിടെ വയ്ക്കണമെന്ന് വാമനൻ ഇന്ദ്രസേനനോട് ചോദിച്ചു. ഇന്ദ്രസേനൻ വളരെ വിനയത്തോടെ തന്റെ ശിരസ്സിൽവച്ചുകൊള്ളൂ എന്നു പറഞ്ഞു. വാമനൻ തന്റെ മൂന്നാമത്തെ ചുവട് ഇന്ദ്രസേനന്റെ തലയിൽവച്ചു. ആ ചുവട്വയ്പിന്റെ ഭാരംകൊണ്ട് ഇന്ദ്രസേനൻ സാവകാശം പാതാളത്തിലേക്ക് താഴ്ന്നുപോയി. അപ്പോൾ ഇന്ദ്രസേനൻ പറഞ്ഞു: ഞാൻ എന്റെ ജനങ്ങളെ സ്നേഹിക്കുന്നു. അവരെ വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കാൻ എനിക്ക് അനുഗ്രഹം തരണം. വാമനൻ പറഞ്ഞു: ഓരോ വർഷവും ചിങ്ങമാസത്തിലെ തിരുവോണ നാളിൽ വന്ന് ജനങ്ങളെ സന്ദർശിച്ചു കൊള്ളുക. അങ്ങനെ തന്നെത്തന്നെ ബലി അർപ്പിച്ചതുകൊണ്ടാണ് നാം അദ്ദേഹത്തെ മഹാബലി എന്നു വിളിക്കുന്നത്. മഹാബലി എന്ന പേര് ലോപിച്ച് മാവേലി എന്നായിത്തീർന്നു.

**ചിരഞ്ജീവി**
നാം ഒരുപക്ഷേ ചിന്തിച്ചേക്കാം: വാമനൻ എത്ര ക്രൂരതയാണ് ഇന്ദ്രസേനനോട് ചെയ്തതെന്ന്. ക്രൂരതയല്ല അനുഗ്രഹമാണ് നൽകിയത്. വാമനൻ അങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ ഇന്ദ്രസേനനു എന്തു സംഭവിച്ചേനേ? വർഷങ്ങൾ കഴിയുമ്പോൾ ഇന്ദ്രസേനൻ വൃദ്ധനാകും. മരിക്കും. ഏതാനും വർഷങ്ങൾക്കുള്ളിൽ ജനങ്ങൾ അദ്ദേഹത്തെ വിസ്മരിക്കും. എന്നാൽ ഇപ്പോഴോ? മഹാബലി എല്ലാ വർഷവും കേരളത്തിൽ വരുന്നു. അതിന്റെ അർത്ഥം മഹാബലി എന്നും ജീവിക്കുന്നു. അദ്ദേഹം ചിരംഞ്ജീവിയായി മാറി. നന്മ ചെയ്താൽ നാമും നിത്യം ജീവിക്കും.

**തൃക്കാക്കര**
ഒരു സ്ഥലത്തിന്റെ പേരാണിത്. തിരു-കാൽ-കര എന്നാണീ പേരിന്റെ വിശദീകരണം. വാമനന്റെ വിശുദ്ധമായ പാദങ്ങൾ സ്പർശിച്ചതിനാലാണ് ഈ സ്ഥലത്തിന് തൃക്കാൽക്കര-തൃക്കാക്കര- എന്ന പേരു വന്നത്.

**ക്ഷേത്രം**
തൃക്കാക്കരയിൽ വാമനമൂർത്തിയുടെ പേരിൽ ഒരു ക്ഷേത്രമുണ്ട്. കേരളത്തിൽ വാമനന്റെ പേരിൽ ഈ ഒരു ക്ഷേത്രം മാത്രമേയുള്ളൂ. ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് വാമനൻ വന്നത്. ഈ ക്ഷേത്രത്തിന്റെ വടക്കുവശത്തായി ചെറിയ ഒരു സ്മൃതിമണ്ഡപമുണ്ട്. മഹാബലിയുടെ സ്മൃതി മണ്ഡപമാണിത്. വാമനൻ മഹാബലിയെ ഇവിടെ വച്ചാണ് പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയത്. ഓണനാളുകളിൽ ലക്ഷക്കണക്കിനാളുകൾ വാമനമൂർത്തിയുടെ-തൃക്കാക്കരയപ്പന്റെ ഈക്ഷേത്രത്തിൽ വരാറുണ്ട്. ഓണസദ്യയിൽ പങ്കെടുക്കാറുണ്ട്.


**കൊച്ചി-തിരുവിതാംകൂർ രാജാക്കന്മാർ**
1947 ന് മുൻപ് ബ്രിട്ടീഷുകാരാണല്ലോ ഇന്ത്യ ഭരിച്ചിരുന്നത്. അക്കാലത്ത് കോഴിക്കോട്, കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങൾ കേരളത്തിലുണ്ടായിരുന്നു. അവരിൽ കൊച്ചിരാജാക്കന്മാരും തിരുവിതാംകൂർ രാജാക്കന്മാരും ഓണം ഒരു ഉത്സവമാക്കാൻ പ്രോത്സാഹിപ്പിച്ചു.

**ദേശീയോത്സവം**
1961-ൽ കേരള ഗവൺമെന്റ് തിരുവോണത്തെ ദേശീയോത്സവമായി പ്രഖ്യാപിച്ചു.
**എല്ലാവർക്കും ഓണാശംസകൾ.**



നല്ലവരല്ലാതെ ഇല്ല പാരിൽ.
ഈ കവിതയിൽ മാവേലി എന്ന വ്യക്തി മഹാബലി എന്ന പേരിന്റെ ചുരുക്കപ്പേരാണ്. ദശാവതാരം.
ഹൈന്ദവ വിശ്വാസപ്രകാരം മഹാവിഷ്ണു പത്തുപ്രാവശ്യം പൂർണമായി അവതരിച്ചിട്ടുണ്ട്. അവ: മത്സ്യം, കൂർമ്മം (ആമ), വരാഹം (പന്നി), നരസിംഹം, വാമനൻ, പരശുരാമൻ, ബലരാമൻ (ശ്രീബുദ്ധൻ) ശ്രീരാമൻ, ശ്രീകൃഷ്ണൻ, കൽക്കി.

# മഞ്ഞുമ്മൽ കർമലീത്തനായ സംഗീതോപാസകൻ ഡോ. ജസ്റ്റിൻ പനക്കൽ



**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**

*മഞ്ഞുമ്മൽ കർമലീത്താ സഭാംഗവും ആലുവ പൊന്തിഫിക്കൽ സെമിനാരി ദൈവശാസ്ത്ര പ്രൊഫസറും നിരവധി ആധ്യാത്മിക ഗ്രന്ഥങ്ങളുടെ കർത്താവും സർവ്വോപരി പ്രതിഭാശാലിയായ സംഗീത സംവിധായകനുമായ റവ.ഡോ. ജസ്റ്റിൻ പനക്കൽ നവതിയുടെ ധന്യനിറവിലെത്തിയിരിക്കുകയാണ്. ഡോ. ജസ്റ്റിൻ പനക്കൽ ഒ.സി.ഡി. യെന്ന ദേവസങ്കീർത്തകന്റെ അനുഗൃഹീത ജീവിതരേഖ................*

കേരളത്തിന്റെ ടൂറിസ്റ്റ് ഭൂപടത്തിൽ ശ്രദ്ധേയമായ ഒരിടം നേടിയ കൊച്ചി കുമ്പളങ്ങിയിലാണ് അദ്ദേഹത്തിന്റെ ജനനം. അവിടെ പനക്കൽ കുടുംബത്തിൽ ജോബിന്റെയും ഇസബെൽ എന്ന തങ്കമ്മയുടെയും മകനായാണു ജനനം.  പ്രാഥമിക വിദ്യാഭ്യാസം കുമ്പളങ്ങി ഇടവകയിലെ സെന്റ് പീറ്റേഴ്സ് സ്കൂളിൽ.  നന്നേ ചെറുപ്പത്തിലെ ജസ്റ്റിന് സംഗീതത്തോട് വല്ലാത്തൊരു അഭിനിവേശമുണ്ടായിരുന്നു. അമ്മ തങ്കമ്മ നന്നായി പാടും. അമ്മയാണ് ആദ്യഗുരുനാഥയെന്ന് ജസ്റ്റിനച്ചൻ ആദരപൂർവ്വം ഓർക്കുന്നു.

പത്താംക്ലാസ്സ് ജയിച്ചതിനു ശേഷം മഞ്ഞുമ്മൽ കർമലീത്താ സഭയിൽ ചേർന്നു. പഠനത്തിൽ ബഹുസമർഥനായ ബ്രദർ ജസ്റ്റിൻ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു.

തുടർന്ന് അദ്ദേഹത്തെ സഭാധികാരികൾ റോമിലെ സർവകലാശാലയിലേക്ക് ഉപരിപഠനാർഥം അയച്ചു. അദ്ദേഹം പ്രശസ്തമായ നിലയിലാണ് ഡോക്ടർ ബിരുദം നേടിയത്. നാട്ടിൽവച്ച് കുറച്ചുനാൾ കാന്തല്ലൂർ സെമിനാരിയിൽ അധ്യാപകനായി. തുടർന്നാണ് മംഗലപ്പുഴ സെമിനാരിയിൽ പ്രൊഫസറായത്. നീണ്ട 28 വർഷക്കാലം അവിടെ തുടർന്നു. അദ്ദേഹത്തിന്റെ ജീവിതത്തിലെ മുന്തിരിക്കാലമായിരുന്നു അത്.സംഗീതവാസന ജന്മസിദ്ധമായിരുന്നതുകൊണ്ട്അദ്ദേഹം സെമിനാരി വിദ്യാർഥികളുടെ ക്വയർമാസ്റ്ററായതും അവിടത്തെ സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചതും സ്വാഭാവികം.

മംഗലപ്പുഴ സെമിനാരിയിൽ പഠിപ്പിച്ചും സംഗീതസപര്യ നിർവഹിച്ചുംകൊണ്ടിരുന്ന കാലത്താണ് സംഗീത രചനയിൽ കൈവച്ചത്. ഗ്രിഗോറിയൻ, കർണാട്ടിക് ശൈലികൾ സമന്വയിപ്പിച്ച് സംഗീത രചന നിർവഹിക്കുന്നതിൽ ക്രമേണ ജസ്റ്റിനച്ചൻ അദ്വിതീയനായി. കുവൈത്തിൽ വച്ചാണ് ഗാനഗന്ധർവൻ യേശുദാസുമായി പരിചയത്തിലാകുന്നത്. ആ സൗഹൃദമാണ് തരംഗിണിയുമായി ബന്ധപ്പെടാനും അവിടെനിന്ന് ഗാനങ്ങൾ പുറത്തിറക്കാനും ധന്യനിമിത്തമായത്.
തരംഗിണിയിൽ നിന്ന് യേശുദാസ് പാടിയ നാലു പാട്ടുകളടങ്ങിയ **തളിർമാല്യ**മാണ് ആദ്യകാസറ്റ്. അത് റെക്കോർഡായും പുറത്തിറങ്ങി. അടുത്തതാണ് **സ്നേഹപ്രവാഹം**. അതിൽ 12 പാട്ടുകളുണ്ട്, ഒന്നൊഴികെ എല്ലാം യേശുദാസിന്റെ പാട്ടുകൾ. ഒരു പാട്ട് സ്ത്രീ ശബ്ദത്തിലാകണെന്ന് അച്ചൻ താല്പര്യപ്പെട്ടു. അന്ന് തിരുവനന്തപുരം സംഗീത കോളേജിൽ രണ്ടാം വർഷം ഡിഗ്രി സംഗീതവിദ്യാർഥിനിയായ കെ.എസ്. ചിത്രയെന്ന യുവഗായികയെ യേശുദാസാണ് പരിചയപ്പെടുത്തുന്നത്. ചിത്ര പാടിയ 'പൈതലാം യേശുവേ' എന്ന ഗാനം കേരളം നിറമനസ്സോടെ ഏറ്റുപാടിയ എക്കാലത്തെയും വലിയ ഹിറ്റ് ക്രിസ്തുമസ് ഗാനമായി.

തുടർന്നിറങ്ങിയ **സ്നേഹസന്ദേശ**ത്തിലും 12 പാട്ടുകളുണ്ട്. അവയെല്ലാം ഒന്നിനൊന്ന് മികവും തനിമയും പുലർത്തുന്നു. മംഗലപ്പുഴ സെമിനാരിയിലെ വൈദികാർഥികളെ പ്രോത്സാഹിപ്പിക്കാൻ ജസ്റ്റിനച്ചൻ അവരെക്കൊണ്ട് മത്സരാടിസ്ഥാനത്തിൽ പാട്ടുകളെഴുതിച്ചു. അതിൽനിന്ന് തിരഞ്ഞെടുത്ത്, അച്ചൻ തന്നെ ചെത്തിമിനുക്കിയെടുത്തു. വൈവിധ്യപൂർണമായ സംഗീതാനുഭവമാണ് അവ ബാക്കിയാക്കുന്നത്. മലയാളികളുടെ ചുണ്ടിലും ചങ്കിലുമാണ് ജസ്റ്റിൻ പനക്കലച്ചന്റെ മധുരഗീതങ്ങളുടെ സുഭഗശേഖരം.

തുടർന്ന് ജസ്റ്റിനച്ചന് സജീവ സംഗീത ലോകത്തുനിന്ന് വിട്ടുനില്ക്കേണ്ടി വന്നു. ഡൽഹി ആർച്ച് ബിഷപ്പിന്റെ ആഗ്രഹം മാനിച്ച് അഞ്ചാറുവർഷം അവിടത്തെ നവീൻതാ റിട്രീറ്റ് സെന്ററിന്റെ ഡയറക്ടർ സ്ഥാനം ഏറ്റെടുക്കേണ്ടി വന്നു. അധികാരികളോടുള്ള വിധേയത്വം അദ്ദേഹത്തിന്റെ വ്രതത്രയത്തിലൊന്നായ അനുസരണം ആയതിനാൽ, ആ ഉത്തരവാദിത്വമേറ്റെടുക്കാൻ രണ്ടാമതൊന്ന് ആലോചിക്കാനുണ്ടായിരുന്നില്ല. പിന്നീടദ്ദേഹം സംഗീത



നവതി ആഘോഷിക്കുന്ന ഡോ. ജസ്റ്റിൻ പനക്കലിനെ ആദരിക്കുവാൻ സി.എ.സി. ഒരുക്കിയ വേദിയിൽ ഡോ. ആന്റണി വാലുങ്കൽ പിതാവ് അദ്ദേഹത്തെ പൊന്നാടയണിയിക്കുന്നു.

സംവിധാനം നിർവഹിച്ച പാട്ടുകളിലൊന്ന് ബിഷപ് ഡോ. അലക്സ് വടക്കുംതലയുടെ 'എന്ന നയിക്കും നല്ലോരിടയൻ' എന്നതാണ്. പാടിയത് ബിജു നാരായണൻ.

ഗ്രിഗോറിയൻ-ഹിന്ദുസ്ഥാനി-കർണാട്ടിക് സംഗീത കൈവഴികൾ സമഞ്ജസം സമ്മേളിപ്പിച്ച് ക്രിസ്തീയ ഭക്തിഗാന മേഖല സങ്കീർത്തന സപര്യയാക്കി മാറ്റിയ ഡോ. ജസ്റ്റിൻ പനക്കൽ ഒ.സി.ഡി. നവതിയുടെ നിറവിലെത്തി നിൽക്കുമ്പോൾ, അദ്ദേഹത്തെ ആദരിക്കുന്നു... അഭിനന്ദിക്കുന്നു...

*ദേവസങ്കീർത്തകൻ എന്നതുപോലെ തന്നെ ഉജ്ജ്വല പ്രതിഭനായ ആത്മീയ സാഹിത്യകാരൻ കൂടിയാണ് ഡോ. ജസ്റ്റിൻ പനക്കൽ. നിരവധി ഈടുറ്റ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ വകയായുണ്ട്. അവയിലധികവും ഇംഗ്ലീഷിലാണ്. ദൈവശാസ്ത്രാധിഷ്ഠിതമായ യോഗാത്മക സ്വഭാവിയാണ് അച്ചന്റെ എഴുത്തു ശൈലി. അവയിൽ പലതും വിവിധ മേജർ സെമിനാരികളിൽ പാഠ്യപുസ്തകങ്ങളത്രേ. നവീകൃത കർമലീത്താസഭയുടെ നിയമദാതാക്കളിൽ അഗ്രിമസ്ഥാനീയൻ എന്നു ശ്രുതിപ്പെട്ട ആവിലായിലെ അമ്മത്രേസ്യയുടെ കാരിസവും ദർശന ധാരകളുമാണ് ജസ്റ്റിനച്ചന് ഏറെ പ്രിയതരം. അതിൽതന്നെ ഏറെ വാഴ്ത്തുകിട്ടിയത്* Intimacy with God *എന്ന രചനയ്ക്കാണ്. 'ദൈവൈക്യം' എന്ന പേരിൽ അത് ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരിയും ജോസഫ് പൊള്ളയിലും ചേർന്ന് മലയാളത്തിൽ വിവർത്തിതമാക്കിയിട്ടുണ്ട്. ഗദ്യരൂപേണയുള്ള ഈ സർഗവ്യാപാരങ്ങളെല്ലാം കർമലമാതാവിന്റെ പ്രചുരിമയ്ക്കും കീർത്തിധാവള്യ പ്രചാരണത്തിനുമാണെന്നു പറയുമ്പോൾ ജസ്റ്റിനച്ചൻ ഏറെ വിനയാന്വിതനാകുന്നു.*

CARTOON **DEEPTHI**



# മറിയത്തിന്റെ ജനനം: അനുഗ്രഹത്തിന്റെ അരുണോദയം



**സി. റിനിൽഡ** AC

*സെപ്റ്റംബർ 8-ാം തീയതി, ആകാശമണ്ഡലം ആനന്ദഗീതങ്ങളാൽ മുഴങ്ങുന്ന ദിവസം, ആഗോള കത്തോലിക്കാ സഭ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തെ അനുസ്മരിക്കുന്ന പുണ്യദിനം. ഈ മഹോത്സവം കേവലം ഒരു ജീവചരിത്രപരമായ സംഭവമല്ല, മറിച്ച് മനുഷ്യരാശിയുടെ രക്ഷാചരിത്രത്തിലെ ഒരു സുവർണ്ണ അധ്യായത്തിന്റെ തുടക്കമാണ്.*

ഇതിഹാസത്തിന്റെ കുഞ്ഞുപക്ഷികൾ പാടുന്ന ഗാഥപോലെ, മറിയത്തിന്റെ ജനനകഥ രണ്ടാം നൂറ്റാണ്ടിലെ “യാക്കോബിന്റെ പ്രോട്ടോ ഇവാഞ്ചേലിയം” എന്ന അപ്പോക്രിഫർ ഗ്രന്ഥത്തിൽ നിന്ന് നമ്മിലേക്ക് എത്തിച്ചേരുന്നു. വിശുദ്ധ യോവാക്കിമിന്റെയും അന്നായുടെയും ദീർഘകാല വന്ധ്യതയ്ക്കുശേഷം ദൈവകരുണയാൽ ഉണ്ടായ അത്ഭുതകരമായ ഗർഭധാരണം, പഴയനിയമത്തിലെ സാറാ, റബേക്ക, റാഹേൽ, ഹന്ന എന്നിവരുടെ അനുഭവങ്ങളുടെ സുന്ദരമായ പ്രതിധ്വനിയാണ്.

മാതാവിന്റെ ജനനം പാശ്ചാത്യ കലയിൽ ഒരു പ്രിയപ്പെട്ട വിഷയമായിരുന്നു. റിനേസർസ് കാലഘട്ടത്തിലെ മഹാചിത്രകാരന്മാർ-ലിയനാർഡോ ഡാവിഞ്ചി, മൈക്കൽ ആഞ്ചലോ, റാഫേൽ എന്നിവർ ഈ വിഷയം അവരുടെ ബ്രഷിൽ അമർത്യമാക്കിയിട്ടുണ്ട്. ഈ ചിത്രങ്ങളിൽ സാധാരണയായി അന്നാ മാതാവ് കുഞ്ഞുമറിയത്തെ കൈകളിൽ എടുത്ത് സ്വർഗ്ഗീയ പ്രകാശത്തിൽ കുളിച്ചു നിൽക്കുന്ന ദൃശ്യം ചിത്രീകരിക്കപ്പെടുന്നു. ചുറ്റുമുണ്ടാകുന്ന ദേവദൂതന്മാരുടെ സാന്നിധ്യം ഈ ജനനത്തിന്റെ അതിലൗകിക സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. മധ്യകാല യൂറോപ്യൻ സാഹിത്യത്തിൽ മാതാവിന്റെ ജനനത്തെക്കുറിച്ച് അനേകം  പാട്ടുകളും കീർത്തനങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. ലാറ്റിൻ ഭാഷയിലെ “Ave Maris Stella” പോലുള്ള ക്ലാസ്സിക് ഗാനങ്ങളും ഇന്നും ആരാധനക്രമങ്ങളിൽ ഉപയോഗിക്കപ്പെടുന്നു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾ പാരമ്പര്യത്തിൽ മാതാവിനെക്കുറിച്ചുള്ള കീർത്തനങ്ങൾ ഈ വിഷയത്തിന്റെ ആത്മീയ ആഴം പ്രകടിപ്പിക്കുന്നു.

മാതാവിന്റെ ജനനകഥ കുടുംബത്തിന്റെ പവിത്രതയെയും പ്രാധാന്യത്തെയും കുറിച്ച് അഗാധമായ പാഠങ്ങൾ നൽകുന്നു. യോവാക്കിമും അന്നായും എന്ന വൃദ്ധ ദമ്പതികളുടെ വിശ്വാസവും സ്നേഹവും കാത്തിരിപ്പും, ആധുനിക കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾക്ക് പ്രചോദനമാണ്. സന്താന ലബ്ധിക്കായുള്ള അവരുടെ നീണ്ട കാത്തിരിപ്പ്, ഇന്നത്തെ വന്ധ്യതാ പ്രശ്നങ്ങൾ നേരിടുന്ന ദമ്പതികൾക്ക് ആശ്വാസവും പ്രത്യാശയും നൽകുന്നു. അവരുടെ ഭക്തിയും പ്രാർത്ഥനയും തടസ്സങ്ങൾക്കിടയിലും വിശ്വാസം നിലനിർത്തുന്നതിന്റെ പാഠം പഠിപ്പിക്കുന്നു. കുഞ്ഞുമറിയത്തിന്റെ വളർച്ച ദേവാലയത്തിൽ സംഭവിച്ചതുപോലെ, കുട്ടികളുടെ ആത്മീയ വികസനത്തിൽ മാതാപിതാക്കളുടെ പങ്ക് എത്രയധികം പ്രധാനപ്പെട്ടതാണെന്ന് ഇത് സൂചിപ്പിക്കുന്നു. കേവലം ഭൗതിക ആവശ്യങ്ങൾ നിറവേറ്റുക മാത്രമല്ല, ആത്മീയ മൂല്യങ്ങളിൽ വേരൂന്നിയ വളർച്ച പ്രോത്സാഹിപ്പിക്കുകയും വേണം.

സാങ്കേതിക വിദ്യയുടെ അതിവേഗ വികാസത്തോടെ മനുഷ്യബന്ധങ്ങൾ കൂടുതൽ സങ്കീർണ്ണമായിത്തീരുന്ന ഇന്നത്തെ കാലത്ത്, മാതാവിന്റെ ജനനകഥ യഥാർത്ഥ മാനുഷിക ബന്ധങ്ങളുടെ മാഹാത്മ്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു. യോവാക്കീമും അന്നായും തമ്മിലുള്ള സ്നേഹം, കാത്തിരിപ്പിനിടയിലും വിശ്വസ്തതയും പരസ്പര പിന്തുണയും നിലനിർത്തുന്നതിന്റെ



മാതൃകയാണ്. വെർചൽ ബന്ധങ്ങളും സോഷ്യൽ മീഡിയയിലെ കൃത്രിമ ആശയവിനിമയങ്ങളും നിറഞ്ഞ ലോകത്ത്, കുടുംബത്തിലെ അടുപ്പവും സ്നേഹവും വളർത്തിയെടുക്കുന്നതിന്റെ പ്രാധാന്യം മാതാവിന്റെ കഥ ഉദാത്തമാക്കുന്നു. അവളുടെ വളർച്ചയിൽ മാതാപിതാക്കളുടെ സ്നേഹവും ത്യാഗവും കളിച്ച പങ്ക്, ഡിജിറ്റൽ കുട്ടികളുടെ മാതാപിതാക്കൾക്ക് പ്രചോദനം നൽകുന്നു.

മാതാവിന്റെ ആദ്യകാല വിദ്യാഭ്യാസം ദേവാലയത്തിൽ നടന്നതായി പറയപ്പെടുന്നു. ഇത് സമഗ്ര വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രബോധനം നൽകുന്നു. കേവലം അക്ഷരജ്ഞാനം മാത്രമല്ല, ആത്മീയവും ധാർമികവുമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഇവിടെ പ്രകടമാണ്. ഇന്നത്തെ  വിദ്യാഭ്യാസ വ്യവസ്ഥയിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം ഗുരുതരമായ പ്രശ്നമാണ്. മാതാവിന്റെ വിദ്യാഭ്യാസ മാതൃക പിന്തുടർന്ന്, വിദ്യാർത്ഥികളിൽ വിനയം, സേവനബുദ്ധി, കരുണ, സത്യസന്ധത തുടങ്ങിയ ഗുണങ്ങൾ വളർത്തിയെടുക്കാൻ കഴിയും. പ്രത്യേകിച്ച് കന്യകാ ശിക്ഷണം എന്ന പാരമ്പര്യം, സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വളരെ മുമ്പേതന്നെ സൂചനകൾ നൽകിയിരുന്നു. മറിയത്തെപ്പോലുള്ള വിദ്യാഭ്യാസം നേടിയ സ്ത്രീകൾക്ക് സമൂഹത്തെ നയിക്കാനും പരിവർത്തനം കൊണ്ടുവരാനും കഴിയുമെന്നത് ഈ കഥ വ്യക്തമാക്കുന്നു.

*യോവാക്കീമും അന്നായും തമ്മിലുള്ള സ്നേഹം, കാത്തിരിപ്പിനിടയിലും വിശ്വസ്തതയും പരസ്പര പിന്തുണയും നിലനിർത്തുന്നതിന്റെ മാതൃകയാണ്. വെർചൽ ബന്ധങ്ങളും സോഷ്യൽ മീഡിയയിലെ കൃത്രിമ ആശയവിനിമയങ്ങളും നിറഞ്ഞ ലോകത്ത്, കുടുംബത്തിലെ അടുപ്പവും സ്നേഹവും വളർത്തിയെടുക്കുന്നതിന്റെ പ്രാധാന്യം മാതാവിന്റെ കഥ ഉദാത്തമാക്കുന്നു.*

മറിയം വെറുമൊരു അമ്മയായിരുന്നില്ല. അവൾ ശക്തിയുടെയും വിവേകത്തിന്റെയും വിശ്വസ്തതയുടെയും പ്രതീകമായിരുന്നു. ദൈവഹിതത്തിന് കീഴ്വഴങ്ങുമ്പോഴും, അവൾ തന്റെ ജീവിതത്തിലെ പ്രധാന തീരുമാനങ്ങൾ സ്വയം എടുത്തു. മറിയത്തിന്റെ  ജീവിതം– അവളുടെ സമ്മതം, ത്യാഗം, മാതൃത്വം– ആധുനിക സ്ത്രീകൾക്ക് പ്രചോദനം നൽകുന്ന മാതൃകയാണ്. സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കാനുള്ള സ്ത്രീയുടെ അവകാശം, അവളുടെ “ഫിയാറ്റ്” (സമ്മതം) എന്ന വാക്കിൽ പ്രതിഫലിക്കുന്നു. ഈ ശക്തമായ നിലപാടാണ് ലോകമെമ്പാടുമുള്ള സ്ത്രീ സമൂഹത്തിന് ഒരു പ്രചോദനമായി മാറിയത്. കാലങ്ങളായി സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾക്കായി പോരാടുമ്പോൾ, മറിയം അവൾക്ക് ധൈര്യത്തിന്റെയും വിശ്വസ്തതയുടെയും ഉദാഹരണമാകുന്നു.

പരിശുദ്ധ അമ്മയുടെ ജീവിതം രാഷ്ട്രീയ നേതൃത്വത്തിന് അനുകരണീയമായ മാതൃക യാണ്. അവളുടെ വിനയം, സേവനബുദ്ധി, ത്യാഗസന്ന ദ്ധത എന്നിവ യഥാർത്ഥ നേതൃത്വത്തിന്റെ സവിശേഷ തകളാണ്. "ഇതാ കർത്താ വിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" എന്ന അവളുടെ മറുപടി, അധികാ രത്തെ സേവനത്തിന്റെ അവ സരമായി കാണുന്നതിന്റെ മഹത്തായ മാതൃകയാണ്. അധികാരം സ്വന്തം നേട്ടത്തി നായല്ല, മറിച്ച് ദൈവികപദ്ധ തിയുടെ നിർവ്വഹണത്തി നായി ഉപയോഗിക്കണമെന്ന സന്ദേശം ഇവിടെ വ്യക്തമാ ണ്. കാൽവരിയിൽ മകന്റെ കുരിശിനു താഴെ നിന്നു കൊണ്ട് അവൾ കാണിച്ച ധൈര്യവും ദൃഢതയും, പ്രതി സന്ധികളിൽ നേതാക്കൾ പ്രദർശിപ്പിക്കേണ്ട ഗുണങ്ങളാ ണ്. വേദനയിലും നഷ്ട ത്തിലും പോലും വിശ്വാസം നിലനിർത്തുന്ന മാനസിക ബലം, നേതാക്കൾക്ക് അത്യ ന്താപേക്ഷിതമാണ്.

മാതാവിന്റെ ജനനകഥയിൽ അന്വേഷണാത്മകതയും ചോദ്യ ങ്ങളും ശാസ്ത്രഗവേഷണത്തിന് പ്രചോദനമാവുന്നു. "ഇത് എങ്ങനെ സംഭവിക്കും?" എന്ന മറിയത്തിന്റെ ചോദ്യം, ശാസ്ത്രീയ അന്വേഷണത്തിന്റെ മൗലിക സ്വഭാവമാണ്. അതേസമ യം, അവൾ കാണിച്ച വിനയവും സ്വീകാര്യതയും ശാസ്ത്രജ്ഞർക്ക് പാഠമാണ്. പുതിയ കണ്ടെത്തലു കളും മുൻവിധികൾ കൂടാതെ സ്വീകരിക്കുന്നതിന്റെ മാതൃകയാ ണിത്. വന്ധ്യതയിൽ നിന്ന് ഫല പ്രാപ്തിയിലേക്കുള്ള മാറ്റം, ജൈവശാസ്ത്രത്തിലെയും വൈദ്യശാസ്ത്രത്തിലെയും അത്ഭു തങ്ങളെ മനസ്സിലാക്കുന്നതിന് പ്രചോദനം നൽകുന്നു. പുന രുൽപാദന വൈദ്യശാസ്ത്രത്തിന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വൈദ്യന്മാർക്കും ഗവേഷകർക്കും ഈ കഥ പ്രത്യേക പ്രചോദനമാവു ന്നു.

മാതാവിന്റെ ജനനം വിശുദ്ധയുടെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കു ന്നു. ഇത് കേവലം ശാരീരിക വിശു ദ്ധിയല്ല, മറിച്ച് ഹൃദയത്തിന്റെയും മനസ്സിന്റെയും വിശുദ്ധിയാണ്. സമ കാലിക ലോകത്തിലെ ധാർമ്മിക ആശയക്കുഴപ്പങ്ങൾക്കിടയിൽ, ഈ സന്ദേശം അത്യന്താപേക്ഷിതമാണ്. മാതാവിന്റെ ജീവിതം മുഴുവൻ ദൈവിക ഇച്ഛയ്ക്കുള്ള സമർപ്പണ ത്തിന്റെ കഥയാണ്. "ഇതാ കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" എന്ന അവ ളുടെ മറുപടി, വ്യക്തിത്വ വികാസ ത്തിന്റെ ഏറ്റവും ഉത്തമമായ മാതൃ കയാണ്. ആത്മനിഷ്ഠതയും അഹ ങ്കാരവും നിറഞ്ഞ ഇന്നത്തെ യുഗ ത്തിൽ, ഈ സമർപ്പണ ബോധം വ്യക്തികൾക്കും സമൂഹത്തിനും ആവശ്യമായ ഗുണധർമ്മമാണ്.

*വിശ്വാസത്തിന്റെയും പ്രത്യാശ യുടെയും സ്നേഹത്തിന്റെയും സാർവ്വത്രിക മൂല്യങ്ങൾ പുന രുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകത, ഈ പുണ്യദിന ത്തിലൂടെ വീണ്ടും ഓർമ്മിപ്പി ക്കപ്പെടുന്നു. മാതാവിന്റെ ജന നം, അതിനാൽ, കേവലം ഭൂത കാലത്തിലെ ഒരു സംഭവമല്ല, മറിച്ച് ഭാവിയിലേക്കുള്ള ഒരു വിളിയാണ്. മനുഷ്യരാശി കൂടു തൽ വിശുദ്ധവും സ്നേഹ നിർഭരവും ദൈവികവുമായ ഒരു അവസ്ഥയിലേക്ക് പരിണ മിക്കാനുള്ള ക്ഷണമാണ്. ഈ പുണ്യദിനത്തിന്റെ ആഘോ ഷം, അതിനാൽ, കേവലം ചരി ത്രത്തെ സ്മരിക്കലല്ല, മറിച്ച് ഭാവിയെ രൂപപ്പെടുത്തുന്നതി നുള്ള പ്രതിജ്ഞയാണ്.*

## *STUDENTS*FROUM

ദീപ്തി കൂട്ടം



**ഡോ. ജോസി കോച്ചാപ്പിള്ളി**

ഓണാവധിക്കാല സമയത്ത് അപ്പനും മകനും കൂടി പന്തയം വച്ച് മലമുകളിലേക്കോടി. ആദ്യം എത്തുന്നയാൾ വിജയിക്കും. അൽപം ഓടിയപ്പോഴേക്കും അപ്പൻ ഓട്ടം നിർത്തിയതുകണ്ട് മകൻ കാര്യമന്വേഷിച്ചു. ചെറിയ കല്ലുകൾ ഷൂസിനുള്ളിൽ കയറി. അതെ ടുത്തു കളയണം. മകൻ പറഞ്ഞു. എന്റെ ഷൂസിനുള്ളിലുമുണ്ട്. ഇപ്പോൾ നിന്നാൽ ഞാൻ തോൽക്കും. മുകളിൽ ചെല്ലു മ്പോൾ എടുത്തു കളയാം. അപ്പൻ കല്ലുകൾ കളഞ്ഞപ്പോഴേക്കും മകൻ കുറെ ദൂരം മുന്നിലായിരു ന്നു. പക്ഷേ അവന്റെ കാല് വേദനി ക്കാൻ തുടങ്ങി. വേഗം കുറഞ്ഞു. അടുത്തെത്തിയ അപ്പൻ കല്ലെ ടുത്തു കളയാൻ പറഞ്ഞെങ്കിലും അവൻ പറഞ്ഞു. സമയം നഷ്ടപ്പെ ടും. അപ്പൻ അവന്റെ മുൻപിൽ എത്തി. അൽപം കഴിഞ്ഞപ്പോ ഴേക്കും അവന് ഓടാൻ കഴിയാതെ യായി. തിരിച്ചെത്തിയ അപ്പൻ അവന്റെ ഷൂസിലെ കല്ലെടുത്തു കളഞ്ഞശേഷം പറഞ്ഞു: ഏതു പ്രശ്നവും തുടക്കത്തിലേ നേരി ട്ടാൽ എളുപ്പത്തിൽ പരിഹരിക്കാം.

# വളർന്നു വലുതാകുവാൻ



മാറ്റി വയ്ക്കപ്പെടുന്ന പ്രശ്ന ങ്ങൾക്കെല്ലാം ഒരു പൊതു സ്വഭാ വമുണ്ട്. അവ അടിവേരോടെ പിഴു തെറിയും. താങ്ങാനാകാത്ത കാഠി ന്യമുള്ളതിന്റെ പേരിലല്ല; പല പ്രശ്നങ്ങൾക്കുള്ളിൽ നിന്നും ആളുകൾക്കു തിരിച്ചു വരാൻ കഴി യാത്തത്. അവയൊന്നും തുടക്ക ത്തിൽ തിരിച്ചറിഞ്ഞില്ല, എന്നതോ തിരിച്ചറിഞ്ഞിട്ടും യഥാവിധി പ്രതി കരിച്ചില്ല എന്നതോ ആണ് കാര ണം. പ്രിയ മക്കളെ നമ്മുടെ ജീവി തത്തിലും ചെറിയ പ്രശ്നങ്ങൾ ഉണ്ടായാലും അത് തിരിച്ചറിയു വാൻ കഴിയണം. പഠിച്ചുകൊണ്ടി രിക്കുന്ന സമയത്ത്, സ്കൂളിലോ, കോളേജിലോ ആയാലും എത്ര ചെറിയ പ്രശ്നമായാലും അപ്പ നോടോ അമ്മയോടോ പറയുവാൻ കഴിയണം. അനുഭവ സമ്പത്തുള്ള അപ്പനെയോ അമ്മയെയോ പോലെ വേറെയാരും നമ്മുടെ കൂടെയുണ്ടാവില്ല എപ്പോഴും.

ശ്രദ്ധിക്കുവാനുള്ള മറ്റൊരു കാര്യം: പ്രതിസന്ധികളെ നേരിടു ന്നതിന് ഇപ്പോൾ സമയമില്ല എന്ന ചിന്ത. പിന്നീടാകാം എന്ന് ചിന്തി ക്കും. പക്ഷെ മുളയിലെ നുള്ളിയി ല്ലെങ്കിൽ ഒരു പക്ഷെ ഗുരുതരമാ കുമ്പോൾ ഉണ്ടാകുന്ന മുറിവും വേദനയും നമ്മൾ കരുതുന്നതിലു മപ്പുറമായിരിക്കും. അവ സൃഷ്ടി ച്ചേക്കാവുന്ന അപകട നിലയെക്കു റിച്ച് അധികമാർക്കും ധാരണയു ണ്ടാവില്ല- എല്ലാ ദിവസവും ഉറ ങ്ങുന്നതിന് മുൻപ് ആ ദിവസം സംഭവിച്ച കാര്യങ്ങളെല്ലാം ഓർക്കുവാനും, നല്ല കാര്യങ്ങൾ തുടങ്ങുവാനും തിരുത്തുവാൻ വല്ലതുമുണ്ടെങ്കിൽ തിരുത്തു വാനും മനസ്സ് വയ്ക്കാവുന്നതാ ണ്. നമ്മുടെ ചെറിയപ്രായ ത്തിൽ തന്നെ നന്മതിന്മകളെ തിരിച്ചറിഞ്ഞ് വളരുവാൻ കഴിയുമ്പോൾ മറ്റുള്ളവ രെയും, പ്രത്യേ കമായി നന്മ യുടെ സഹോദ രങ്ങളെയും കൂട്ടുകാരെയും നന്മയിലേക്ക് നയിച്ച് നല്ല മക്ക ളായി ജീവി ക്കാൻ കഴിയും.

**ഈ അവധി ദിവസങ്ങളിൽ, നമ്മുടെ പ്രിയപ്പെട്ട മാതാപിതാ ക്കന്മാരോടൊപ്പം കുറച്ച് സമയം ഒരുമിച്ച് ചെലവഴിക്കാൻ തീരുമാ നിക്കാം; ഒരുമിച്ച് പ്രാർത്ഥിക്കാ നും, ഒരുമിച്ച് ഭക്ഷണം കഴിക്കാ നും. എന്റെ സ്വഭാവത്തിലും പ്രവൃത്തിയിലും എന്തെങ്കിലും തിരുത്തുവാനുണ്ടോ എന്ന് അപ്പ നോടോ അമ്മയോടോ, ചോദി ക്കാം. നമ്മുടെ കൂട്ടുകാരുമാ യുള്ള സൗഹൃദം നല്ലതാണോ, അതോ തെറ്റിലേക്ക് പോകു ന്നുണ്ടോ എന്ന് ചിന്തിക്കാം.** എനിക്ക് കിട്ടുന്ന സമയം നല്ല രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് ചിന്തിക്കാം. നമ്മുടെ പ്രിയ പ്പെട്ട അപ്പൂപ്പന്മാരെയും അമ്മൂമ്മമാ രെയും കണ്ട് വിശേഷങ്ങൾ ചോദി ക്കാം. നമ്മുടെ പ്രിയപ്പെട്ട വികാരി യച്ചനെ കണ്ട് അന്വേഷണം അറി യിക്കാം. ഞായറാഴ്ച കൂടാതെ സമയം കിട്ടുമ്പോൾ പള്ളിയിൽ പോകുവാനും വ്യക്തിപരമായി പ്രാർത്ഥിക്കുവാനും ശ്രമിക്കാം. അങ്ങനെ ഈശോ ആഗ്രഹിക്കുന്ന തുപോലെ വളർന്നു വലുതാകു വാൻ കഴിയട്ടെ.

**താഴെ പറയുന്ന കാര്യങ്ങളെക്കു റിച്ച് ചർച്ച ചെയ്യാം.**

1.എനിക്ക് കിട്ടുന്ന സമയം നന്നായി ചെലവഴിക്കുന്നുണ്ടോ? എങ്ങിനെ?

2.മാതാപിതാക്കന്മാരോട് കാര്യ ങ്ങൾ പറയാറുണ്ടോ?

3.എന്റെ കൂട്ടുകാരുമൊത്തുള്ള സൗഹൃദം എങ്ങിനെയാണ്?

4.എന്റെ ഭാവിയെക്കുറിച്ച് ചിന്തി ക്കാറുണ്ടോ?

5.പ്രാർത്ഥിക്കുവാൻ സമയം കണ്ടെ ത്താറുണ്ടോ?

# ASHIS

## PACKAGED DRINKING WATER

*WITH MINERALS*




UV & RO TREATED | MICRO FILTERED

**MARKETED BY,**
**ASHIS SUPER MERCATO**
**40/6122, 6124 & 6125**
**MARINE DRIVE, KOCHI**
**ERNAKULAM CIRCLE**
**ERNAKULAM, KERALA - 682 031**
**0484 236 1403**
License / Registration
No. 1131 7007 0006 64

IS 14543

CM/L - 0004606054

8 939117 957650

For More Details :
85 908 36 533



*ദൈവപ്രത്യാശയിൽ ജീവിക്കുന്നവർ ആവുക' ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ.*

ദൈവവചനത്തിൽ ആഴമായി വിശ്വാസമർപ്പിച്ച്, ദൈവീക പദ്ധതിക്കായി ജീവിതം പൂർണമായി സമർപ്പിച്ച്, ജീവിതത്തിന്റെ ഏക പ്രത്യാശയായ ക്രിസ്തുവിൽ നന്മ നിറഞ്ഞതും മെച്ചപ്പെട്ടതുമായ ഒരു ജീവിതത്തിനായി ഒരുങ്ങുവാൻ വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തി പറമ്പിൽ ആഹ്വാനം ചെയ്തു. വരാപ്പുഴ അതിരൂപത ബിസിസി സംഘടിപ്പിച്ച സിംഫോണിയ 2025 കുടുംബ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വരാപ്പുഴ അതിരൂപതയിലെ 103 ഇടവകകളിൽ നിന്നുള്ള വിധവകളുടെയും വിഭ്യാര്യ രുടെയും ഏകസ്ഥരുടെയും സംഗമമാണ് എറണാകുളം പാപ്പാളി ഹാളിൽ വച്ച് നടത്തപ്പെട്ടത്.ബിസിസി ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി അധ്യക്ഷത വഹിച്ച ചടങ്ങിൽ വരാപ്പുഴ അതിരൂപത മതബോധന ഡയറക്ടർ ഫാ. വിൻസന്റ് നടുവിലപറമ്പിൽ, എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി അഡ്വ. എൽസി ജോർജ്, എറണാകുളം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. യേശുദാസ് പറപ്പിള്ളി , സി എസ് എസ് സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ബെന്നി പാപ്പച്ചൻ, ജനറൽ കൺവീനർ ശ്രീ. നിക്സൻ വേണാട്ട് എന്നിവർ പ്രസംഗിച്ചു .സാമൂഹ്യ സേവനത്തിൽ ഭോപ്പാൽ സാംസ്സു യൂണിവേഴ്സിറ്റിയിൽ നിന്നും ഓണററി ഡോക്ടറേറ്റ് നേടിയ ശ്രീ. ജോബി തോമസിനെ അനുമോദിക്കുകയും ചെയ്തു.



*ജൂബിലി വർഷത്തിലെ വരാപ്പുഴ അതിരുപത കുടുംബയൂണിറ്റ് വനിതാ ഭാരവാഹി സംഗമം*
@ ആശിർഭവൻ.



*കെഎൽസിഎ നിൽപ്പ് സമരം സംഘടിപ്പിച്ചു*

ഗോശ്രീ പാലങ്ങളിലെ അതി രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുക എന്നാവശ്യപ്പെട്ടു കൊണ്ട് ജൂലൈ 28 ന് കെഎൽസിഎ വരാപ്പുഴ അതിരൂപത ബോൾ ഗാട്ടി ജംഗ്ഷനിൽ സംഘടിപ്പിച്ച നിൽപ്പ് സമരം കൊച്ചി കോർപ്പറേഷൻ മുൻ മേയർ ടോണി ചമ്മിണി ഉദ്ഘാടനം ചെയ്തു.വരാപ്പുഴ അതിരൂപത പ്രസിഡന്റ് സി.ജെ. പോൾ അധ്യക്ഷനായിരുന്നു. ഗോശ്രീ ഒന്നാം പാലത്തിന് സമാന്തര പാലം നിർമ്മിക്കുവാനുള്ള അടിയന്തര നടപടികൾ ഉടൻ സ്വീകരിക്കുക, രാവിലെയും വൈകിട്ടും തിരക്കുള്ള സമയത്ത് കണ്ടെയ്നർ ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക, അറ്റകുറ്റപ്പണിക്കായി അടച്ചിട്ടിരിക്കുന്ന രണ്ടാം പാലം തുറക്കുന്നതിനുള്ള അടിയന്തര നടപടികൾ ഉടൻ സ്വീകരിക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം. കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ.ഷെറി ജെ തോമസ്,അതിരൂപത ജനറൽ സെക്രട്ടറി റോയ് പാളയത്തിൽ, എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്, മുളവുകാട് പഞ്ചായത്ത് വൈസ് പ്രസിഡന്റ് റോസ് മാർട്ടിൻ, അതിരൂപത ട്രഷറർ എൻ.ജെ പൗലോസ്, വൈസ് പ്രസിഡന്റുമാരായ റോയ് ഡിക്കൂഞ്ഞ, ബാബു ആന്റണി, എം.എൻ ജോസഫ്,മേരി ജോർജ്,സെക്രട്ടറിമാരായ സിബി ജോയ്, വിൻസ് പെരിഞ്ചേരി, ഫില്ലി കാനപ്പിള്ളി, എക്സിക്യൂട്ടീവ് അംഗങ്ങളായ അഡ്വ ജിജോ കെ എസ്, മോളി ചാർളി, ആൽബിൻ ടി.എ, വൈപ്പിൻ മേഖല പ്രസിഡന്റ് ബെന്നറ്റ് കുറുപ്പ ശ്ശേരി,ബോൾഗാട്ടി യൂണിറ്റ് സെക്രട്ടറി ജെർസൺ എന്നിവർ പ്രസംഗിച്ചു

*മതസ്വാതന്ത്ര്യത്തെ വെല്ലുവിളിക്കുന്ന ആക്രമണങ്ങൾക്ക് എതിരെ വരാപ്പുഴ അതിരൂപത സി.എൽ.സി.*

ഛത്തീസ്ഗഢിൽ കന്യാസ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ വരാപ്പുഴ അതിരൂപത യുവജന സംഘടനയായ സി.എൽ.സി. കുടുംബം ശക്തമായ പ്രതിഷേധം നടത്തി. വരാപ്പുഴ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ ചേരാനല്ലൂർ സെന്റ് ജെയിംസ് ദേവാലയ ത്തിൽ 2025 ജൂലൈ 31 ന് നടന്ന പ്രതിഷേധത്തിൽ അതിരൂപത സി.എൽ.സി. എക സിക്യൂട്ടീവ് അംഗങ്ങളും മറ്റ് ഇടവകകളിൽ നിന്ന് വന്ന എല്ലാ സി.എൽ.സി. അംഗങ്ങളും പങ്കെടുത്തു. യുവജനങ്ങൾ “കന്യാസ്ത്രീകൾക്ക് നീതി വേണം”,



“സത്യത്തിന് ഞങ്ങളൊപ്പമുണ്ട്!” എന്നീ മുദ്രാവാക്യ ങ്ങൾ മുഴക്കുകയും അനീതിക്കെതിരായ സന്ദേശങ്ങൾ ഉയർത്തുകയും ചെയ്തു. ചേരാനല്ലൂർ സെന്റ് ജെയിംസ് ഇടവക സഹവികാരി ഫാ. എബിൻ വിവേര ഉദ്ഘാടനം നിർവഹിച്ചു. സേവനത്തിനായി ജീവിതം സമർപ്പിച്ച കന്യാസ്ത്രീകൾക്കെതിരായ അക്രമങ്ങൾ നാം ഒരിക്കലും അംഗീകരിക്കില്ല. ഇത് മതസ്വാതന്ത്ര്യ ത്തിനും മനുഷ്യാവകാശങ്ങൾക്കും നേരെയുള്ള വെല്ലുവിളി യാണ്.ക്രൈസ്തവ സമൂഹത്തെയും കന്യാസ്ത്രീകളെയും തളർത്താൻ ശ്രമിച്ചാൽ, യുവജനങ്ങൾ ശക്തമായി പ്രതികരിക്കുമെന്ന് വരാപ്പുഴ അതിരൂപത സി.എൽ.സി. പ്രസിഡണ്ട് അലൻ ടൈറ്റസ് പ്രസ്താവിച്ചു., ജനറൽ സെക്രട്ടറി ഡോണ ഏണസ്റ്റിൻ, ട്രഷറർ അമൽ മാർട്ടിൻ, ആനിമേറ്റർ സിസ്റ്റർ ടീന എന്നിവർ സംസാരിക്കുകയും “സമർപ്പിതജീവിതം നയിക്കുന്ന കന്യാസ്ത്രീകളെ അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്യുന്ന പ്രവണതകൾ ജനാധിപ ത്യത്തെയും മതസ്വാത ന്ത്ര്യത്തെയും വെല്ലുവിളിക്കു ന്നതാണെന്നും സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നും അഭിപ്രായപ്പെടുകയും ചെയ്തു. ക്രൈസ്തവ സമൂഹത്തിനെതിരെ തുടർന്ന് വരുന്ന അനീതികൾ ക്കെതിരെ ശക്തമായ നടപടി സ്വീകരി ക്കുന്നതുവരെ യുവജനങ്ങൾ ഇനിയും പ്രതികരി ക്കുമെന്ന് പറഞ്ഞു.പരിപാടിയിൽ സജീവമായി പങ്കാളികളായി.

## *ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ സംരക്ഷിക്കേണ്ടവർ തന്നെ അവയുടെ ധ്വംസകരാകുന്നത് ന്യായീകരിക്കാനാവില്ല: ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ*



ചത്തീസ്ഗഡിലെ കന്യാസ്ത്രീകൾക്ക് ജാമ്യം ലഭിച്ചതിൽ സന്തോഷമുണ്ടെങ്കിലും ഉത്തരേ ന്ത്യയിൽ പലയിടത്തും ക്രൈസ്തവരും മുസ്ലീം സഹോദരങ്ങളും ഇപ്പോഴും പീഡനങ്ങൾ അനുഭവി ക്കുകയാണെന്ന് വരാപ്പുഴ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തി പ്പറമ്പിൽ പറഞ്ഞു. ന്യൂനപക്ഷ ങ്ങൾക്ക് എതിരായി ചില കേന്ദ്രങ്ങളിൽ നിന്നുള്ള നീതിരഹിതമായ ആക്രമണങ്ങൾ ആവർത്തിക്കാ തിരിക്കാൻ ഭരണ കൂടങ്ങൾ നടപടികൾ സ്വീകരിക്കണമെന്നും സിസ്റ്റർ പ്രീതി മേരിക്കും സിസ്റ്റർ വന്ദന ഫ്രാൻസിസിനും എതിരായി രജിസ്റ്റർ ചെയ്തിട്ടുള്ള അന്യായമായ കേസുകൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് വരാപ്പുഴ അതിരൂപത സംഘടിപ്പിച്ച പ്രതിഷേ ധജാഥ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.എറണാകുളം ഹൈക്കോടതി ജംഗ്ഷനിൽ സി.റ്റി.സി. മദർ ജനറൽ സിസ്റ്റർ ഷാഹില യുടെ നേതൃത്വത്തിൽ സന്യസ്തർ കൈകളിലേന്തിയ പ്രതിഷേധ ദീപത്തിൽ  അഗ്നി പകർന്നു കൊണ്ട് പ്രതിഷേധ റാലി ആർച്ച് ബിഷപ്പ് ഉദ്ഘാടനം ചെയ്തു. വരാപ്പുഴ അതിരൂപതയിലെ അല്മായ സംഘടന പ്രസിഡന്റുമാർ പ്രതിഷേധ ജ്വാല ഏറ്റു വാങ്ങി രാജേന്ദ്ര മൈതാനിയിലുള്ള ഗാന്ധി സ്ക്വയ റിലേക്ക് പ്രതിഷേധ ജാഥ നയിച്ചു. അതിരൂപതയിലെ സന്ന്യസ്തർ, ഇടവക വൈദികർ, അല്മായർ എന്നിവർ റാലിയിൽ അണിനിരന്നു. രാജേന്ദ്രമൈ താനത്തെ ഗാന്ധി സ്ക്വയറിൽ നടന്ന സമാപന സമ്മേളനം വരാപ്പുഴ അതിരൂപത സഹായമെത്രാൻ ബിഷപ് ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്തു. കെഎൽസിഎ അതിരൂപത പ്രസിഡന്റ് സി.ജെ. പോൾ അധ്യക്ഷനായിരുന്നു. സി.എസ്. എസ്.റ്റി. പ്രോവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ നീലിമ ഭരണഘടനയുടെ ആമുഖം വായിച്ചു. കെ.ആർ.എൽ. സി.സി. ജനറൽ സെക്രട്ടറി റവ. ഡോ. ജിജു അറക്കത്തറ, കെഎൽസിഎ സംസ്ഥാന പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, ടി.ജെ. വിനോദ് എം. എൽ.എ, അല്മായ കമ്മീഷൻ അസോസിയേറ്റ് ഡയ റക്ടർ ഷാജി ജോർജ്, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, റോയ് പാളയത്തിൽ എന്നിവർ സംസാരിച്ചു.

## *വിശ്വാസ പരിശീലന കമ്മീഷൻ വാർത്തകൾ*

സുവിശേഷ ദീപ സംഗമം

വിശുദ്ധ മർക്കോസിന്റെ സുവിശേഷം സ്വന്തം കൈ പ്പടയിൽ എഴുതി തയ്യാറാക്കിയവരുടെ അതിരൂപതതല സംഗമം സെപ്റ്റംബർ 7 ഉച്ചകഴിഞ്ഞ് 2 മണിക്ക് വല്ലാർപാടം ബസിലിക്ക അങ്കണത്തിൽ നടക്കുന്നു.

## *ലോഗോസ് ക്വിസ് ഇടവകതല മത്സരം*

സെപ്റ്റംബർ 28ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് എല്ലാ ഇടവകകളിലും ലോഗോസ് ക്വിസ് പരീക്ഷ നടക്കുന്നു.

ടീച്ചേഴ്സ് ട്രെയിനിംഗ് സംഘടിപ്പിച്ചു

ഇടവകകളിൽ സേവനം ചെയ്യുന്ന പരിശീലനം ലഭിക്കാത്ത അധ്യാപകർക്കായി വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ സംഘടിപ്പിച്ച ഇന്റൻസീവ് ഫെയ്ത്ത് ഫോർമേഷൻ ട്രെയിനിങ് കോഴ്സ് കെ.ആർ.എൽ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. സ്റ്റീഫൻ തോമസ് ചാലക്കര ഉദ്ഘാടനം ചെയ്തു. രണ്ട് ദിവസങ്ങളിലായി ആശീർഭവനിൽ സംഘടിപ്പിച്ച കോഴ്സിൽ 160 അധ്യാപകർ പരിശീലനം നേടി. വിശ്വാസ പരിശീലന

# വാർത്തകൾ

NEWS

കമ്മീഷൻ ഡയറക്ടർ ഫാ. വിൻസെന്റ് നടുവിലപറമ്പിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

*നേത്ര പരിശോധനാ ക്യാമ്പ്*

എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ഇടപ്പള്ളി ഐ ഫൗണ്ടേഷൻ ആശുപ ത്രിയും സംയുക്തമായി സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് ചേന്നൂർ സെന്റ് ആന്റണീസ് ദേവാലയ ഹാളിൽ വെച്ച് നടത്തി. 91 പേരുടെ നേത്ര പരിശോധന നടത്തിയ പ്രസ്തുത ക്യാമ്പിൽ ഐ ഫൗണ്ടേഷൻ മാർക്കറ്റിംഗ് മാനേജർ പ്രഭാകരൻ അധ്യക്ഷ പദമലങ്കരിച്ചു. ഇ.എസ്. എസ്.എസ്. ഡയറക്ടർ റവ. ഫാ. ആന്റണി സിജൻ, വാർഡ് മെമ്പർ ഷീജ ജോസ്, പാരിഷ് കൗൺസിൽ സെക്രട്ടറി വർഗീസ് ലോറൻസ്, കേന്ദ്ര സമിതി ലീഡർ ആന്റണി അമ്പാട്ട് എന്നിവർ സന്നിഹിതരായിരുന്നു. ഹോസ്പിറ്റൽ മാനേജർ എയ്ജോ ജോസഫ്, ഇ.എസ്.എസ്.എസ്. സ്റ്റാഫ് ലിജി എന്നിവർ ക്യാമ്പിൽ സംസാരിച്ചു. കേന്ദ്ര സമിതി, ഇ.എസ്.എസ്.എസ്. സ്റ്റാഫ്, ഇന്റേൺസ് എന്നിവർ നേതൃത്വം വഹിച്ചു.

*ഏയ്ഞ്ചൽസ് മീറ്റ് സംഘടിപ്പിച്ചു*




വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷൻ സംഘടിപ്പിച്ച ഭിന്നശേഷി കുട്ടികളുടെ സംഗമം 'ഏഞ്ചൽസ് ഡേ' വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ബിഷപ്പ് ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്തു. വരാപ്പുഴ അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറുകണക്കിന് വിദ്യാർ ഥികൾ കലാപരിപാടികൾ വിവിധ അവതരിപ്പിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ കമ്മീഷൻ ഡയറക്ടർ നടുവിലപറമ്പിൽ അധ്യക്ഷ നായിരുന്നു. വാടകയിൽ കരുണ സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ വിമൽ ഗ്രേസ്, കമ്മീഷൻ സെക്ര ട്ടറി ജോസ് ഡിക്സൺ, മാനേജർ ജോസ് എൻ.വി. എന്നിവർ പ്രസംഗിച്ചു. സംഗമത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും ബിഷപ്പ് സമ്മാനങ്ങൾ വിതരണം ചെയ്തു.

*ഒഴിഞ്ഞ കല്ലറ - പ്രാർഥനാ മാലിക*

പ്രിയപ്പെട്ടവരുടെ വിയോഗ വേളകളിൽ അവർക്കു




വേണ്ടി പ്രാർത്ഥിക്കുവാനും, അതുവഴി കുടും ബാംഗങ്ങൾക്ക് ആത്മീയശക്തി ലഭിക്കുന്നതിനുമായി 'ഒഴിഞ്ഞ കല്ലറ' എന്ന പേരിൽ ഒരു പ്രാർത്ഥനാ മാലിക. റോമൻ കത്തോലിക്കാസഭയുടെ (ലത്തീൻ റീത്ത്) ഒപ്പീസ് ഭക്തിസാന്ദ്രമായ പാട്ടു രൂപത്തിലും, ജപമാലകളും, പത്ത് സങ്കീർത്തനങ്ങളും, മറ്റു പ്രാർത്ഥനകളും ഉൾപ്പെടുന്നതാണ് ഈ പ്രാർത്ഥനാ മാലിക. നാലര മണിക്കൂറാണ് ഇതിന്റെ ദൈർഘ്യം. പൊറ്റക്കുഴി ലിറ്റിൽ ഫ്ളവർ ഇടവക വികാരി റവ. ഫാ. പാട്രിക് ഇലവുങ്കലിന്റെ ആശീർ വാദത്തോടെ ആരംഭിച്ച ഇതിന്റെ പ്രവർത്തനം, ദീർഘനാളത്തെ പരിശ്രമങ്ങൾക്കൊടുവിൽ ആഗസ്റ്റ് മൂന്നാം തീയതി ലൂർദ് ആശുപത്രി അസിസ്റ്റൻറ് ഡയറക്ടർ ഫാ. സെബി വിക്ടർ തുണ്ടിപറമ്പിൽ 'ഒഴിഞ്ഞ കല്ലറ' എന്ന പ്രാർത്ഥനാ മാലികയുടെ ഓഡിയോ ഇടവക സഹവികാരി ഫാ. റെനിൽ തോമസ് ഇട്ടിക്കുന്നത്തിന് നല്കി പ്രകാശനം നിർവഹിച്ചു. റവ. ഡോക്ടർ ജോഷി മയ്യാറ്റിലച്ചന്റെ ആത്മീയ ഉപദേശത്തിലൂടെ സെന്റ് അൽഫോൻസാ കുടുംബ യൂണിറ്റ് പ്രസിഡന്റ് ബൈജു കുറ്റിക്കാട്ടിന്റെ നേതൃത്വത്തിലാണ് പ്രാർത്ഥനാ മാലിക തയ്യാറാക്കിയത്.പാടിയവർ: ഫാ. സെബി വിക്ടർ തുണ്ടിപറമ്പിൽ, ഫ്രാൻസീസ് അന്റോണിയോ, ജെയിംസ് പറയന്തറ, മേരി ജോസഫ്, സോഫി അരുൺ, ലിനറ്റ് റോസ്. സംഗീതം: ഫ്രാൻസീസ് അന്റോണിയോ നിർവഹിച്ചിരിക്കുന്നു. കീബോർഡ്: പി.എക്സ്. പീറ്റർ പെന്നുരുന്നി, റിക്കോർഡിങ്ങും എഡിറ്റിങ്ങും ശ്രീകുമാർ ടി. വെണ്ണലയും ആണ്.'ഒഴിഞ്ഞ കല്ലറ' യുടെ ഓഡിയോ പെൻ ഡ്രൈവിലാണ് ലഭിക്കുക. താല്പര്യമുള്ളവർ ബൈജു കുറ്റിക്കാട്ടിനെ സമീപിക്കുക. ഫോൺ : 9895562429.



**അഭിനന്ദനങ്ങൾ** എറണാകുളം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഷാജി ജോർജിന് അഭിനന്ദനങ്ങൾ! ആശംസകൾ!

# വാർത്തകൾ

NEWS

*സ്വർണ്ണ മെഡൽ നേടി*



വരാപ്പുഴ അതിരൂപത ചളിക്കവട്ടം ശാന്തിനഗർ സെൻറ്. സെബാസ്റ്റ്യൻ ഇടവകാംഗമായ ശ്രീ. ശ്രേയസ് ജോർജ്ജ് ആദപ്പിള്ളി വിയറ്റ്നാമിൽ വച്ച് നടന്ന ഏഷ്യൻ രാജ്യ ങ്ങളുടെ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് സീനിയർ വിഭാഗം മത്സരത്തിൽ പങ്കെടുത്ത് സ്വർണ്ണ മെഡൽ നേടി. ഡിസംബറിൽ റഷ്യയിൽ വച്ച് നടക്കുന്ന വേൾഡ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ യോഗ്യതയും നേടി.

*കെ. എ. ആൻസണന് മുഖ്യമന്ത്രിയുടെ 2025ലെ പോലീസ് മെഡൽ*

സംസ്ഥാന പോലീസ് സേനയിലെ ഉദ്യോഗസ്ഥർക്ക് അവ രുടെ സേവനത്തിന്റെയും സമർപ്പണത്തിന്റെയും പ്രതി ബദ്ധതയുടെയും



മികവിൽ നൽകുന്ന മുഖ്യമന്ത്രിയുടെ 2025 ലെ പോലീസ് മെഡലിന് കെ എ പി യിലെ അസി. കമാൻഡന്റ് കെ.എ ആൻസന് ലഭിച്ചിരിക്കുന്നു. ഇന്ത്യയിലെ മികച്ച ഫുട്ബോൾ കളിക്കാ രൻ കൂടിയാണ് ആൻസൻ . കേരള പോലീസ്, എഫ് സി കൊച്ചിൻ, ഇന്ത്യൻ ടീമുകളിൽ, ആൻസൻ തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്.വരാപ്പുഴ അതിരൂപതയിൽ കെആർഎൽ സിസി യുടെ ആഭിമുഖ്യത്തിലുള്ള ലീഫിന്റെ നേതൃത്വത്തിലും പ്രവർത്തിക്കുന്നു. 'മാമംഗലം മൗണ്ട് കാർമൽ ഇടവക അംഗമാണ് ആൻസൻ .




ആശിസ് സൂപ്പർ മെർക്കത്തോയുടെ പുതിയ സംരംഭമായ ആശിസ് ഡ്രിങ്കിംഗ് മിനറൽ വാട്ടറിന്റെ വിതരണോദ്ഘാടനം വരാപ്പുഴ അതിരൂ പതാ മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, ഫാ. ആന്റണി റാഫേൽ കൊമരംചാത്തിന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു.



ഡോ. വിൻസെന്റ് വാര്യത്ത്

ഓരോ ക്രിസ്ത്യാനിയും പ്രത്യാശ യുടെ തീർത്ഥയാത്ര നടത്തുന്നയാ ളാണ്. തീർത്ഥാടനം എന്ന് സൂചി പ്പിക്കുന്ന ഹീബ്രുപദം 'അലിയാഹ് ലെരേഗൽ' (Aliyah laregel) എന്ന പദമാണ്. ഈ പദത്തിന്റെ അർത്ഥം ഉന്നതങ്ങളിലേക്കുള്ള കാൽനട യാത്ര എന്നാണ്. ഇത് തന്നെയാണ് തീർത്ഥാടനത്തിന്റെ യഥാർത്ഥ അർത്ഥവും. കാൽനടയായി സഞ്ച രിക്കുന്നതിന്റെ അർത്ഥം ദൈവ ത്തിൽ മാത്രം ആശ്രയിച്ച് മറ്റെല്ലാം ഉപേക്ഷിച്ചുള്ള നടത്തമെന്നാണ്. ഉന്നതങ്ങളിലേക്ക് എന്ന് അർത്ഥമാ ക്കുന്നത് ദൈവാനുഭവത്തിലേക്ക്, ദൈവ ഐക്യത്തിലേക്കുള്ള യാത്ര എന്ന് തന്നെയാണ്. നമ്മളെല്ലാ വരും ദൈവവുമായി ഒന്നുചേരാൻ വേണ്ടി യാത്ര നടത്തുന്നവരാണ്. ഓരോ ദിവസവും അതുകൊണ്ട് തീർത്ഥാടനം തന്നെയാണ്! യഹൂദർക്ക് വർഷത്തിൽ മൂന്നുത വണ ജറുസലേമിൽ തീർത്ഥാടനം നടത്തുവാനുള്ള കടമ ഉണ്ടായിരു ന്നു. പെസഹ, ആഴ്ചകളുടെ പെരു ന്നാൾ, കൂടാരപ്പെരുന്നാൾ എന്നിവ യിലാണ് ഓരോ യഹൂദനും നിർബ ന്ധപൂർവ്വം പങ്കെടുക്കേണ്ടിയിരുന്ന ത്. ഈ തീർത്ഥയാത്രകൾ തുടങ്ങു ന്നത് ഒരു കുഞ്ഞ് ജനിച്ച് നാല്പതാം ദിവസം ദൈവാലയ ത്തിൽ ശുദ്ധീകരണത്തിനും സമർപ്പണത്തിനും ആയി കൊണ്ടു വരുന്നത് തുടങ്ങിയതാണ്. ഇന്നത്തെ വചനഭാഗം തരുന്ന വിചിന്തന വിഷയം യേശുവിന്റെ മാതാപിതാക്കളോടൊപ്പമുള്ള

# തീർത്ഥാടനത്തിന്റെ അർത്ഥം

വി. ലൂക്കാ 2, 41-52

തീർത്ഥയാത്ര തന്നെയാണ്. ഒരു തീർത്ഥയാത്രയിൽ ഉണ്ടാകേണ്ട മൂന്ന് ഘടകങ്ങൾ ഈ സുവിശേഷം കൃത്യമായി കാണിച്ചു തരുന്നുണ്ട്.

1. **ദൈവത്തിനുള്ള സമർപ്പണം**

വി. ലൂക്ക 20: 24-40 ൽ ഉണ്ണീശോയെ മാതാപിതാക്കൾ ദൈവാലയത്തിൽ സമർപ്പിക്കുന്ന രംഗം കാണുന്നു. ഓരോ ദിവസവും ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് വേണം നമ്മൾ ദിവസം തുടങ്ങാൻ. ദൈവാലയത്തിലെ സമർപ്പണം മൊത്തത്തിലുള്ള സമർപ്പണത്തിന്റെ ഒരു പ്രതീകമാണ്. പണ്ട് ഓരോ വീട്ടിലും ഉണ്ടാവുന്ന ആദ്യഫലങ്ങൾ പള്ളിയിൽ കൊണ്ടുപോയി സമർപ്പിക്കുന്ന സുന്ദരമായ ഒരു പാരമ്പര്യം ഉണ്ടായിരുന്നു. നമ്മുടെ ജീവിതം ദൈവത്തിന് സമർപ്പിതം ആണ് എന്നതിന്റെ ഒരു ഓർമ്മപ്പെടുത്തൽ ആയിരുന്നു അത്.

2. **ദൈവവചനത്തിന് കാതോർക്കൽ**

യേശു ദൈവാലയത്തിൽ ഉപാധ്യായന്മാരുടെ ഇടയിലിരുന്ന് അവർ പറയുന്നത് കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ആയിരുന്നു. നമ്മുടെ കുഞ്ഞുങ്ങൾ ആദ്യം അറിയേണ്ടത് ദൈവത്തെയാണ്. ദൈവവചനമാണ് അവരെ വഴിനടത്തേണ്ടത്. വീട്ടിൽ തുടങ്ങുന്ന വേദോപദേശം, സൺഡേ ക്ലാസുകളിലും ജീവിതത്തിലുടനീളവും തുടരണം. കാരണം മറ്റെല്ലാ അറിവിനേക്കാളും പ്രധാനപ്പെട്ടതാണ് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം. ആ ജ്ഞാനത്തിലാണ് ഒരാൾ വളരേണ്ടത്.



3. **ദൈവത്തിൽ അലിഞ്ഞുചേരൽ**

ഉണ്ണീശോ പള്ളിയിൽ അപ്രത്യക്ഷനായി എന്നുള്ളത് ഒരു പ്രതീകം ആയിട്ട് ധ്യാനിക്കുക. പോപ്പ് ഫ്രാൻസിസ് ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് യുവാക്കളോട് പറഞ്ഞു, ദൈവത്തിൽ അപ്രത്യക്ഷരായി മാറുക. മറ്റൊന്നിലുമല്ല അലിഞ്ഞ് ഇല്ലാതാകേണ്ടത് ദൈവത്തിലാണ്. നമ്മുടെ ആത്യന്തിക ലക്ഷ്യവും അതുതന്നെയാണ്. ദൈവത്തിൽ അലിഞ്ഞു ഒന്നായി ചേരണം. ഇടക്കിടക്ക് നമ്മൾ നടത്തുന്ന തീർത്ഥാടനങ്ങൾ തീർച്ചയായും നല്ലതാണ്. വിശ്വാസത്തെ ശക്തിപ്പെടുത്താൻ അവ ഉപകരിക്കും. എന്നാൽ ഈ തീർത്ഥാടനങ്ങൾ നടത്തുമ്പോഴും ഓർക്കണം ഓരോ ക്രിസ്ത്യാനിയും ഓരോ ദിനവും വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തീർത്ഥാടനം ആക്കി മാറ്റണം. ഓരോ ദിവസവും സ്വയം ദൈവത്തിനു സമർപ്പിക്കണം. ഓരോ ദിവസവും ദൈവത്തിന്റെ വചനത്തിന് കാതോർക്കണം. വചനാനുസരണം ജീവിക്കണം. അവസാനം സ്വർഗ്ഗത്തിൽ ദൈവവും ആയിട്ട് പൂർണ്ണമായിട്ടും ഒന്നുചേരണം. ഈ അടിസ്ഥാന കാര്യങ്ങൾ നമുക്ക് ഓർത്തെടുക്കാം. വി. പത്രോസ് അപ്പോസ്തലൻ നമ്മെ ഓർമ്മപ്പെടുത്തുന്നത് നമ്മൾ ഈ ലോകത്ത് പരദേശികളും തീർത്ഥാടകരും ആണ് (1. പത്രോ 2:11) എന്നാണ്. വി. പൗലോസ് അപ്പോസ്തലൻ ഓർമ്മപ്പെടുത്തുന്നതും നമ്മൾ സ്വർഗത്തിലെ പൗരന്മാരാണ് (ഫിലി. 3:20) എന്ന് തന്നെ. ഈ ചിന്തയോടെ വേണം നമ്മുടെ സാധാരണ ജീവിതത്തിന്റെ തീർത്ഥാടനത്തെ നമ്മൾ സമീപിക്കേണ്ടത്.

**ചോദ്യങ്ങൾ**

*1.വി. ഗ്രന്ഥം അനുസരിച്ചു തീർത്ഥയാത്രയുടെ അർത്ഥം എന്ത്?*

*2.തീർത്ഥയാത്രയുടെ മൂന്ന് ഘടകങ്ങൾ ഏവ?*



# മൂന്നു ചുവട്

പിൻമൊഴി

മറവിയുടെ നാടകവേദിയിത് ജനാധിപത്യം:
മുഖ്യനായകർ പ്രച്ഛന്നവേഷക്കാർ,
കാണികളോ മൗനപ്രജകൾ, കുള്ളന്മാർ,
ശിക്കാരികൾ, ധർമസമരത്തിൽ ബലിഷ്ഠർ;
ചുവടൊന്നുണ്ട്, തിരിച്ചറിയൽ കാർഡ്,
ചൂണ്ടുവിരലിൽ തുള്ളിമഷിയും.

വ്യാജദേവന്മാർ കപടഭാവത്തിൽ തൊഴുത്
വോട്ട് പ്രസാദം വീണ്ടും യാചിക്കുന്നു.
പ്രചാരണ രാത്രികളിൽ, കലാശക്കൊട്ടിൽ
പ്രതീക്ഷകളുണർത്തി കസേരവരം നേടുന്നു;
വാഗ്ദാന വർണമഴയിൽ മയങ്ങിമനസുലഞ്ഞവരെ
രാക്ഷസാകാരംപൂണ്ട് വിറപ്പിക്കുന്നു.

കാട്കയറുന്ന ദീനർക്ക് മുകളിലൂടെ പറക്കുന്നു:
കഴുകൻനിഴലുകൾ കീഴിൽ ഇഴയുന്നു.
അറിവിന്റെ വാതിലിനു പകരം വഞ്ചനാഹർമ്യങ്ങളും
കാരാഗൃഹങ്ങളും തുറക്കുന്നു:
ത്രിവർണ സ്വതന്ത്ര സ്വപ്നങ്ങളുമായ് പിറന്നവനെ
ചുവപ്പുനാടയിൽ ദഹനബലിയാക്കുന്നു.

ഭൂമിയുടെ അവകാശികൾക്ക്മേൽ
നിയമത്തിന്റെ പ്രഥമ കാല്ചുവട്:
ആകാശം തേടിയവർക്ക്
തീരാകൊതിയുടെ ദ്വിതീയ പാദാഘാതം:
ആത്മതോഴർക്ക് വെറുപ്പിന്റെ
അമ്പത്തിയൊന്ന് ചോരച്ചുവട്.




**ഫാ. സാബു**
**നെടുനിലത്ത്**


നിസ്വനും നിസാരനും നിരാശ്രയനും
മാവേലിനാട്ടിൽ സന്തോഷമായിരുന്നു:
മൂന്നു ചുവടിനു വിധികൊടുത്ത് ബലിയായ്
സിംഹാസനം പോയ പുരാവൃത്തം
വിസ്മൃതിയിൽ നിന്ന്
വർഷത്തിലൊരിക്കലെങ്കിലും
ഉയിർകൊള്ളാറുണ്ട്.

പ്രജകളേ, ഐതീഹ്യത്തിൽനിന്നും
വാമനമൂർത്തിയായ് ഉയിർത്തെഴുന്നേല്ക്കുക!
മൂന്ന് ചുവട് ഇരന്നു വാങ്ങുക,
അളന്നെടുക്കാൻ പാദമുദ്രകൾ വിസ്തൃതമാക്കുക;
അസുരന്മാർക്ക് പാതാളം നിവേദിച്ച്
മണ്ണും വിണ്ണും പ്രാണനും വീണ്ടെടുക്കുക.
ചുവടുകളിൽ ഒന്ന്, ഭൂമിക്ക്,
വയലിനെ പുഷ്ക്കലമാക്കുവാൻ;
രണ്ട്, ആകാശത്തിന്,
വിശപ്പിനും വെറുപ്പിനും മീതേ നടക്കുവാൻ;
മൂന്ന്, കൂടപ്പിറപ്പിന്,
ഒപ്പംനടന്ന് ഹൃദയഭൂപടം മാറ്റിവരക്കാൻ!


ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004

## പോണേക്കര
## പരിശുദ്ധ ആരോഗ്യമാതാ ദേവാലയത്തിൽ

# പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ



**2025 സെപ്റ്റംബർ 6,7,8**
**ശനി, ഞായർ, തിങ്കൾ തീയതികളിൽ**

**നവനാൾ നൊവേന 2025**
**ആഗസ്റ്റ് 28 മുതൽ സെപ്റ്റംബർ 5 വരെ**
ആഗസ്റ്റ് 29 30 31 (വെള്ളി ശനി ഞായർ) **മരിയൻ ധ്യാനം**
നയിക്കുന്നത് **റവ. ഫാ. പീറ്റർ അമ്പലത്തിങ്കൽ** (ഡയറക്ടർ ആവിലഭവൻ)

**നവനാൾ നൊവേന**
വൈകീട്ട് 5.30 ന് : ദിവ്യബലി, നൊവേന, ആരാധന
ധ്യാന ദിവസങ്ങളിൽ : ആഗസ്റ്റ് 29,30, 31 (വെള്ളി, ശനി, ഞായർ)
വൈകീട്ട് 5.30 ന് : ദിവ്യബലി, നൊവേന, ധ്യാനം, ആരാധന

## തിരുനാൾ ദിനങ്ങൾ

**2025 സെപ്റ്റംബർ 6,7,8**

**2025 സെപ്റ്റംബർ 6 ശനി**

വൈകീട്ട് 4.30 ന് : **പ്രസുദേന്തി വാഴ്ച**
5.30 ന് : **തിരുനാൾ കൊടികയറ്റം**
വെരി : റവ: മോൺ: മാത്യു ഇലഞ്ഞിമറ്റം
(വികാർ ജനറൽ, വരാപ്പുഴ അതിരൂപത)
തുടർന്ന് : **ആഘോഷമായ ദിവ്യബലി**
വചന സന്ദേശം : റവ: ഡോ: ആന്റണി സിജൻ മണുവേലിപ്പറമ്പിൽ,
(ഡയറക്ടർ E.S.S)
കാഴ്ചവെയ്പ്പ് : പ്രസുദേന്തിമാരുടെ കുടുംബാംഗങ്ങൾ

**2025 സെപ്റ്റംബർ 7 ഞായർ**

വൈകീട്ട് 5.30 ന് : **തിരുസ്വരൂപം എടുത്തുവെയ്ക്കൽ**
തുടർന്ന് : **ആഘോഷമായ ദിവ്യബലി**
മുഖ്യകാർമ്മികൻ & വചന സന്ദേശം : റവ: ഫാ. നെൽസൺ ജോബ്, കളപ്പുരയ്ക്കൽ
കാഴ്ചവെയ്പ്പ് : ദേവാലയ ശുശ്രൂഷകർ

## തിരുനാൾ ദിനം

**8.09.2025 തിങ്കൾ**

വൈകീട്ട് 5.30 ന് : **അഭിവന്ദ്യ പിതാവിന് സ്വീകരണം**
തുടർന്ന് : ആഘോഷമായ **തിരുനാൾ ദിവ്യബലി**
മുഖ്യകാർമ്മികൻ : **റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
(കോട്ടപ്പുറം രൂപതാ മെത്രാൻ)
വചന സന്ദേശം : റവ: ഫാ: ആന്റണി റാഫേൽ കൊമരംഞ്ചാത്ത്
(P.R.O ലൂർദ്ദ് ഹോസ്പിറ്റൽ എറണാകുളം)
കാഴ്ചവെയ്പ്പ് : തിരുനാൾ പ്രസുദേന്തിമാർ
തുടർന്ന് : **പ്രദക്ഷിണം**
**സ്നേഹവിരുന്ന്**


ROYAL OMANIA
travel 100%
31 GOLDEN YEARS
ആഗോള കത്തോലിക്ക സഭയുടെ ജൂബിലി നിറവിൽ
15 ദിവസത്തെ
യൂറോപ്പ് യാത്ര
• ITALY • VATICAN • SWITZERLAND • FRANCE • SPAIN • PORTUGAL •
ലൂർദ് ഹോസ്പിറ്റൽ അസ്സോസിയേറ്റ് ഡയറക്ടർ
വിമൽ ഫ്രാൻസിസ് അച്ചന്റെ
ആത്മീയ നേതൃത്വത്തിൽ
14TH OCTOBER 2025
13 SEP & 02 OCT
HOLYLAND Tour
For Bookings Contact
+91 94470 20044
+91 93496 65506